## എഡിറ്റോറിയൽ

# ജീവിതത്തിന്റെ കേന്ദ്രത്തിൽ എന്താണുള്ളത്?



**ക്രി**സ്തീയതയുടെ കേന്ദ്രം എന്താണ്? അത് ആചാരങ്ങളാണോ നടപടിക്രമങ്ങളാണോ ഉപദേശരൂപങ്ങളാണോ? അല്ല. ഇതൊന്നുമല്ല. ക്രിസ്തീയതയുടെ കേന്ദ്രം യേശുവാണ്.

ക്രിസ്തീയതയുടെ കാതൽ ഒരു വ്യക്തിയാണെങ്കിൽ, ആ വ്യക്തിയോടുള്ള-യേശുവിനോടുള്ള-വളരെ അടുത്തബന്ധമല്ലേ യഥാർത്ഥക്രിസ്തീയതയെ ഉന്നം വയ്ക്കുന്ന ആരും തെരയേണ്ടത്? തീർച്ചയായും അതെ. എന്നാൽ ഇന്നോ? യേശുവിനു ജീവിതത്തിൽ കേന്ദ്രസ്ഥാനം നൽകിയിട്ടില്ലാത്ത ക്രിസ്ത്യാനികൾ! യേശുവിൽനിന്ന് ആയിരം കാതം അകലെ നിൽക്കുന്ന ക്രിസ്തു മതം!!-ഇതാണ് ഇന്നത്തെ അവസ്ഥ.

യേശുവിന്റെ പേരിലാണ് ക്രൈസ്തവമതം പടുത്തുയർത്തിയിരിക്കുന്നത്. എന്നാൽ യേശുവിന്, അവിടുന്നു മുന്നോട്ടുവച്ച ജീവിതപ്രമാണങ്ങൾക്ക്, ആദർശങ്ങൾക്ക് ഇന്ന് അവിടെ എന്തുസ്ഥാനമാണുള്ളത്? യേശുയഥാർത്ഥത്തിൽ ഇന്നു സംഘടിതക്രൈസ്തവമതത്തിനു പുറത്താണെന്നതല്ലേ വാസ്തവം?

ലോകപ്രശസ്ത റഷ്യൻ സാഹിത്യകാരൻ ദസ്തയോവസ്കിയുടെ എക്കാലത്തേയും വലിയ ക്ലാസ്സിക്കായ 'ബ്രദേഴ്സ്കാരമസോവി'ലെ ഒരു ദൃഷ്ടാന്തകഥ ഓർത്തുപോകുന്നു. അന്നത്തെ ക്രൈസ്തവമതത്തിന്റെ സ്ഥാപിതതാത്പര്യങ്ങൾക്ക് എതിരായി യേശുവുമായി വ്യക്തിപരമായ അടുപ്പവും ഭക്തിയും പുലർത്തുന്നവരെ തെരഞ്ഞുപിടിച്ച് മതദ്രോഹവിചാരണനടത്തി അവരെ തുറങ്കലിലടയ്ക്കുകയോ കൊല്ലുകയോ ചെയ്ത് പള്ളിമതം അധികാരത്തോടെ വാഴുന്നകാലം. അന്നൊരിക്കൽ യേശു രണ്ടായിരംവർഷംമുമ്പെന്നപോലെ ആ തെരുവിലൂടെ നടന്നുവന്നു. ആയിരത്തിലൊരുവനായി, സഹജമായ ലാളിത്യത്തോടെ. ആരും അവനെ തിരിച്ചറിയുമായിരുന്നില്ല. എന്നാൽ മതദ്രോഹവിചാരണയ്ക്കു നേതൃത്വം നൽകുന്ന കർദ്ദിനാൾ ദൈന്യമായ ആ രൂപത്തെ തിരിച്ചറിഞ്ഞു. തെളിഞ്ഞ നീലാകാശംപോലെ നിഷ്കപടമായ ആ കണ്ണുകളിൽ നിന്ന് യേശുവാണതെന്ന് അയാൾ വായിച്ചെടുത്തു. ക്രിസ്തീയമതത്തിന് ഒട്ടേറെ താത്പര്യങ്ങൾ സംരക്ഷിക്കാനുള്ളപ്പോൾ യേശുസ്വതന്ത്രനായി തെരുവിലൂടെ സഞ്ചരിച്ചാലുള്ള അപകടം മനസ്സിലാക്കിയ കർദ്ദിനാൾ കൈയോടെ യേശുവിനെ പിടികൂടി തുറങ്കലിലടയക്കുന്നു. പിന്നീടയാൾ യേശുവിനെയും വിചാരണയ്ക്കു വിധേയനാക്കുന്നു....

കർദ്ദിനാളിന്റെ അഭിപ്രായത്തിൽ യേശു ചെയ്ത തെറ്റുകൾ മൂന്നാണ്. പരസ്യശുശ്രൂഷയ്ക്കിറങ്ങുന്നതിനു തൊട്ടുമുൻപ് മരുഭൂമിയിൽ പിശാച് യേശുവിനെ പരീക്ഷിക്കുമ്പോൾ മൂന്നു പ്രലോഭനങ്ങളാണ് അവൻ മുന്നോട്ടുവച്ചത്. കല്ലിനെ അപ്പമാക്കിത്തീർത്ത് ആളുകളുടെ അംഗീകാരവും ആദരവും നേടാൻ പിശാച് ആവശ്യപ്പെട്ടു. യേശു അതു നിരസിച്ചു. രണ്ടാമത് തന്നെ നമസ്ക്കരിച്ച് ഈ മുഴുലോകത്തിന്റെ അധികാരവും മഹത്വവും കയ്യാളാൻ പിശാച് യേശുവിനെ പ്രലോഭിപ്പിച്ചു. യേശു അതിനും വിസ്സമ്മതിച്ചു. അടുത്തതായി ഗോപുരാഗ്രത്തിൽ നിന്നു താഴോട്ടു ചാടി ഒരപകടവും പറ്റാതെ നിന്ന് ആളുകളുടെ അത്ഭുതാദരങ്ങൾക്കു പാത്രമാവാൻ പിശാച് യേശുവിനെ പരീക്ഷിച്ചു. യേശു അതും നിഷേധിച്ചു.


കർദ്ദിനാളിന്റെ അഭിപ്രായത്തിൽ യേശു ഈ മൂന്നു കാര്യങ്ങളും സ്വീകരിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്തിരുന്നെങ്കിൽ രഹസ്യം, അധികാരം, അത്ഭുതം എന്നിവയെല്ലാം യേശുവിനു കയ്യടക്കാമായിരുന്നു. കല്ലിനെ അപ്പമാക്കുന്ന രഹസ്യവും ഗോപുരാഗ്രത്തിൽനിന്നു നിരപായം ചാടുന്ന അത്ഭുതവും മുഴുവൻ ലോകത്തിന്റെയും അധികാരം കൈയാളുന്ന മഹത്വും യേശുവിനു സ്വന്തമാണെന്നു മറ്റുള്ളവർക്കു മനസ്സിലാകുമായിരുന്നു. രഹസ്യത്തിന്റെയും അത്ഭുതത്തിന്റെയും അധികാരത്തിന്റെയും താക്കോൽ കയ്യിലുള്ളവനായി യേശുവിനു തന്റെ വ്യക്തിപ്രഭാവത്തിനുകീഴിൽ ജനമനസ്സുകളെ മുഴുവൻ തളച്ചിടാമായിരുന്നു. പക്ഷേ യേശു ഈ സാധ്യത എല്ലാം നഷ്ടപ്പെടുത്തി. ആളുകളുടെ സ്വാതന്ത്ര്യത്തെ മാനിച്ചു. ഇതാണു കർദ്ദിനാളിന്റെ നോട്ടത്തിൽ യേശു ചെയ്ത കുറ്റം. "പക്ഷേ നീ കാണിച്ച മടയത്തരം ഞങ്ങൾ ചെയ്തില്ല ഞങ്ങൾ അത്ഭുതവും രഹസ്യവും അധികാരവും മതത്തിന്റെ ഭാഗമാക്കി. ജനങ്ങളെ മുഴുവൻ ഞങ്ങളുടെ ചൊൽപ്പടിയിലാക്കി" കർദ്ദിനാൾ വിജയോന്മാദത്തോടെ ആക്രോശിച്ചു.

നോക്കുക: യേശുവിന്റെ പേരിൽ പടുത്തുയർത്തിയ പള്ളിമതം ഒരുവഴിക്ക്. യേശു മറ്റൊരു വഴിക്ക്. ഇവിടെ യഥാർത്ഥആത്മീയതയെ പിൻതുടരുന്നവർ മതത്തിന്റെ ചട്ടക്കൂടുകൾക്ക് അപ്പുറത്ത്, പാളയത്തിനുപുറത്ത്, യേശുവിനെ വ്യക്തിപരമായി അനുഗമിക്കും.

യേശുവിനോടുള്ള വ്യക്തിപരമായ ഈ അടുപ്പത്തെ പൗലൊസ് മനോഹരമായ ഒരു പ്രയോഗം കൊണ്ട് ഇങ്ങനെ വിശദീകരിച്ചിട്ടുണ്ട്-ലളിതമായ നിർമ്മലമായ ഭക്തി (Simple and pure devotion. 2 Corin. 11:3). പള്ളിമതത്തിനു പുറത്ത് യേശുവിനെ വ്യക്തിപമായി അറിയുകയും അനുഗമിക്കുകയും ചെയ്യുന്നു എന്നവകാശപ്പെടുന്ന സുവിശേഷവിഹിത ക്രിസ്ത്യാനികൾക്കും ഇന്ന് യേശുവിനോട് ഈ നിലയിൽ ബന്ധവും സ്പർശ്യതയും നിലനിർത്താൻ കഴിയുന്നുണ്ടോ?

യേശുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിന്റെ ആരംഭം വീണ്ടുംജനനത്തിൽ നിന്നാണല്ലോ. തന്റേതായ ഇഷ്ടത്തിനും സ്വന്തവഴിക്കും പോയിരുന്നവർ നേരേ 180 ഡിഗ്രി തിരിഞ്ഞ് 'ദൈവത്തിങ്കലേക്കുള്ള മാനസാന്തര'ത്തിലേക്കു വരുന്ന തുടക്കമാണത്. വ്യക്തിപരമായി യേശുവിനെ ജീവിതത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്ന രംഗം. പക്ഷേ ഈ നിലയിൽ യേശുവിനു ജീവിതത്തിൽ ഒന്നാംസ്ഥാനംനൽകി ജീവിതത്തിന്റെ മുഴുവൻ ദിശയും മാറുന്ന ഒരു കാര്യം ഇന്നു 'ജനപ്രിയസുവിശേഷം' വിഭാവനചെയ്യുന്നുണ്ടോ? പലതിന്റെകൂട്ടത്തിൽ യേശുവിനേയും ഒന്നു പരീക്ഷിച്ചു നോക്കാനും യേശുവിനും കൂടി ഒരു സ്ഥാനം നൽകാനുമാണ് അത് ജനങ്ങളോടിന്ന് ആവശ്യപ്പെടുന്നത്. ഫലം 'യേശുതന്നെ ഏകകർത്താവ്' എന്ന അനുഭവം ഇന്ന് ജനത്തിന് അന്യമാകുന്നു.

ഉപദേശങ്ങൾക്കു നൽകുന്ന അമിതപ്രാധാന്യവും ആളുകളുടെ ദൃഷ്ടി യേശുവിൽ നിന്നു മാറിപ്പോകുവാൻ ഇടയാക്കുന്നു. ഉപദേശങ്ങൾ നല്ലതാണ്. ആവശ്യമാണ്. എന്നാൽ അത് യേശുവിനോടുള്ള ലളിതവും സുതാര്യവുമായ അടുപ്പത്തിനു പകരം ആകുന്നില്ല എന്നോർക്കണം. യേശു തന്നെ പറഞ്ഞ ഒരു വചനം ഇവിടെ



(ശേഷം പേജ് 30 ൽ)

ചിന്തയ്ക്ക്

# ദൈവത്തിൽ കേന്ദ്രീകൃതമായ ജീവിതം



**വ്യാജസുവിശേഷം പ്രസംഗിക്കുന്നിടത്ത് വലിയ പുരുഷാരം കടന്നുവരികയും പലരും ജീവനിലേക്ക് നയിക്കുന്നതെന്ന് തെറ്റിദ്ധരിച്ച് വിശാലമായ വഴിയേ നടക്കാൻ തുടങ്ങുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ അവർ നാശത്തിലേക്കാണ് നയിക്കപ്പെടുന്നത്.**

**പൊ**തുവേ ക്രിസ്ത്യാനികളെ താഴെപ്പറയുന്ന വിധത്തിലാണ് തരംതിരിച്ച് കാണാറുള്ളത്.

(1) റോമൻ കാത്തോലിക്കർ- പ്രൊട്ടസ്റ്റന്റുകാർ (ജനനത്തിന്റെ അടിസ്ഥാനത്തിൽ)

(2) എപ്പിസ്കോപ്പൽ സഭകൾ - സ്വതന്ത്രസഭകൾ (സഭാഘടനയുടെ അടിസ്ഥാനത്തിൽ)

(3) സുവിശേഷവിഹിതർ - സ്വതന്ത്രചിന്താഗതിക്കാർ (ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ)

(4) വീണ്ടും ജനനം പ്രാപിച്ചവർ - നാമധേയക്രൈസ്തവർ (ഒരു പ്രത്യേക അനുഭവത്തിന്റെ അടിസ്ഥാനത്തിൽ)

(5) കരിസ്മാറ്റിക്കുകാർ - അല്ലാത്തവർ (അന്യഭാഷാഭാഷണത്തിന്റെ അടിസ്ഥാനത്തിൽ)

**നമ്മുടെ കർത്താവ് പ്രാഥമികമായി മനുഷ്യർക്ക് ഒരു ഉപദേശസംഹിതയോ സഭാചട്ടക്കൂട്ടുകളോ നൽകാനോ, അന്യഭാഷാഭാഷണം പോലുള്ള ഒരു അനുഭവം നൽകാനോ ആയിരുന്നില്ല ഭൂമിയിൽ വന്നത്. അവൻ നമ്മുടെ പാപത്തിൽ നിന്നും നമ്മെ രക്ഷിക്കാനാണു വന്നത്. വൃക്ഷത്തിന്റെ ചുവട്ടിൽ -വേരിൽത്തന്നേ - കോടാലി വയ്ക്കാനാണ് യേശു വന്നത്. പാപത്തിന്റെ വേരുകൾ നമ്മുടെ സ്വയത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന, സ്വാർത്ഥം അന്വേഷിക്കുന്ന, സ്വന്ത ഇഷ്ടം ചെയ്യുന്ന, ജീവിതത്തിൽ കണ്ടെത്താൻ കഴിയും. കർത്താവ് കോടാലികൊണ്ട് ഈ വേര് അറുത്തുമാറ്റുവാൻ അനുവദിച്ചില്ലെങ്കിൽ നാം ഉപരിപ്ലവ വിശ്വാസികൾ മാത്രമായിരിക്കും.**

(6) പൂർണ്ണസമയ ക്രിസ്തീയവേലക്കാർ - ഭൗതിക തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ (പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ)

ഇതുപോലെ മറ്റുചില വിഭജനങ്ങളും സാദ്ധ്യമാണ്. എന്നാൽ ഇപ്രകാരമുള്ള വിഭജനങ്ങൾ ഒന്നുംതന്നെ കർത്താവായ യേശുക്രിസ്തു ഏത് അടിസ്ഥാനപ്രശ്നപരിഹാരത്തിനായി വന്നുവോ അതിലേക്ക് വിരൽ ചൂണ്ടുന്നില്ല. 'ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു' (1 കൊരി. 15:3) എന്ന സത്യം ധാരാളം പേർക്ക് അറിയാം. എന്നാൽ 'നാം ഇനിമേലാൽ താന്തങ്ങൾക്കുവേണ്ടിയല്ല, നമുക്കുവേണ്ടി മരിച്ചവനുവേണ്ടി ജീവിക്കേണ്ടതിനായിട്ടാണ് അവൻ നമുക്കുവേണ്ടി മരിച്ചത്, ( 2 കൊരി. 5:5) എന്നുള്ള തിരുവചനസത്യം പലർക്കും അറിഞ്ഞുകൂടാ.

ദൈവവചനാടിസ്ഥാനത്തിൽ കുറേക്കൂടെ ശരിയായ നിലയിൽ ക്രിസ്തീയ വിശ്വാസികളെ താഴെപ്പറയുന്ന വിധത്തിൽ തരംതിരിക്കാൻ കഴിയും:-

തങ്ങൾക്കുവേണ്ടി ജീവിക്കുന്നവർ - ക്രിസ്തുവിനുവേണ്ടി ജീവിക്കുന്നവർ

ഭൗതികവസ്തുക്കൾ മുമ്പേ അന്വേഷിക്കുന്നവർ- ദൈവരാജ്യം എല്ലാറ്റിനും മുമ്പേ അന്വേഷിക്കുന്നവർ.

പണത്തെ സ്നേഹിക്കുന്നവർ - ദൈവത്തെ സ്നേഹിക്കുന്നവർ.

(ദൈവത്തേയും മാമോനേയും ഒരുമിച്ച് സ്നേഹിക്കാൻ ആർക്കും കഴിയുകയില്ലെന്ന് ലൂക്കോസ് 16ന്റെ 13-ൽ യേശു വ്യക്തമായിപ്പറഞ്ഞിട്ടുണ്ട്).

എന്നാൽ ഒരു ക്രിസ്ത്യാനിയുടെ ആന്തരികജീവിതത്തേയും ദൈവമുമ്പാകെയുള്ള രഹസ്യനടപ്പിനേയും അടിസ്ഥാനമായുള്ള മേൽപ്പറഞ്ഞവിധത്തിലുള്ള തരംതിരിക്കൽ ഇന്ന് കേൾക്കാറേ ഇല്ല. ആദ്യം സൂചിപ്പിച്ച തരംതിരിക്കൽ ഒരുവന്റെ ജീവിതത്തിന്റെ ബാഹ്യതലങ്ങളെ സ്പർശിക്കുന്നവയാണ്. സ്വർഗ്ഗം ക്രിസ്ത്യാനികളെ തരംതിരിക്കുന്നത് രണ്ടാമത് സൂചിപ്പിച്ച അടിസ്ഥാനത്തിലാണെന്ന് നാം ഗ്രഹിച്ചെങ്കിൽ! സ്വർഗ്ഗം അംഗീകരിക്കുന്ന ഈ വിഭജനത്തിലേ അർത്ഥമുള്ളൂ. നമുക്കല്ലാതെ മറ്റാർക്കും നമ്മുടെ ആന്തരികമായ ആഗ്രഹങ്ങളും പ്രേരണകളും അറിയാൻ കഴിയാത്തതിനാൽ - നമ്മുടെ ജീവിതപങ്കാളിക്കുപോലും നാം എന്തു ലക്ഷ്യത്തിനുവേണ്ടിയാണ് ജീവിക്കുന്നതെന്ന് അറിയാൻ കഴിയില്ല - മറ്റുള്ളവർക്ക് ഈ വിധത്തിൽ നമ്മെ തരംതിരിക്കാൻ കഴിയില്ല.

നമ്മുടെ കർത്താവ് പ്രാഥമികമായി മനുഷ്യർക്ക് ഒരു ഉപദേശസംഹിതയോ സഭാചട്ടക്കൂട്ടുകളോ നൽകാനോ, അന്യഭാഷാഭാഷണം പോലുള്ള ഒരു അനുഭവം നൽകാനോ ആയിരുന്നില്ല ഭൂമിയിൽ വന്നത്. അവൻ നമ്മുടെ പാപത്തിൽ നിന്നും നമ്മെ രക്ഷിക്കാനാണു വന്നത്. വൃക്ഷത്തിന്റെ ചുവട്ടിൽ -വേരിൽത്തന്നേ - കോടാലി





വയ്ക്കാനാണ് യേശു വന്നത്. പാപത്തിന്റെ വേരുകൾ നമ്മുടെ സ്വയത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന, സ്വാർത്ഥം അന്വേഷിക്കുന്ന, സ്വന്ത ഇഷ്ടം ചെയ്യുന്ന, ജീവിതത്തിൽ കണ്ടെത്താൻ കഴിയും. കർത്താവ് കോടാലികൊണ്ട് ഈ വേര് അറുത്തുമാറ്റുവാൻ അനുവദിച്ചില്ലെങ്കിൽ നാം ഉപരിപ്ലവവിശ്വാസികൾ മാത്രമായിരിക്കും. അപ്പോൾ തന്നെ നമ്മുടെ ഉപദേശം, അനുഭവങ്ങൾ, സഭയുടെ രൂപം എന്നിവയിൽ നാം മറ്റുള്ള ക്രിസ്ത്യാനികളെക്കാൾ ഉയർന്ന തലത്തിൽ ജീവിക്കുന്നവരാണെന്ന് ചിന്തിക്കുമാറ് പിശാചിനാൽ വഞ്ചിക്കപ്പെട്ടവരായിരിക്കാനും വളരെ സാദ്ധ്യതയുണ്ട്!

നാം സ്വാർത്ഥമതികളായി നമുക്കുവേണ്ടിത്തന്നെ ജീവിക്കുന്നിടത്തോളം നമ്മുടെ ശരിയായ ഉപദേശം, ആത്മീയ അനുഭവങ്ങൾ, സഭയുടെ ഘടന എന്നിവ സാത്താൻ കാര്യമാക്കുന്നേയില്ല. വ്യത്യസ്തമായ ഉപദേശങ്ങൾ, സഭാവിഭാഗങ്ങൾ, അനുഭവങ്ങൾ ഇവ മൂലം ദൈവം അവരെ മെച്ചപ്പെട്ട ക്രിസ്ത്യാനികളായി ഗണിക്കുന്നു എന്ന് ധരിച്ചിരിക്കുന്നവരെക്കൊണ്ട് ക്രൈസ്തവലോകം നിറഞ്ഞിരിക്കുന്നു. (അപ്പോൾ തന്നേ സ്വാർത്ഥം അന്വേഷിക്കയും തങ്ങൾക്കായി മാത്രം ജീവിക്കയും ചെയ്യുന്നവരാണ് ഈ കൂട്ടർ). സാത്താൻ എത്ര വലിയ ഒരു വഞ്ചനയാണ് ചെയ്തിരിക്കുന്നത്!!

യോഹന്നാന്റെ സുവിശേഷം 6:38 -ൽ കാണുന്നതുപോലെ കർത്താവ് സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്ക് വന്നത് സ്വന്ത ഇഷ്ടം ത്യജിച്ച് പിതാവിന്റെ ഇഷ്ടം ചെയ്യാനാണ്. ഈ വിധം യേശു നമുക്കൊരു മാതൃകയായിത്തീർന്നു. യേശു തന്റെ മുപ്പത്തിമൂന്നര വർഷത്തെ ഐഹികജീവിതകാലം സ്വന്തഹിതം ത്യജിച്ച് തന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുകയും തന്നേ

**നാം സ്വാർത്ഥമതികളായി നമുക്കു വേണ്ടി തന്നെ ജീവിക്കുന്നിടത്തോളം നമ്മുടെ ശരിയായ ഉപദേശം, ആത്മീയ അനുഭവങ്ങൾ, സഭയുടെ ഘടന എന്നിവ സാത്താൻ കാര്യമാക്കുന്നേയില്ല. വ്യത്യസ്തമായ ഉപദേശങ്ങൾ, സഭാവിഭാഗങ്ങൾ, അനുഭവങ്ങൾ ഇവ മൂലം ദൈവം അവരെ മെച്ചപ്പെട്ട ക്രിസ്ത്യാനികളായി ഗണിക്കുന്നു എന്ന് ധരിച്ചിരിക്കുന്നവരെക്കൊണ്ട് ക്രൈസ്തവലോകം നിറഞ്ഞിരിക്കുന്നു. (അപ്പോൾ തന്നേ സ്വാർത്ഥം അന്വേഷിക്കയും തങ്ങൾക്കായി മാത്രം ജീവിക്കയും ചെയ്യുന്നവരാണ് ഈ കൂട്ടർ). സാത്താൻ എത്ര വലിയ ഒരു വഞ്ചനയാണ് ചെയ്തിരിക്കുന്നത്!!**

അനുഗമിക്കാൻ ഇച്ഛിക്കുന്നവർ ഇതേ മാർഗ്ഗത്തിൽ പോയേ മതിയാകൂ എന്ന് വ്യക്തമാക്കയും ചെയ്തു. "നമ്മുടെ സ്വന്ത ഇഷ്ടം നിറവേറ്റുക" എന്ന പാപത്തിന്റെ വേരിനെ അറുത്തുകളഞ്ഞ് നമ്മെ സ്വതന്ത്രരാക്കാനാണ് യേശു വന്നത്.

ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്ന മിഥ്യാധാരണ അനേക നൂറ്റാണ്ടുകൾ ശാസ്ത്രലോകത്ത് നിലനിന്നിരുന്നു. ഇരുപത്തിനാലുമണിക്കൂറിൽ ഒരിക്കൽ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഭൂമിക്കു ചുറ്റും ഭ്രമണം ചെയ്യുന്നതായി മനുഷ്യനേത്രങ്ങൾക്ക് തോന്നിയിരുന്നു. ഏതാണ്ട് 450 വർഷം മുമ്പ് കോപ്പർനിക്കസ് എന്ന ഒരു മനുഷ്യൻ ധൈര്യം സംഭരിച്ച് ഈ പൊതു ധാരണയെ ചോദ്യം ചെയ്യുകയും ഭൂമി പ്രപഞ്ചത്തിന്റെയല്ല സൗരയൂഥത്തിന്റെ പോലും കേന്ദ്രമല്ല എന്ന് കാണിക്കയും ചെയ്തു. ഭൂമി സൂര്യനുചുറ്റും ഭ്രമണം ചെയ്യുവാനാണ് സൃഷ്ടിപ്പിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്ന സത്യം ഈ ശാസ്ത്രജ്ഞൻ തെളിയിക്കുന്നതുവരെ

**നിർഭാഗ്യകരമെന്നു പറയട്ടെ ഇന്ന് അവസാനത്തെ കാര്യമായിട്ടുപോലും പലയിടങ്ങളിലും അനുതാപം പ്രസംഗിക്കപ്പെടുന്നില്ല!! എന്നാൽ ദൈവത്തിൽ കേന്ദ്രീകൃതമായ യഥാർത്ഥസുവിശേഷം മനുഷ്യരോട് അനുതാപം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് വ്യക്തമാക്കിക്കൊടുക്കയും ചെയ്യുന്നു. യഥാർത്ഥ അനുതാപം ഒരുവന്റെ ജീവിതത്തിൽ കേന്ദ്രമായിരിക്കുന്ന സ്വയത്തിൽ നിന്നും തിരിയുന്നതാണ്. അപ്പോൾതന്നെ യഥാർത്ഥഅനുതാപം ഒരുവൻ ദൈവത്തിലേക്ക് തിരിയുന്നതുമാണ്.**

---

മനുഷ്യന്റെ ശാസ്ത്രീയകണക്കുക്കൂട്ടലുകളെല്ലാം തെറ്റിക്കൊണ്ടേയിരുന്നു. ഭൂമിയാണ് കേന്ദ്രബിന്ദു എന്ന തെറ്റായ നിഗമനത്തിന്റെ സ്ഥാനത്ത് മനുഷ്യൻ ശരിയായ കേന്ദ്രത്തെ അംഗീകരിച്ചപ്പോഴാണ് ഈ കണക്കുകൂട്ടലുകൾ ശരിയായത്.

ദൈവത്തിൽ കേന്ദ്രീകൃതമാകാതെ സ്വയത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതത്തിൽ നാം തുടരുമ്പോൾ നമ്മുടെയും കണക്കുകൂട്ടലുകൾ പിഴയ്ക്കുന്നു. ആയിരക്കണക്കിനു വർഷങ്ങൾ മനുഷ്യൻ തെറ്റായ ഒരു നിഗമനത്തെ (ഭൂമിയാണ് കേന്ദ്രബിന്ദു എന്നുള്ള) ശരിയെന്നു കരുതി ജീവിച്ചതുപോലെ നമുക്കും നൂറുശതമാനം തെറ്റിയിരിക്കെത്തന്നെ മറിച്ചുള്ള ധാരണയിൽ ജീവിക്കാൻ കഴിയും. പല "നല്ല ക്രിസ്ത്യാനികളിലും" ഇന്ന് നാം കാണുന്നത് ഈ പ്രവണതയാണ്. ഒരേ ബൈബിളിനെപ്പറ്റി വൈവിദ്ധ്യമുള്ള വ്യാഖ്യാനങ്ങൾ ഉണ്ടായിരിക്കയും ഓരോ കൂട്ടരും അവരുടെ പക്ഷം ശരി എന്നു കരുതി മുമ്പോട്ടുപോകുകയും ചെയ്യുന്ന അവസ്ഥ. മറ്റുള്ളവർ 'വഞ്ചിക്കപ്പെട്ടിരിക്കുന്നു' എന്ന് ഒരോ കൂട്ടരും പറയുന്നു. ഈ ദുരവസ്ഥയ്ക്കു കാരണം മനുഷ്യന്റെ 'കേന്ദ്രം' ശരിയല്ലാത്തതിനാലത്രേ. മനുഷ്യൻ തന്നിൽത്തന്നെയല്ല ദൈവത്തിൽ കേന്ദ്രീകൃതമായി ജീവിക്കാൻ സൃഷ്ടിക്കപ്പെട്ടവനത്രേ. ക്രിസ്ത്യാനികളുടെ ഈ കേന്ദ്രം തെറ്റുമ്പോൾ അവരുടെ 'സുവിശേഷവും' തെറ്റിപ്പോകുന്നു. അടിസ്ഥാനപരമായി രണ്ട് വിധത്തിലുള്ള സുവിശേഷങ്ങൾ മാത്രമേ ഇന്ന് പ്രസംഗിക്കപ്പെടുന്നുള്ളു. ഒന്ന് മനുഷ്യനിൽ കേന്ദ്രീകൃതമാണ്. മറ്റേത് ദൈവത്തിലും.

'അനുതാപ'ത്തേക്കുറിച്ച് ഒന്നും പറയാത്ത ഒന്നാമത്തെ 'സുവിശേഷം' വ്യാജസുവിശേഷമാണ്. സ്നാപകയോഹന്നാൻ, യേശു, പൗലോസ്, പത്രോസ് എന്നിവരും മറ്റെല്ലാ അപ്പോസ്തൊലന്മാരും ആദ്യം പ്രസംഗിച്ചത് അനുതപിക്കാനാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, ഇന്ന് അവസാനത്തെ കാര്യമായിട്ടുപോലും പലയിടങ്ങളിലും അനുതാപം പ്രസംഗിക്കപ്പെടുന്നില്ല!! എന്നാൽ ദൈവത്തിൽ കേന്ദ്രീകൃതമായ യഥാർത്ഥ സുവിശേഷം മനുഷ്യരോട് അനുതാപം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് വ്യക്തമാക്കിക്കൊടുക്കയും ചെയ്യുന്നു. യഥാർത്ഥ അനുതാപം ഒരുവന്റെ ജീവിതത്തിൽ കേന്ദ്രമായിരിക്കുന്ന സ്വയത്തിൽ നിന്നും (സ്വന്ത ഇഷ്ടം ചെയ്യുന്നതിൽനിന്ന്, ദ്രവ്യാഗ്രഹത്തിൽനിന്ന്, ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കുന്നതിൽനിന്ന്) തിരിയുന്നതാണ്. അപ്പോൾതന്നെ യഥാർത്ഥഅനുതാപം ഒരുവൻ ദൈവത്തിലേക്ക് (മുഴുഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നതിലേക്ക്, സ്വന്ത ജീവിതത്തിൽ ദൈവത്തെ കേന്ദ്രമാക്കി അവിടുത്തെ ഹിതം മാത്രം ചെയ്യുന്നതിലേക്ക്) തിരിയുന്നതുമാണ്.





ക്രിസ്തുവിന്റെ ക്രൂശുമരണത്തിലുള്ള വിശ്വാസം അനുതപിക്കുന്ന ഒരുവന്റെ പാപങ്ങൾക്കുമാത്രമെ മോചനം നൽകുന്നുള്ളു. നാൾതോറും തന്നെത്താൻ നിഷേധിച്ചുകൊണ്ട് ജീവിക്കുക. ദൈവത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതത്തിനുള്ള ശക്തി അപ്പോൾ മാത്രമേ ലഭ്യമാകൂ. ഇതാണ് യേശുവും അപ്പോസ്തലൻമാരും പ്രസംഗിച്ച സുവിശേഷം. വ്യാജസുവിശേഷം ഒരുവന് കടക്കാനുള്ള വാതിൽ വലിപ്പമുള്ളതും നടക്കാനുള്ള വഴി വിശാലവും ആക്കുന്നു. (ഈ മാർഗ്ഗത്തിലൂടെ ജീവിതം എളുപ്പമായിരിക്കും. കാരണം, തന്നെത്താൻ നിഷേധിക്കുകയോ സ്വന്തതാത്പര്യങ്ങൾക്കും ലാഭത്തിനും വേണ്ടി ജീവിക്കുന്നത് മതിയാക്കുകയോ ചെയ്യേണ്ടിവരുന്നില്ല എന്നതുതന്നെ.) ഇത്തരം വ്യാജസുവിശേഷം പ്രസംഗിക്കുന്നിടത്ത് വലിയ പുരുഷാരം കടന്നുവരികയും പലരും ജീവനിലേക്ക് നയിക്കുന്നതെന്ന് തെറ്റിദ്ധരിച്ച് വിശാലമായ വഴിയേ നടക്കാൻ തുടങ്ങുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ അവർ നാശത്തിലേക്കാണ് നയിക്കപ്പെടുന്നത്. ഇത്തരം സുവിശേഷകന്മാർ യേശുവിനായി തീരുമാനം എടുക്കുകയും കൈകൾ ഉയർത്തുകയും ചെയ്തവരേക്കുറിച്ചുള്ള കണക്കുകൾ നിരത്തിവയ്ക്കും. ആത്മാർത്ഥതയുള്ള ചിലർ യഥാർത്ഥമായി അത്തരം മീറ്റിംഗുകളിൽ മാനസാന്തരപ്പെടുന്നു എന്നത് സത്യമാണെങ്കിലും അവരിൽ മിക്കവരും അവരുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ച് വഞ്ചിക്കപ്പെട്ടവരായി 'ഇരട്ടിനരക'ത്തിന് യോഗ്യരായിത്തീരുകയത്രേ ചെയ്യുന്നത്.

യഥാർത്ഥസുവിശേഷം, യേശു പറഞ്ഞതുപോലെ പ്രവേശിക്കാനുള്ള വാതിലിനെ ഇടുക്കമുള്ളതും നടക്കാനുള്ള പാതയെ ഞെരുക്കമുള്ളതും ആയിത്തന്നെ കാണിക്കുന്നു. ജീവനിലേക്കുള്ള വഴി കണ്ടെത്തുന്നവർ ചുരുക്കമത്രേ എന്ന് യേശു പറഞ്ഞ വാക്കുകൾ സത്യം. ഈ സുവിശേഷം പ്രസംഗിക്കുന്നവർക്ക് വലിയ കണക്കുകൾ ഒന്നും നിരത്തിവയ്ക്കാനുണ്ടാവില്ല. എന്നാൽ ഈ യഥാർത്ഥ സുവിശേഷം ജനത്തെ കർത്താവിലേക്കും സ്വർഗ്ഗത്തിലേക്കും നയിക്കുന്നതത്രേ.

"നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചുകൊൾക. കേട്ട കാര്യങ്ങൾ അനുസരിക്കുന്നവന് കൂടുതൽ വെളിച്ചവും തിരിച്ചറിവും നൽകപ്പെടും എന്നാൽ കേട്ട കാര്യങ്ങൾ അനുസരിക്കാത്തവന് തനിക്ക് ഉണ്ടെന്ന നിരൂപിക്കുന്ന വെളിച്ചവും തിരിച്ചറിവും കൂടെ നഷ്ടമാകുകയേയുള്ളൂ." (ലൂക്കോസ് 8: 18 സ്വതന്ത്രപരിഭാഷ).

കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടെ. ●

## നോട്ടം എങ്ങനെ?

**കൊ**ട്ടാരം ചിത്രകാരൻ വില്യംസ്ക്രോട്ട്സ് വരച്ച ഇംഗ്ലണ്ടിലെ എഡ്വേർഡ് ആറാമൻ ചക്രവർത്തിയുടെ ചിത്രം ഭംഗിയില്ലാത്തതായി കാണപ്പെട്ടു. ഇതിനെതിരെ രാജ്യത്ത് വലിയ പ്രതിഷേധം അലയടിച്ചു. വാസ്തവത്തിൽ അത് അതിമനോഹരമായ ചിത്രമായിരുന്നു. ചിത്രത്തിന്റെ ഫ്രെയ്മിന് ഒരുവശത്തായി ഒരു ചെറിയ സുഷിരമുണ്ടാക്കി അവിടെ ചിത്രകാരൻ ഒരു ചില്ല് പതിച്ചിരുന്നു. ആ ചില്ലിലൂടെ നോക്കിയാൽ മാത്രമേ ചിത്രം യഥാർത്ഥത്തിൽ ഉള്ളതുപോലെ കാണപ്പെടുകയുള്ളൂ! ആ സൂത്രം ചിത്രകാരൻ ഒടുവിൽ വെളിപ്പെടുത്തിയപ്പോൾ പ്രതിഷേധമെല്ലാം കെട്ടടങ്ങി.

നാം വികൃതമെന്നു കരുതുന്ന പലതും സത്യത്തിൽ അതിമനോഹരമാണ്. ശരിയായ വീക്ഷണകോണിലൂടെ നോക്കണമെന്നു മാത്രം.

നുറുങ്ങുവെട്ടം

മൂകസന്ദേശം-9

# ആന നൽകുന്ന പാഠം

സന്ദീപ് പുന്നൻ

**ബാം**ഗ്ലൂരിലെ തെരുവുകളിൽ കുട്ടിക്കാലത്ത് അനേക തവണ ആനകളെ കണ്ടുവളർന്ന ഞാൻ ഒമ്പതു പത്ത് വയസ്സ് പ്രായമായപ്പോൾ എന്റെ സഹോദരന്മാരോടൊത്ത് ആനപ്പുറത്തു കയറിയത് ഇന്നും ഓർമ്മയിലുണ്ട്. ഭീമാകാരനായ ആനയുടെപുറത്തിരുന്ന കുട്ടികളായ ഞങ്ങൾ എത്ര ചെറിയവരായിരുന്നു എന്ന് ഓർക്കാറുണ്ട്. വലിയൊരു മേശപ്പുറത്ത് നാല് ഈച്ചകൾ ഇരിക്കുന്ന ചിത്രമാണ് ആ സവാരിയെപ്പറ്റി ഉള്ളിൽ സൂക്ഷിക്കുന്നത്.

ഇത്ര വലിപ്പമുള്ള ആനകളെ കൊച്ചുമനുഷ്യർ മെരുക്കുന്നത് എങ്ങനെയെന്നത് അത്ഭുതം തന്നെ. ഭീമാകാരനായ, ശക്തിശാലിയായ, ഒരു ആനയെ മെരുക്കിയെടുത്തു മനുഷ്യൻ തടിപിടിപ്പിക്കുക മാത്രമല്ല, സർക്കസുകളിൽ അഭ്യാസങ്ങൾ കാണിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നു!

നമ്മെക്കാൾ വളരെ വലിപ്പവും ശക്തിയുമുള്ള ആനകളെ എങ്ങനെയാണ് മനുഷ്യൻ മെരുക്കുന്നത്? വിവിധരാജ്യങ്ങളിൽ വ്യത്യസ്ത രീതികളാവാം ആനകളെ മെരുക്കുവാൻ ഉപയോഗിക്കുന്നതെങ്കിലും, ഞാൻ കേട്ടിട്ടുള്ള ഒരു രീതി വിവരിക്കാം. നമ്മെക്കാൾ പത്തിരട്ടിയിലധികം വലിപ്പവും ശക്തിയുമുള്ള ആനയെ മനുഷ്യൻ അവന്റെ മെച്ചപ്പെട്ട ബുദ്ധിശക്തികൊണ്ടാണ് വരുതിയിൽ നിർത്തുന്നത്.

ഒരു ആനക്കുട്ടി വളരുമ്പോൾ ശക്തമായ കാലുകൾകൊണ്ട് നടക്കാനും തുമ്പിക്കൈകൊണ്ട് ഭക്ഷണം കഴിക്കാനും പരിശീലിക്കുന്നു. അവയ്ക്കുള്ള വലിയ ശക്തി മനസ്സിലാക്കി വനത്തിൽ വളരുന്ന ആനകൾ ഏത് തടസ്സവും ചവിട്ടിമെതിച്ച് മുന്നേറാൻ കെൽപ്പുള്ളവയാണ്. എന്നാൽ മനുഷ്യന്റെ സംരക്ഷണയിൽ പെട്ടുപോകുന്ന കാട്ടാനകളുടെ സ്വാതന്ത്ര്യേച്ഛയും ശക്തിയും ആരംഭത്തിൽത്തന്നെ തകർക്കപ്പെടേണ്ടതത്രേ. നന്നേ ചെറുപ്പത്തിൽ തന്നെ കട്ടിയുള്ള വളയങ്ങൾ (ചങ്ങല) കാലുകളിൽ കെട്ടി ഉറപ്പുള്ള ഒരു കുറ്റിയിലോ മരത്തിലോ ആനകളെ തളച്ചിടുന്നു. തുടക്കത്തിൽ ആന ഈ ചങ്ങല പിടിച്ചു വലിക്കയും പൊട്ടിച്ച് സ്വതന്ത്രനാകാൻ പലതവണ പരിശ്രമിക്കയും ചെയ്യുന്നു. ജന്മസിദ്ധമായ സ്വാതന്ത്ര്യമോഹം ചങ്ങലകളെ ഒരു വിധത്തിലും അംഗീകരിക്കാൻ തയ്യാറല്ല. എന്നാൽ എത്ര ആഗ്രഹിച്ചാലും ചങ്ങലകൾ പൊട്ടിച്ച് സ്വതന്ത്രമാകാൻ കഴിയില്ലതാനും.

മാസങ്ങളും വർഷങ്ങളും കടന്നുപോകുമ്പോൾ ചങ്ങലകൾ ഉരസ്സി മുറിവും തഴമ്പും കാലുകളിൽ ഉണ്ടാകയും ഇഷ്ടമില്ലെങ്കിലും ചങ്ങലകൾ ഒരു യാഥാർത്ഥ്യമായി അവ അംഗീകരിക്കുകയും ചെയ്യുന്നു. എത്ര ശ്രമിച്ചാലും സ്വതന്ത്രമാവാൻ കഴിയില്ല എന്ന് ചങ്ങലകൾ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. കുറേ നാളത്തേ വിഫലശ്രമങ്ങൾക്കു ശേഷം സ്വാതന്ത്ര്യമോഹം ഏതാണ്ട് ഉപേക്ഷിച്ച ആന ഓരോ ദിവസവും ഉണരുമ്പോൾ ചങ്ങലകൾ എന്തിനെ സൂചിപ്പിക്കുന്നു എന്ന തിരിച്ചറിവോടെ ജീവിക്കാൻ തുടങ്ങുന്നു. ശക്തിയോടെ സ്വതന്ത്രമായി ജീവിക്കാനായിപ്പിറന്ന ആന ജീവിതം മുഴുവൻ അടിമത്തത്തിൽ കഴിയാൻ വിധിക്കപ്പെട്ടിരിക്കുന്നു എന്ന് ഗ്രഹിക്കുന്നു. തന്മൂലം ചില വർഷങ്ങൾ കഴിയുമ്പോൾ ചങ്ങലകൾ ആവശ്യമില്ലാതെ വരുന്നു. ചങ്ങലകൾ കയറുകൾക്ക് വഴിമാറുന്നു. ഒരു കുറ്റിയിലോ മരത്തിലോ തളച്ചിടേണ്ട ആവശ്യം പോലും ഇല്ലാതെയാവുന്നു. കാലിൽ കെട്ടിയിരിക്കുന്ന ഒരു തുടലിന്റെ ശബ്ദം മതി താൻ ഒരു അടിമയാണെന്ന സത്യം ആനയെ ഓർമ്മിപ്പിക്കുവാൻ.

ശക്തിശാലികളായ ആനകളെ നോക്കി ഇങ്ങനെ നിങ്ങൾ പറയുന്നു എന്ന് വിചാരിക്കുക: "ആനേ, നീ ഇപ്പോൾ സ്വതന്ത്രനാണെന്ന് അറിയുന്നില്ലേ? നിന്റെ കാലിലെ കയർ ഒരിടത്തും തളച്ചിട്ടില്ല എന്ന് നീ കാണുന്നില്ലേ? ആ കയർ വെറും കബളിപ്പിക്കലാണ്. സ്വാതന്ത്ര്യത്തിലേക്ക് നടക്കുക". സർക്കസിൽ ഒറ്റക്കാലിൽ നില്ക്കുകയോ, ചെണ്ടമേളം നടത്തുകയോ ചെയ്യുന്ന ആനയെ നോക്കി "നീ കാട്ടിൽ വിഹരിക്കാൻ സൃഷ്ടിക്കപ്പെട്ടവനാണ്, ആനക്കൂട്ടത്തോടൊപ്പം മേഞ്ഞു നടക്കേണ്ട നീ സർക്കസിൽ ഞങ്ങളെ രസിപ്പിക്കേണ്ടവനല്ല" എന്ന് പറയാൻ തോന്നുകയില്ലേ?

നമ്മുടെ സ്വഭാവത്തെപ്പറ്റിയും നമ്മെ അടിമപ്പെടുത്തുന്ന കാര്യങ്ങളെപ്പറ്റിയും ആനകളിൽ നിന്ന് ഞാൻ ചിലത് പഠിപ്പിച്ചിട്ടുണ്ട്. വളർന്നു വരുമ്പോൾ ആനകളെപ്പോലെ നശീകരണസ്വഭാവങ്ങളും, സ്വാർത്ഥപരമായ ചിന്തകളും നമ്മെ കൂടുതൽ കൂടുതൽ അടിമപ്പെടുത്തുകയാണ് ചെയ്യുന്നത്. കൗമാരപ്രായം എത്തുമ്പോഴേക്കും സ്വാർത്ഥരായിമാത്രമേ ജീവിക്കാൻ കഴിയൂ എന്ന് ചിന്തിക്കുമാറ് സ്വാർത്ഥതയിൽ മുഴുകിയ ജീവിതശൈലി നാം സ്വന്തമാക്കിയിരിക്കും. എന്നാൽ യേശുവിന്റെ സന്ദേശം ഇപ്രകാരമുള്ള നമ്മുടെ ചിന്താഗതിക്ക് നേരേ എതിരാണ്. വെറും ഒരു സിദ്ധാന്തം നമുക്ക് നൽകാതെ നമ്മുടെ പാപങ്ങളിൽ നിന്നും ദുശ്ശീലങ്ങളിൽ നിന്നും രക്ഷിക്കാൻ ഒരു വഴിതുറക്കുകയാണ് യേശു ചെയ്തത്. നമ്മുടെ പാപം നിമിത്തം ക്രൂശിക്കപ്പെട്ടശേഷം ഉയിർത്തെഴുന്നേറ്റപ്പോൾ കൃത്യമായും അതാണ് അവിടുന്ന് ചെയ്തത്. തിന്മയുടെ ശക്തികളെ തോല്പിച്ച യേശു തന്റെ അടുക്കൽ വരുന്ന ഏവർക്കും സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു.

**വളർന്നു വരുമ്പോൾ നശീകരണ സ്വഭാവങ്ങളും, സ്വാർത്ഥപരമായ ചിന്തകളും നമ്മെ കൂടുതൽ കൂടുതൽ അടിമപ്പെടുത്തുകയാണ് ചെയ്യുന്നത്. കൗമാരപ്രായം എത്തുമ്പോഴേക്കും സ്വാർത്ഥരായിമാത്രമേ ജീവിക്കാൻ കഴിയൂ എന്ന് ചിന്തിക്കുമാറ് സ്വാർത്ഥതയിൽ മുഴുകിയ ജീവിതശൈലി സ്വന്തമാക്കിയിരിക്കും. എന്നാൽ യേശുവിന്റെ സന്ദേശം ഇപ്രകാരമുള്ള നമ്മുടെ ചിന്താഗതിക്ക് നേരേ എതിരാണ്. വെറും ഒരു സിദ്ധാന്തം നമുക്ക് നൽകാതെ നമ്മുടെ പാപങ്ങളിൽ നിന്നും ദുശ്ശീലങ്ങളിൽ നിന്നും രക്ഷിക്കാൻ ഒരു വഴിതുറക്കുകയാണ് യേശു ചെയ്തത്.**

ഗലാത്യസഭകൾക്ക് കത്തെഴുതുമ്പോൾ പൗലൊസ് ഈ കാര്യം തന്നെയാണ് പറയുന്നത്. "സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. അതിൽ ഉറച്ചു നില്പിൻ; അടിമനുകത്തിൽ പിന്നേയും കുടുങ്ങിപ്പോകരുത്"

**യേശു നമ്മെ സ്വതന്ത്രരാക്കിയിരിക്കുമ്പോൾ തന്നെ നമ്മിൽ പലരും പാപത്തിന്റെ അടിമത്തത്തിൽ തുടരുകയാണ്. യേശുവിന്റെ മാർഗ്ഗത്തിനു പകരം പാപത്തിന്റെ മാർഗ്ഗം തെരഞ്ഞെടുക്കാനുള്ള ഇച്ഛാശക്തി നമുക്ക് ഒരിക്കലും നഷ്ടമാകുന്നില്ല എന്ന സത്യം നാം ഗ്രഹിക്കണം. യേശുവിനെ ജീവിതത്തിലേക്ക് സ്വാഗതം ചെയ്ത്, ഒരു ആത്മീയാനുഭവം ഉണ്ടായശേഷവും നമ്മുടെ സ്വതന്ത്രമായ ഇച്ഛാശക്തിക്ക് നഷ്ടം സംഭവിക്കുന്നില്ല.**

(ഗലാ 5:1). ഒന്നാമത് നാം ഗ്രഹിക്കേണ്ടത് യേശു നമ്മെ സ്വതന്ത്രരാക്കിക്കഴിഞ്ഞിരിക്കുന്നു എന്ന കാര്യമാണ്. സ്വതന്ത്രരാക്കും എന്നല്ല എഴുതിയിരിക്കുന്നത്. സ്വതന്ത്രരാക്കുന്ന പ്രക്രിയയിലാണ് യേശു ഇപ്പോൾ എന്നുമല്ല. അതു ഭൂതകാലത്തിൽ നടന്ന ഒരു കാര്യമായിത്തന്നെ പറഞ്ഞിരിക്കുന്നു.

പിശാച് നമ്മെ ബന്ധിച്ചിരുന്ന കനത്ത ചങ്ങലകളെ യേശു പൊട്ടിച്ചിരിക്കുന്നു. ചരിത്രത്തിൽ പിശാചിനെയും പൈശാചികശക്തികളെയും കീഴടക്കിയ ഏകവ്യക്തി യേശുവാണ്. നമ്മെ അടിച്ചമർത്തുന്ന ദുഷ്ടശക്തികളെ തോൽപ്പിക്കുവാൻ ശക്തൻ യേശുമാത്രമാണ്. തന്റെ ക്രൂശുമരണത്താലും പുനരുത്ഥാനത്താലും യേശു പാപത്തിന്റെയും തിന്മയുടെയും ചങ്ങലകൾ പൊട്ടിച്ച് തന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏതൊരുവനും സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു.

എന്നാൽ ഇപ്രകാരം സ്വതന്ത്രരാകുന്നതിൽ നമ്മുടെ ഒരു പങ്കുണ്ട്. ഒരു കുറ്റിയിലോ മരത്തിലോ കയറുകൊണ്ട് ബന്ധിക്കാതിരിക്കുമ്പോഴും ആന അടിമത്തത്തിൽ കഴിയുന്നത് ശ്രദ്ധിക്കുക. വർഷങ്ങളായി അടിമത്തത്തിൽ കഴിയുകമൂലം ഇനി സ്വതന്ത്രനാകുക അസാദ്ധ്യമാണ് എന്ന ബോദ്ധ്യം ഉള്ളിൽ വേരുറച്ചതുമൂലമാണ് ഇത് സംഭവിക്കുന്നത്. ആനയ്ക്ക് സ്വതന്ത്രനാകാൻ തീർച്ചയായും ആഗ്രഹം ഉണ്ടാവും. ഉള്ളിന്റെ ഉള്ളിൽ നിന്നും എന്തോ ഒന്ന് സ്വാതന്ത്ര്യത്തിനായിട്ടാണ് താൻ പിറന്നു വീണത് എന്ന് മന്ത്രിക്കുമ്പോഴും കാലിലെ കയറിന്റെ സാന്നിദ്ധ്യം താൻ അടിമയാണെന്ന ചിന്ത നൽകുന്നു. ആ കയർ എവിടെയും ബന്ധിച്ചിട്ടില്ല എന്ന് ആന തിരിച്ചറിഞ്ഞിരുന്നെങ്കിൽ!

ഇതുപോലെ, യേശു നമ്മെ സ്വതന്ത്രരാക്കിയിരിക്കുമ്പോൾ തന്നെ നമ്മിൽ പലരും പാപത്തിന്റെ അടിമത്തത്തിൽ തുടരുകയാണ്. യേശുവിന്റെ മാർഗ്ഗത്തിനു പകരം പാപത്തിന്റെ മാർഗ്ഗം തെരഞ്ഞെടുക്കാനുള്ള ഇച്ഛാശക്തി നമുക്ക് ഒരിക്കലും നഷ്ടമാകുന്നില്ല എന്ന സത്യം നാം ഗ്രഹിക്കണം. യേശുവിനെ ജീവിതത്തിലേക്ക് സ്വാഗതം ചെയ്ത്, ഒരു ആത്മീയാനുഭവം ഉണ്ടായശേഷവും നമ്മുടെ സ്വതന്ത്രമായ ഇച്ഛാശക്തിക്ക് നഷ്ടം സംഭവിക്കുന്നില്ല. ഒറ്റയടിക്ക് നമ്മെ അജയ്യരാക്കുന്ന ഒരു മാന്ത്രികഗുളികയൊന്നും യേശു നമുക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നതിലൂടെ, നൽകുന്നില്ല. വിവേകമുള്ള മാതാപിതാക്കൾ ക്രമേണ അവരുടെ മക്കൾ സൽസ്വഭാവവും മാന്യമായ ജീവിതശൈലിയും സ്വയം തെരഞ്ഞെടുക്കണം എന്ന് ആഗ്രഹിക്കുന്നതുപോലെ ദൈവവും അവിടുത്തെ മക്കൾ ദൈവത്തെയും അവിടുത്തെ സഖിത്വത്തെയും സ്വയം തെരഞ്ഞെടുക്കണം എന്ന് ആഗ്രഹിക്കുന്നു. അപ്രകാരം തെരഞ്ഞെടുപ്പ്





നടത്തുന്നവർക്ക് അവിടുന്ന് സ്വാതന്ത്ര്യത്തിന്റെയും സ്വസ്ഥതയുടെയും ജീവിതം വാഗ്ദാനം ചെയ്യുന്നു. ഇപ്രകാരമുള്ള സ്വാതന്ത്ര്യത്തിന്റെ ജീവിതം പോലും ദൈവം നമ്മെ നിർബ്ബന്ധിച്ച് ഏല്പിക്കുന്ന ഒന്നല്ല!

നാം ഇപ്പോഴും ബന്ധനസ്ഥരാണെന്ന ചിന്തയാണ് നമ്മുടെ പ്രശ്നം. “ദൈവമേ, ഈ പാപസ്വഭാവത്തിൽ നിന്ന് എന്നേ വിടുവിക്കണമേ” എന്ന് നാം നിലവിളിക്കുമ്പോൾ” യേശു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാണ്” എന്നാണ് ദൈവം നമ്മോട് പറയുന്നത്. അത്ര ലളിതമായതിനാലാവാം മിക്കപ്പോഴും ഈ വാക്കുകൾ നാം വിശ്വസിക്കുന്നില്ല. മറിച്ച് നാം കെട്ടപ്പെട്ടിരിക്കുന്നു എന്ന് ചിന്തിക്കുവാൻ നാം പ്രേരിതരാകുന്നു. ചിന്തകളെയും അഭിനിവേശങ്ങളേയും നാം വിശ്വസിക്കുന്നു. “നിങ്ങളുടെ തോന്നലുകളെയല്ല, എന്റെ വാക്കുകളെ വിശ്വസിക്കുക” എന്ന് യേശു വീണ്ടും വീണ്ടും നമ്മോട് പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ തോന്നലുകൾ യേശുവിന്റെ വചനത്തെക്കാൾ യഥാർത്ഥമായിത്തോന്നുന്നതിനാൽ നാം യേശുവിന്റെ വാക്കുകൾക്ക് ചെവികൊടുക്കുന്നില്ല.

ഏറ്റവും വലിയ ദുരന്തം സ്വാർത്ഥപരമായ സ്വഭാവങ്ങളിൽ ജീവിതം മുഴുവൻ കഴിക്കേണ്ടിവരുന്നതാണ്. മരണാനന്തരം നാം ദൈവത്തെ അഭിമുഖീകരിക്കുമ്പോൾ മാത്രമായിരിക്കും നമ്മുടെ നഷ്ടം എത്രവലുതാണ് എന്ന തിരിച്ചറിവുണ്ടാകുന്നത്. നാം യേശുവിൽ വിശ്വാസം അർപ്പിക്കുമ്പോൾ, തന്റെ വചനം പറഞ്ഞതുപോലെ നമ്മെ ബന്ധിച്ചിരുന്ന എല്ലാ ചങ്ങലകളും മാറ്റപ്പെടുന്നു എന്ന സത്യം അന്ന് ഗ്രഹിച്ചാൽ പോരാ. ജീവിതം മുഴുവൻ, തികച്ചും അയഥാർത്ഥമായിരുന്ന, മനസ്സിൽ മാത്രം കൊണ്ടുനടന്ന ഒരു അടി

**നാം ഇപ്പോഴും ബന്ധനസ്ഥരാണെന്ന ചിന്തയാണ് നമ്മുടെ പ്രശ്നം. “ദൈവമേ ഈ പാപസ്വഭാവത്തിൽ നിന്ന് എന്നേ വിടുവിക്കണമേ” എന്ന് നാം നിലവിളിക്കുമ്പോൾ” യേശു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാണ്” എന്നാണ് ദൈവം നമ്മോട് പറയുന്നത്. അത്ര ലളിതമായതിനാലാവാം മിക്കപ്പോഴും ഈ വാക്കുകൾ നാം വിശ്വസിക്കുന്നില്ല. മറിച്ച് നാം കെട്ടപ്പെട്ടിരിക്കുന്നു എന്ന് ചിന്തിക്കുവാൻ പ്രേരിതരാകുന്നു. ചിന്തകളെയും അഭിനിവേശങ്ങളേയും നാം വിശ്വസിക്കുന്നു.**

മത്തത്തിൽ ജീവിക്കാൻ നാം സ്വയം തീരുമാനിക്കുകയായിരുന്നു!!

“യേശു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു” എന്ന് പൗലൊസും വളരെ വ്യക്തമായി പറയുന്നു. നമ്മുടെ തോന്നലുകളിലെ വ്യാജം തിരസ്കരിച്ച് യേശുവിന്റെ വചനത്തിൽ ഉറച്ചു നിൽക്കാൻ അദ്ദേഹം നമ്മെ ഉത്സാഹിപ്പിക്കുന്നു. ജീവിതത്തിന്റെ കൂടുതൽ മേഖലകളിലേക്ക് വ്യാപിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഒരു ജീവിതത്തിനായി യേശു നമ്മെ വിളിക്കുന്നു. കോപത്തിൽ നിന്നും, മനുഷ്യരെ ഉപഭോഗവസ്തുക്കളായിക്കരുതുന്ന ചിന്തയിൽ നിന്നും, മറ്റുള്ളവരെ നിന്ദാപൂർവ്വം വീക്ഷിക്കുന്നതിൽ നിന്നും എല്ലാം ഉള്ള സ്വാതന്ത്ര്യമാണത്. ഏതുവിധത്തിലുമുള്ള പാപകരമായ അടിമത്തത്തിൽ നിന്നും ക്രമേണ സ്വതന്ത്രരായി തികച്ചും സ്വതന്ത്രനാക്കപ്പെട്ട ഒരുവന്റെ മനോബോധത്തോടെ നമുക്ക് ജീവിക്കാൻ സാധിക്കുന്നതാണ് ക്രിസ്തുവിലുള്ള ഈ സ്വാതന്ത്ര്യം. ●

# ജോനാഥാൻ എഡ്‌വേർഡ് : ഉണർവിന്റെ ദൈവശാസ്ത്രജ്ഞൻ

മാത്യു ജോർജ്ജ്

**അ**മേരിക്കൻ ഐക്യനാടുകളുടെ തുടക്കത്തിൽ ജീവിച്ചിരുന്ന ജോനാഥാൻ എഡ്‌വേർഡ് കേവലം 53 വർഷത്തെ ജീവിതം കൊണ്ട് ക്രിസ്തീയ നേതാക്കളുടെയും മിഷനറിമാരുടെയും പട്ടികയിൽ സുപ്രധാന സ്ഥാനം കൈവരിച്ചു. അമേരിക്കയുടെ ചരിത്രത്തിലെ പ്രഗല്ഭരായ വേദശാസ്ത്രികളുടെയും ഉണർവ്വുപ്രസംഗകരുടെയും കൂട്ടത്തിൽ ഏറ്റവും പ്രസിദ്ധനായിരുന്നു അദ്ദേഹം. പ്യൂരിറ്റൻ ഗണത്തിൽപ്പെട്ട ഈ ദൈവമനുഷ്യൻ കാൽവിനിസ്റ്റ് ചിന്താഗതിയുടെ വക്താവായി അറിയപ്പെട്ടു. "ക്രുദ്ധനായ ദൈവത്തിന്റെ കൈയിലെ പാപികൾ" എന്ന ശീർഷകത്തിൽ അദ്ദേഹം ഒരിക്കൽ സുവിശേഷപ്രസംഗം നടത്തിയപ്പോൾ നരകത്തീയുടെ യാഥാർത്ഥ്യത്തിന്റെ മുമ്പിൽ ശ്രോതാക്കളിൽ നല്ലപങ്ക് അത്ഭുതപരതന്ത്രരാകുകയും ചിലർ മോഹാലസ്യപ്പെടുകയും ചെയ്തതായി ചരിത്രം പറയുന്നു. പരിശുദ്ധാത്മനിറവിലുള്ള ജോനാഥാൻ എഡ്‌വേർഡിന്റെ പ്രസംഗങ്ങൾ യഥാർത്ഥ അനുതാപത്തിലേക്കും നിലനിൽക്കുന്ന ആത്മീയ ഉണർവിലേക്കും ആയിരങ്ങളെ നടത്തി എന്നതാണ് വാസ്തവം.

ഒരു ക്രിസ്തീയശുശ്രൂഷകനായിരുന്ന തിമോത്തി എഡ്‌വേർഡിന്റെ മകനായി 1705 ഒക്ടോബർ അഞ്ചാം തീയതി, അമേരിക്കയിലെ കണക്ടിക്കട്ടിൽ ജോനാഥാൻ പിറന്നു. തിമോത്തി-എസ്ഥേർ ദമ്പതിമാരുടെ പതിനൊന്നുമക്കളിൽ ഏക മകനും അഞ്ചാമത്തവനുമായിരുന്നു ജോനാഥാൻ. പിതാവായിരുന്ന തിമോത്തി എഡ്‌വേർഡ് കോളേജ് പഠനത്തിനായി തയ്യാറെടുക്കുന്ന കുട്ടികൾക്ക് ട്യൂഷൻ ക്ലാസ്സുകൾ എടുത്തായിരുന്നു കുടുംബത്തെപോറ്റിയിരുന്നത്. ന്യൂഹാം ഷെയറിലെ നോർത്താംപ്റ്റനിൽ സഭാശുശ്രൂഷയിലായിരുന്ന സോളമൻ സ്റ്റോഡാർഡിന്റെ മകളായിരുന്ന എസ്ഥേർ അസാധാരണമായ മനശ്ശക്തിയും സ്വതന്ത്രമായ സ്വഭാവരീതിയുമുള്ള വനിതയായിരുന്നത് ജോനാഥാന്റെ ബാല്യകാലത്തെ നല്ല നിലയിൽ സ്വാധീനിക്കുകയുണ്ടായി. സഹോദരിമാരോടൊപ്പം പിതാവിൽനിന്നും വിദ്യാഭ്യാസം ലഭിച്ച ജോനാഥാൻ കലാലയപഠനത്തിന് നല്ലൊരു അടിത്തറ സമ്പാദിച്ചിരുന്നു. കേവലം പത്തുവയസ്സ് പ്രായമുള്ളപ്പോൾ അദ്ദേഹം മനുഷ്യാത്മാവിനെപ്പറ്റി രസകരമായ ഒരു ലഘുലേഖ എഴുതുകയുണ്ടായി.


പതിമൂന്നു വയസ്സ് പൂർത്തിയാകും മുമ്പേ ജോനാഥാൻ യേൽ കോളേജിൽ വിദ്യാർത്ഥിയായിച്ചേർന്നു. ആരംഭനാളുകളിൽത്തന്നെ വായിച്ച ജോൺ ലോക്കിന്റെ "മനുഷ്യന്റെ ഗ്രഹണശക്തി" എന്ന ലേഖനം പിൽക്കാലത്ത് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തി. കോളേജ് പഠനകാലത്ത് മനസ്സ്, പ്രകൃതിശാസ്ത്രം,





തിരുവെഴുത്തുകൾ, പലവക എന്നിങ്ങനെ വിവിധ വിഷയങ്ങൾക്കായി പ്രത്യേകം നോട്ടുബുക്കുകൾ സൂക്ഷിച്ചിരുന്നു. തത്വശാസ്ത്രസംബന്ധിയായ ഒരു ആധികാരിക ഗ്രന്ഥം പിൽക്കാലത്ത് രചിക്കണം എന്ന ലക്ഷ്യത്തോടെ നന്നേ ചെറുപ്പത്തിൽത്തന്നെ അതിനുള്ള വസ്തുതകൾ ശേഖരിക്കുന്നതിലും പഠിക്കുന്നതിലും വളരെയധികം നിഷ്ഠയുള്ളവനായിരുന്നു ജോനാഥാൻ. 1720 സെപ്റ്റംബർ മാസത്തിൽ ബിരുദധാരിയാകുമ്പോഴേക്കും ചിട്ടപ്പെടുത്തിയ ഒരു ജീവിതവീക്ഷണം അദ്ദേഹത്തിന് സ്വായത്തമായിരുന്നു. ബിരുദാനന്തരം രണ്ടു വർഷം ന്യൂഹാവൻ എന്ന സ്ഥലത്ത് വേദശാസ്ത്രം പഠിച്ചു. 1722-23 കാലയളവിൽ ന്യൂയോർക്കിലെ പ്രെസ്ബിറ്റേറിയൻ സഭയിൽ എട്ടുമാസത്തോളം വചനഘോഷണത്തിന് അവസരം ഉണ്ടായി. സഭയുടെ സ്ഥിരം പാസ്റ്റർ ആകാനുള്ള ക്ഷണം നിരസിച്ച ജോനാഥാൻ എഡ്‌വേർഡ് രണ്ടുമാസം വീട്ടിൽ പഠനത്തിൽ മുഴുകി. തുടർന്ന് 1724-1726 കാലയളവിൽ യേൽകോളേജിൽ അദ്ധ്യാപകനായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

1720 മുതൽ 1726 വരെയുള്ള കാലഘട്ടത്തെപ്പറ്റി ഭാഗികമായ ചരിത്രം ജോനാഥാന്റെ ഡയറിക്കുറിപ്പുകളിൽ നിന്നും ലഭ്യമാണ്. ദൈവത്തിന്റെ രക്ഷയെപ്പറ്റിയുള്ള അന്വേഷണത്തിൽ മുഴുകിയ ഈ ചെറുപ്പക്കാരൻ ദൈവത്തിന്റെ മുൻ നിർണ്ണയവും തെരഞ്ഞെടുപ്പും അത്യന്തം മനോഹരവും ഹൃദ്യവുമായ ഒരു സത്യമാണെന്ന് കണ്ടെത്തി. ദൈവസൃഷ്ടിയായ പ്രപഞ്ചത്തിന്റെ സൗന്ദര്യത്തിൽ വളരെ സന്തോഷം കണ്ടെത്തിയ ജോനാഥാൻ ശലോമോന്റെ ഉത്തമഗീതത്തിന്റെ വ്യാഖ്യാനത്തിൽ വലിയ ആത്മീയസത്യങ്ങൾ കണ്ടെത്തി. എത്രയും സുബോധത്തോടെ ജീവിക്കണം എന്നും ഒട്ടും സമയം പാഴാക്കാതെ ഭക്ഷണ പാനീയങ്ങളിൽ കർശനമായ അച്ചടക്കം ആവശ്യമാണെന്നും അദ്ദേഹം നിർണ്ണയിച്ചു.



*യഥാർത്ഥ അനുതാപത്തിന്റെ വക്താവ്:*
**ജോനാഥാൻ എഡ്‌വേർഡ്**

1727 ൽ നോർത്താംപ്റ്റനിൽ വല്യപ്പച്ചനായ സോളമൻ സ്റ്റോഡാർഡിന്റെ സഹശുശ്രൂഷകനായി ജോനാഥാൻ നിയമിതനായി. ദൈവവചനത്തിൽ ആഴമായ അവഗാഹമുണ്ടായിരുന്ന ഈ യുവപാസ്റ്റർ പ്രതിദിനം പത്തുംപതിമൂന്നും മണിക്കൂറുകൾ പഠനത്തിനായി കണ്ടെത്തി. ആ വർഷം തന്നെ സാറാ പിയർപോണ്ട് എന്ന പതിനേഴുകാരിയെ വിവാഹം കഴിച്ചു. നന്നേ ചെറുപ്രായത്തിലേ ദൈവത്തോടുള്ള ആഴമായ ഭയഭക്തി കാണിച്ചിരുന്ന സാറായെ ജോനാഥാൻ പതിമൂന്നാം വയസ്സുമുതൽ അടുത്തറിഞ്ഞിരുന്നു. സദാ ഉന്മേഷവതിയും, നല്ലൊരു വീട്ടമ്മയും, മാതൃകാപത്നിയുമായിരുന്നു സാറാ. ഈ ദമ്പതിമാർക്ക് പതിനൊന്നു മക്കളുണ്ടായിരുന്നു. 1729 ൽ പിതാമഹനായ സോളമൻ സ്റ്റോഡാർഡിന്റെ മരണത്തോടെ കൊച്ചുമകൻ നോർത്താംപ്റ്റനിലെ ആ വലിയ സഭയുടെ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുക്കേണ്ടിവന്നു.

1731 ജൂലൈ എട്ടാം തീയതി

**ജോനാഥാൻ എഡ്‌വേർഡിന്റെ നേതൃത്വത്തിൽ 'വലിയ ഉണർവ്വ്' എന്നറിയപ്പെടുന്ന ആത്മീയ ഉണർവ്വിന് വഴി ഒരുങ്ങുകയും ചെയ്തു. ജോർജ്ജ് വൈറ്റ് ഫീൽഡുമായി പരിചയപ്പെടുന്നത് ഈ സമയത്തായിരുന്നു. "ക്രുദ്ധനായ ദൈവത്തിന്റെ കരങ്ങളിൽ പാപികൾ" എന്ന ഏറ്റവും പ്രസിദ്ധമായ അദ്ദേഹത്തിന്റെ പ്രസംഗം 1741 ൽ കണക്റ്റികട്ട് സംസ്ഥാനത്ത് എൻഫീ ൽഡിൽ വച്ചാണ് നടത്തിയത്. അമേരിക്കൻ കോളനികളുടെ ഉണർവ്വിന്റെ ചരിത്രത്തിൽ "തീയും ഗന്ധകവും കത്തുന്ന'' പ്രസംഗങ്ങൾക്ക് ഉദാഹരണമായി പ്രചുരപ്രചാരം നേടിയ ഒന്നാണ് ഈ പ്രസംഗം.**

ബോസ്റ്റണിൽ ജോനാഥാൻ എഡ്വേർഡ് ചെയ്ത പ്രസംഗം ഒരു വഴിത്തിരിവായിരുന്നു. "മനുഷ്യന്റെ നിസ്സഹായതയിലൂടെ ദൈവം മഹത്വപ്പെടുന്നു" എന്ന പേരിൽ പിന്നീട് പ്രസിദ്ധീകരിച്ച ആ പ്രഭാഷണം അർമീനിയസത്തിനെതിരെയുള്ള ആദ്യത്തെ പരസ്യമായ വെല്ലുവിളിയായിരുന്നു. മനുഷ്യന്റെ രക്ഷയുടെ കാര്യത്തിൽ ദൈവത്തിനുള്ള പരമാധികാരം ആയിരുന്നു ആ പ്രസംഗത്തിന്റെ കേന്ദ്രബിന്ദു.

1733 ൽ നോർത്താംപ്റ്റണിൽ ഒരു ആത്മീയഉണർവ്വ് ദൈവം അയച്ചു. ആ പട്ടണത്തിലെ വ്യാപാരസ്ഥാപനങ്ങൾക്ക് പോലും ഭീഷണിയാവും വിധം ദൈവികമായ ആ ഉണർവ്വ് ശക്തിപ്രാപിക്കയും ആറുമാസങ്ങൾക്കുള്ളിൽ ഏകദേശം മൂന്നൂറ് പേർ സഭയോട് ചേരുകയും ചെയ്തു. ഈ ഉണർവ്വിന്റെ ഒരു പ്രധാന കണ്ണി ജോനാഥാൻ എഡ്‌വേർഡായിരുന്നു. മാനസാന്തരത്തിന്റെ പ്രക്രിയയെപ്പറ്റി സൂക്ഷ്മമായി പഠിക്കാൻ അദ്ദേഹത്തിന് ലഭിച്ച അവസരം വിലപ്പെട്ട അനേകം ഉൾക്കാഴ്ചകൾ നൽകിയത് പുസ്തകരൂപത്തിൽ 1737 ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. വിവിധ ആത്മീയ വിഷയങ്ങളെപ്പറ്റി അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ മേൽപ്പറഞ്ഞ ഉണർവ്വിന് വളരെ സഹായകമായി. "പാപികളുടെ നാശത്തിൽ ദൈവത്തിന്റെ നീതി" എന്ന വിഷയത്തെപ്പറ്റിയുള്ള പ്രസംഗം പ്രത്യേകിച്ച് എടുത്തു പറയേണ്ടതത്രേ". "സകല മനുഷ്യരും ഭോഷ്കു പറഞ്ഞാലും ദൈവം സത്യവാൻ" എന്ന തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ വായും ദൈവ മുമ്പാകെ പ്രത്യുത്തരം പറയാൻ ഇല്ലാതെ അടയും എന്ന സത്യം ജനത്തെ ഉണർവിലേക്കു നടത്താൻ സഹായകമായി. 1735 ൽ ഉണർവ്വ് കെട്ടടങ്ങി എന്ന് തോന്നിയെങ്കിലും ചെറിയ ഒരു ഇടവേളയ്ക്കു ശേഷം കൂടുതൽ സ്ഥലങ്ങളിലേക്ക് ഉണർവ്വ് വ്യാപിക്കയും അതിന്റെ ശ്രുതി ഇംഗ്ലണ്ടിലും സ്കോട്ട്ലന്റിലും വരെ എത്തുകയും ചെയ്തു. 1739–40 കാലഘട്ടത്തിൽ ജോനാഥാൻ എഡ്‌വേർഡിന്റെ നേതൃത്വത്തിൽ 'വലിയ ഉണർവ്വ്' എന്നറിയപ്പെടുന്ന ആത്മീയ ഉണർവ്വിന് വഴി ഒരുങ്ങുകയും ചെയ്തു. ജോർജ്ജ് വൈറ്റ് ഫീൽഡുമായി പരിചയപ്പെടുന്നത് ഈ സമയത്തായിരുന്നു. "ക്രുദ്ധനായ ദൈവത്തിന്റെ കരങ്ങളിൽ പാപികൾ" എന്ന ഏറ്റവും പ്രസിദ്ധമായ അദ്ദേഹത്തിന്റെ പ്രസംഗം 1741 ൽ കണക്റ്റികട്ട് സംസ്ഥാനത്ത് എൻഫീൽഡിൽ വച്ചാണ് നടത്തിയത്. അമേരിക്കൻ കോളനികളുടെ ഉണർവ്വിന്റെ ചരിത്രത്തിൽ "തീയും ഗന്ധകവും കത്തുന്ന" പ്രസംഗങ്ങൾക്ക് ഉദാഹരണമായി പ്രചുരപ്രചാരം നേടിയ ഒന്നാണ് ഈ പ്രസംഗം.

ഈ ഉണർവ്വിൽ പരക്കെ കാണപ്പെട്ട പാപബോധത്തിന്റെ ഫലമായി ആളുകൾ മോഹാലസ്യപ്പെടുന്നതും, നിലവിളിക്കുന്നതും ഒക്കെ വികാരത്തിന്റെ പ്രകടനങ്ങൾ എന്നപേരിൽ യാഥാസ്ഥിതിക





സഭാനേതൃത്വത്തിൽ നിന്നും ശക്തമായ എതിർപ്പുളവാക്കി. ഒന്നിലധികം തവണ വിശദീകരണക്കുറിപ്പുകൾ എഴുതിയെങ്കിലും ജോനാഥാൻ എഡ്‌വേർഡ് ഒറ്റപ്പെടുകയായിരുന്നു. ബാഹ്യപ്രകടനങ്ങൾ പൂർണ്ണമായും ഒഴിവാക്കണം എന്ന് ശഠിക്കുന്നതിൽ അർത്ഥമില്ലെന്നും, യഥാർത്ഥ ദൈവപ്രവൃത്തിയോടൊപ്പം ഇത്തരം ബാഹ്യപ്രകടനങ്ങൾ വചനപ്രകാരം സാദ്ധ്യമാണെന്നും സ്വഭാവത്തിലെ രൂപാന്തരമാണ് ദൈവപ്രവൃത്തിയുടെ യഥാർത്ഥലക്ഷണമെന്നും അദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു.

ജോനാഥാന്റെ മകൾ ജെറൂഷയെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്ന ഡേവിഡ് ബ്രെയിനാർഡ് നന്നേ ചെറുപ്രായത്തിൽ നോർത്താംപ്റ്റണിൽ വച്ച് 1747 ൽ മരിക്കുന്നതിനു മുമ്പ് അനേക മാസം അദ്ദേഹത്തോടൊപ്പം താമസിച്ചിരുന്നു.

തിരുവത്താഴത്തിൽ സംബന്ധിക്കുന്നതിലൂടെ സഭാംഗത്വം ലഭ്യമാകുന്നു എന്ന് അന്നത്തെ ഒരു വിഭാഗം നേതൃത്വം വിശ്വസിച്ചപ്പോൾ സ്നാനത്തിലൂടെ സഭാംഗത്വം എന്ന് മറ്റൊരു വിഭാഗം വാദിച്ചു. എന്നാൽ ദൈവം കൃപയാൽ പാപിയായ മനുഷ്യനു നൽകുന്ന രക്ഷണ്യവിശ്വാസത്താൽ മാത്രമാണ് ഒരുവൻ ദൈവകുടുംബത്തിൽ അംഗമാകുന്നതെന്ന് ബോദ്ധ്യമുണ്ടായിരുന്ന ജോനാഥാൻ വിട്ടുവീഴ്ചയ്ക്ക് തയ്യാറായില്ല. ക്രമേണ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ സഭാജനങ്ങൾക്ക് വേണ്ടാതായി. സഭാജനങ്ങൾ 23 ന് എതിരേ 200 വോട്ടിന് അദ്ദേഹത്തെ ശുശ്രൂഷയിൽ നിന്നും പുറത്താക്കി. വിടവാങ്ങൽ പ്രസംഗത്തിലും അദ്ദേഹം ഒട്ടും മാന്യത വിടാതെ 2. കൊരി. 1:14 ൽ നിന്നും നാം ഏവരും ദൈവമുമ്പാകെ നില്ക്കുന്ന ദിവസത്തേക്കുറിച്ചു ജനത്തെ ഓർമ്മിപ്പിച്ചു. അക്ഷരാർത്ഥത്തിൽ തെരുവിലായ

**പാപബോധത്തിന്റെ ഫലമായി ആളുകൾ മോഹാലസ്യപ്പെടുന്നതും, നിലവിളിക്കുന്നതും ഒക്കെ വികാരത്തിന്റെ പ്രകടനങ്ങൾ എന്നപേരിൽ യാഥാസ്ഥിതിക സഭാനേതൃത്വത്തിൽ നിന്നും ശക്തമായ എതിർപ്പുളവാക്കി. ഒന്നിലധികം തവണ വിശദീകരണക്കുറിപ്പുകൾ എഴുതിയെങ്കിലും ജോനാഥാൻ എഡ്‌വേർഡ് ഒറ്റപ്പെടുകയായിരുന്നു. ബാഹ്യപ്രകടനങ്ങൾ പൂർണ്ണമായും ഒഴിവാക്കണം എന്ന് ശഠിക്കുന്നതിൽ അർത്ഥമില്ലെന്നും, യഥാർത്ഥ ദൈവപ്രവൃത്തിയോടൊപ്പം ഇത്തരം ബാഹ്യപ്രകടനങ്ങൾ വചനപ്രകാരം സാദ്ധ്യമാണെന്നും സ്വഭാവത്തിലെ രൂപാന്തരമാണ് ദൈവപ്രവൃത്തിയുടെ യഥാർത്ഥലക്ഷണമെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു.**

എഡ്‌വേർഡും കുടുംബവും പല ഇടവകകളിൽ നിന്നും ശുശ്രൂഷകനാകാനുള്ള ക്ഷണം നിരസിച്ച് 'ഹൗസാറ്റോണിക്ക്' ഇൻഡ്യക്കാരുടെ ഇടയിൽ മിഷനറിയായി പോകയായിരുന്നു. ഒരു പരിഭാഷകന്റെ സഹായത്തോടെ ഇൻഡ്യക്കാരോട് പ്രസംഗിച്ച അദ്ദേഹം 7 വർഷക്കാലം അവരുടെ രക്ഷയ്ക്കുവേണ്ടിമാത്രമല്ല, അവകാശങ്ങൾക്കും ഉന്നമനത്തിനും വേണ്ടിയും യത്നിച്ചു. 1758 ൽ പിൽക്കാലത്ത് പ്രിൻസ്റ്റൺ സർവ്വകലാശാലയായി തീർന്ന ന്യൂജെഴ്സി കോളേജിന്റെ പ്രസിഡന്റായി അദ്ദേഹത്തെ നിയമിച്ചു. ചില ദിവസങ്ങൾക്കുള്ളിൽ വസൂരിരോഗത്തിന് പ്രതിരോധ കുത്തിവയ്പ് എടുത്ത ജോനാഥാൻ ആ രോഗാണുക്കളുടെ ഫലമായിത്തന്നെ ചില ദിവസങ്ങൾക്കുള്ളിൽ മരണമടഞ്ഞു. കേവലം 53 വർഷം മാത്രം നീണ്ട ഒരു ജീവിതം കൊണ്ട് ജോനാഥാൻ എഡ്‌വേർഡ് 'ഉണർവ്വിന്റെ ദൈവശാസ്ത്രജ്ഞൻ' എന്ന നിലയിൽ ക്രിസ്തീയസഭാചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടി.

## മാതാപിതാക്കളും മക്കളും-2

# ഉത്തമ മാതൃകകൾ

**ജോസ് മാത്യു, തിരുവനന്തപുരം**

**ക്രി**സ്തീയമാതാപിതാക്കൾ തങ്ങളുടെ മക്കളെ സംബന്ധിച്ച് ഉത്തരവാദികൾ ആണ് എന്നായിരുന്നല്ലോ കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചത്. മാതാപിതാക്കൾ ആയിരിക്കുക എന്നത് ഭാരിച്ച ഉത്തരവാദിത്വം ആയിരിക്കുമ്പോൾ തന്നെ ആ അവസ്ഥ ദൈവം നമുക്കു നൽകുന്ന ഒരു പദവി (Privilege)യും കൂടി ആണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. അടുത്ത തലമുറയെ ദൈവത്തിന്റെ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ദൈവഭയമുള്ളവരും സുവിശേഷത്തിന്റെ ലജ്ജിക്കാത്ത വക്താക്കളുമായി വളർത്തിയെടുക്കുക എന്നത് നിസ്സാര കാര്യമായി നാം കാണരുത്.

തന്റെ ആത്മീയ സന്താനങ്ങളായ ശിഷ്യന്മാരെക്കുറിച്ച് യേശു പ്രസ്താവിക്കുകയാണ്, "നീ ലോകത്തിൽ നിന്ന് എനിക്കു തന്നിട്ടുള്ള മനുഷ്യർക്ക് ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു.... നീ അവരെ എനിക്കു തന്നു; അവർ നിന്റെ വചനം പ്രമാണിച്ചുമിരിക്കുന്നു.... അവരോടുകൂടെ ഇരുന്നപ്പോൾ ഞാൻ അവരെ നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ കാത്തുകൊണ്ടിരുന്നു; ഞാൻ അവരെ സൂക്ഷിച്ചു; തിരുവെഴുത്തിനു നിവൃത്തി വരേണ്ടതിന് ആ നാശയോഗ്യനല്ലാതെ അവരിൽ ആരും നശിച്ചു പോയിട്ടില്ല. ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ല.... അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന് ഞാൻ അവർക്കുവേണ്ടി എന്നെത്തന്നേ വിശുദ്ധീകരിക്കുന്നു" (1)

നോക്കുക, താൻ പഠിപ്പിച്ച് വളർത്തിക്കൊണ്ടുവന്ന തന്റെ ആത്മീയമക്കളെക്കുറിച്ച് യേശുവിന് എന്തൊരു കരുതലായിരുന്നു! വരാൻപോകുന്ന ദൈവരാജ്യത്തിന്റെ ദർശനം അവർക്ക് പകർന്നു നൽകിക്കൊണ്ട് ലൗകികന്മാരായിപ്പോകാത വണ്ണം താനവരെ സൂക്ഷിച്ചു. എന്നാൽ നാശയോഗ്യനായി വഴിവിട്ടുപോയ ഒരാളെപ്പറ്റി യേശുവിന് കുറ്റബോധവുമില്ല എന്നതും ശ്രദ്ധേയമാണ്. നാം നമ്മുടെ കടമകൾ ശരിയാം വിധം നിർവ്വഹിച്ചശേഷം ഫലനിർണ്ണയം ദൈവകരങ്ങളിൽ ഏല്പിക്കുന്ന പക്ഷം നമുക്കു സ്വസ്ഥമായിരിക്കാൻ കഴിയും. മക്കളെ ദൈവവചനപ്രകാരം കാത്തുകൊള്ളുവാനും സൂക്ഷിക്കുവാനും മാതാപിതാക്കൾ കടപ്പെട്ടവരാണ്.

അതേ, യേശുവിന്റെ മാതൃകയാണ് നാമും ഇന്ന് പിന്തുടരേണ്ടത്. നമ്മുടെ മക്കൾക്കായി നാം വളരെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. അവർ ഭൗതികമായി അനുഗ്രഹിക്കപ്പെടണമെന്നല്ല, മറിച്ച് അവർ കപടതയില്ലാത്തവരും ദൈവഭയം ഉള്ളവരുമാകാൻ വേണ്ടി, അവർ യേശുവിനെ സ്നേഹിക്കുന്ന ലജ്ജിക്കാത്ത സാക്ഷികളായിത്തീരാൻ വേണ്ടി, നാം ആത്മാർത്ഥമായി പ്രാർത്ഥിക്കണം. നാമവർക്ക് മുമ്പിൽ എല്ലാറ്റിലും മാതൃകയുള്ളവരായി ജീവിച്ചുകൊണ്ട് അവർക്കായി പ്രാർത്ഥിക്കണം.

**മോശയുടെ അമ്മയപ്പന്മാർ:** ദൈവത്തിന്റെ അതിശക്തനായ പ്രവാചകനായിരുന്നു മോശെ. "എന്നാൽ മിസ്രയീം ദേശത്തു ഫറവോനോടും അവന്റെ സകലഭൃത്യന്മാരോടും അവന്റെ സർവ്വദേശത്തോടും ചെയ്യുവാൻ യഹോവ മോശെയെ നിയോഗിച്ചയച്ച സകല അത്ഭുതങ്ങളും ഭുജവീര്യവും, എല്ലാ യിസ്രായേലും കാൺകെ മോശെ പ്രവർത്തിച്ച ഭയങ്കര കാര്യമൊക്കെയും വിചാരിച്ചാൽ, യഹോവ അഭിമുഖമായി അറിഞ്ഞ മോശയെപ്പോലെ ഒരു പ്രവാചകൻ യിസ്രയേലിൽ പിന്നെ ഉണ്ടായിട്ടില്ല" (2)

*"ഇങ്ങനെയുള്ള ശക്തരായ ദൈവമനുഷ്യരുടെ മഹത്വത്തിന്റെ രഹസ്യം അന്വേഷിച്ചിറങ്ങിയാൽ നാമവരുടെ മാതാപിതാക്കളുടെ അടുത്തായിരിക്കും ചെന്നെത്തുക. അമ്രാമിന്റെയും യോഖേബേദിന്റെയും (3) കറതീർന്ന വിശ്വാസമായിരുന്നു മോശെയുമായുള്ള അനന്തര ദൈവിക ഇടപാടുകൾ സാധ്യമാക്കിത്തീർത്തത് എന്നു പറയാം. ഈജിപ്തിൽ അടിമകളായിരുന്ന സാധാരണക്കാരായ ഈ മാതാപിതാക്കളുടെ വിശ്വാസവും ജീവിതമാതൃകയും ലോകചരിത്രത്തിന്റെ ഗതി തന്നെ തിരിച്ചുവിടാനുള്ള സ്വാധീനമായി മാറി. 'വിശ്വാസത്താൽ മോശെയുടെ ജനനത്തിങ്കൽ ശിശു (ദിവ്യ)സുന്ദരൻ എന്ന് അമ്മയപ്പന്മാർ കണ്ടു; രാജാവിന്റെ കല്പന ഭയപ്പെടാതെ അവനെ മൂന്നുമാസം ഒളിപ്പിച്ചുവെച്ചു'. (4)*

*'ആ മാതാപിതാക്കളുടെ ദൃഢവി*

**താൻ പഠിപ്പിച്ച് വളർത്തിക്കൊണ്ടുവന്ന തന്റെ ആത്മീയമക്കളെക്കുറിച്ച് യേശുവിന് എന്തൊരു കരുതലായിരുന്നു! വരാൻപോകുന്ന ദൈവരാജ്യത്തിന്റെ ദർശനം അവർക്ക് പകർന്നു നൽകികക്കൊണ്ട് ലൗകികന്മാരായിപ്പോകാത വണ്ണം താനവരെ സൂക്ഷിച്ചു. എന്നാൽ നാശയോഗ്യനായി വഴിവിട്ടുപോയ ഒരാളെപ്പറ്റി യേശുവിന് കുറ്റബോധവുമില്ല എന്നതും ശ്രദ്ധേയമാണ്. നാം നമ്മുടെ കടമകൾ ശരിയാം വിധം നിർവ്വഹിച്ചശേഷം ഫലനിർണ്ണയം ദൈവകരങ്ങളിൽ ഏല്പിക്കുന്ന പക്ഷം നമുക്കു സ്വസ്ഥമായിരിക്കാൻ കഴിയും.**

*ശ്വാസം രാജാവിന്റെ കോപത്തെയും അതിജീവിക്കുന്നതായിരുന്നു. ആത്യന്തികമായി ദൈവം അവരുടെ വിശ്വാസത്തെ ആദരിച്ചു. തൽഫലമായി മോശെയെന്ന പിഞ്ചുബാലന് ദൈവഭക്തി നിറഞ്ഞു നിന്ന ഒരു ഭവനത്തിൽ വളർന്നുവരാനുള്ള ഭാഗ്യമുണ്ടായി, യഹൂദവിശ്വാസസത്യങ്ങൾ അവന്റെ രക്തത്തിൽ അലിഞ്ഞുചേർന്നു. ആദ്യത്തെ ഏഴെട്ടു വയസ്സുവരെയായിരിക്കാം അവൻ ആ ഭവനത്തിൽ വളർന്നത്. ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് അവിടെ നിന്നു ലഭിച്ച ഉത്തമ പരിശീലനം, വിശ്വാസം, ദർശനം എന്നിവ വരുംവർഷങ്ങളിൽ അവന്റെ മേൽ അടിച്ചേല്പിക്കപ്പെട്ട മിസ്രയീമ്യ വിദ്യാഭ്യാസത്തിന്റെ ന്യൂനവശങ്ങളെ അതിജീവിക്കാൻ മതിയായതായിരുന്നു!*

*'അതിപ്രധാനമായ രണ്ടു പാഠങ്ങളായിരുന്നു മോശെ ആ ഭവനത്തിൽ നിന്നു സ്വന്തമാക്കിയത്. തന്റെ മാതാപിതാക്കളിൽ നിന്ന് സത്യദൈവത്തിലുള്ള വിശ്വാസം അവൻ സ്വന്തമാക്കി; അവനു ചുറ്റും ആ ഭവനത്തിൽ നിലനിന്നിരുന്ന ദൈവഭക്തിനിറഞ്ഞ പവി*

**ചുരുക്കം വർഷങ്ങൾ മാത്രമേ മക്കൾ നിങ്ങളുടെ നിയന്ത്രണത്തിൽ ഉണ്ടാവുകയുള്ളൂ എന്ന വസ്തുത മറക്കരുത്. നിസ്സഹായതയോടെ മക്കൾക്കായി ദൈവത്തോടു നിലവിളിക്കുക; മാതൃകായോഗ്യമായ ഒരു ജീവിതം ലക്ഷ്യമിടുക; ഭവനത്തിൽ സുതാര്യത നിലനിർത്തുകയും തെറ്റുകൾ തുറന്നു സമ്മതിക്കുകയും ചെയ്യുക. "ഇതു ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊള്ളുവിൻ".**

*ത്രമായ സ്വാധീനതകൾ അവന്റെ സ്വഭാവത്തിന്മേൽ മായാത്ത മുദ്രകൾ പതിപ്പിച്ചു. ഭീരുത്വം തെല്ലുമേശാത്ത ധൈര്യവും അവരിൽ നിന്ന് മോശെ ഉൾക്കൊണ്ടു. തൽഫലമായിട്ടാണല്ലോ "രാജാവിന്റെ കോപം ഭയപ്പെടാതെ അവൻ മിസ്രയീം വിട്ടുപോന്നത്" (5)* (from: 'men who Met God' by J. Oswald Sanders)

മോശെയുടെ മാതാപിതാക്കളെപ്പറ്റി വംശാവലിരേഖകളിലും മറ്റുമായി വളരെ ചുരുക്കം ചില പരാമർശങ്ങളേ തിരുവെഴുത്തിൽ നാം കാണുന്നുള്ളൂ. മിസ്രയീമിൽ അടിമകളായിരുന്ന യിസ്രായേല്യരുടെ ആ സമൂഹത്തിൽ അവർ പ്രമാണികളും ആയിരുന്നില്ല. തികച്ചും സാധാരണക്കാരായ, പണമോ പ്രതാപമോ ഒന്നുമില്ലാതിരുന്ന ആ മാതാപിതാക്കൾ, തങ്ങൾക്കുണ്ടായിരുന്ന ദൈവഭക്തി, ദർശനം, സ്വഭാവശ്രേഷ്ഠത ഇവയെല്ലാം ചുരുക്കം ചില വർഷങ്ങൾ മാത്രം തങ്ങളോടൊപ്പം പാർത്ത ആ മകന് കൈമാറി. മാതാപിതാക്കളേ, നാം ഉത്തരവാദികളാണ്! മക്കൾക്കുവേണ്ടി സുഖസൗകര്യങ്ങളും ഏറെ സമ്പത്തും സ്വരുക്കൂട്ടിവയ്ക്കാനല്ല നാം വ്യഗ്രത കാട്ടേണ്ടത് - അതെല്ലാം നശ്വരമാണെന്നോർക്കുക. നിലനിൽക്കുന്ന സ്വത്തായ ദൈവഭയവും താഴ്മയുമുള്ള ഒരു പവിത്ര ജീവിതം അവർ നിങ്ങളിൽ നിന്ന് ഉൾക്കൊള്ളാനിടവരട്ടെ.

ചുരുക്കം വർഷങ്ങൾ മാത്രമേ മക്കൾ നിങ്ങളുടെ നിയന്ത്രണത്തിൽ ഉണ്ടാവുകയുള്ളൂ എന്ന വസ്തുത മറക്കരുത്. നിസ്സഹായതയോടെ മക്കൾക്കായി ദൈവത്തോടു നിലവിളിക്കുക; മാതൃകായോഗ്യമായ ഒരു ജീവിതം ലക്ഷ്യമിടുക; ഭവനത്തിൽ സുതാര്യത നിലനിർത്തുകയും തെറ്റുകൾ തുറന്നു സമ്മതിക്കുകയും ചെയ്യുക. "ഇതു ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊള്ളുവിൻ". (6)

ഞാങ്ങണക്കമ്പുകൾ കൊണ്ട് ചെറിയൊരു ബാസ്ക്കറ്റ് കെട്ടിയുണ്ടാക്കി, വെള്ളം കയറാതവണ്ണം അതിൽ കീൽ തേച്ച് ഒരുക്കുമ്പോൾ ആ അടിമയുവതി താൻ ചെയ്യുന്ന പ്രവൃത്തിയുടെ മഹത്വം ഗ്രഹിച്ചിട്ടുണ്ടാവില്ല. എന്നാൽ അവൾ അതെല്ലാം വിശ്വാസത്താൽ, നല്ല മനസ്സോടെ ചെയ്തു; മഹത്തായ ദൈവപ്രവൃത്തിയുടെ ഭാഗമായി അവൾ തീർന്നു. അമ്മമാരേ! നിങ്ങളുടെ കുഞ്ഞുങ്ങളുടെ ഉത്തരവാദികൾ ആയിരിക്കുക. പരാതികൾ, ആവലാതികൾ, സങ്കടങ്ങൾ, ന്യായവാദങ്ങൾ എന്നിവയെല്ലാം അവസാനിപ്പിക്കുക. അല്ലാഞ്ഞാൽ യോഖേബേദ് ഒരു ദിവസം എഴുന്നേറ്റ് നിങ്ങളെ കുറ്റം വിധിക്കും - നിങ്ങൾക്ക് ഇന്നുള്ള സൗകര്യങ്ങൾ ഒന്നും തന്നെ ആ മാതാവിന് ഉണ്ടായിരുന്നില്ലല്ലോ.

അത്യുന്നതനായ ദൈവം അന്ത്യനാളിൽ ദൈവ പുരുഷനായ മോശെയ്ക്കും ശ്രേഷ്ഠപുരോഹിതനായ അഹരോനും പ്രതിഫലങ്ങൾ നൽകുന്ന ആ ശുഭസന്ദർഭത്തിൽ എളിയവരായ ഈ മാതാപിതാക്കളെയും-യോഖേബേദും അമ്രാമും- വിളിച്ചുവരുത്തി അവിടുന്നു മാന്യമായി ആദരിക്കുമെന്നതിൽ സംശ





യമില്ല.

**ശമൂവേലിന്റെ മാതാവ്:** ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് ഒരു വലിയ ദൈവപുരുഷന്റെ ബാല്യകാലപരിശീലനം സ്തുത്യർഹമായി നിർവ്വഹിക്കാൻ ഹന്നായ്ക്ക് ഭാഗ്യമുണ്ടായി. "യഹോവയുടെ സന്നിധിയിൽ തന്റെ ഹൃദയം പകർന്ന് പ്രാർത്ഥിക്കുന്ന'' (7) ദൈവഭക്തയായ ഒരു മാതാവായിരുന്നു അവൾ. ദൈവത്തോടു ചോദിച്ചുവാങ്ങിയ പ്രിയമകനെ ഏഴെട്ടുവർഷം മാത്രം വീട്ടിൽ പരിശീലിപ്പിച്ച ശേഷം ദൈവശുശ്രൂഷയ്ക്കായി അവൾ സമർപ്പിക്കുകയാണ്. "ഹന്നാ ഭർത്താവിനോട്: ശിശുവിന്റെ മുലകുടി മാറട്ടെ; പിന്നെ അവൻ യഹോവയുടെ സന്നിധിയിൽ ചെന്ന് അവിടെ എന്നും പാർക്കേണ്ടതിന് ഞാൻ അവനെയും കൊണ്ടുപോരാം എന്നു പറഞ്ഞു".(8)

ഹന്നായുടെ സമർപ്പണത്തിന്റെ ആഴം ഒരു പക്ഷേ നമ്മെ ലജ്ജിതരാക്കും. അവൾ ഏലിപുരോഹിതനോടു പറയുകയാണ്: "യജമാനനേ, ഈ ബാലനായിട്ടു ഞാൻ പ്രാർത്ഥിച്ചു,.... അതുകൊണ്ടു ഞാനവനെ യഹോവെക്കു നിവേദിച്ചിരിക്കുന്നു, അവൻ ജീവപര്യന്തം യഹോവെക്കു നിവേദിതനായിരിക്കും".(9) ആദ്യജാതനായ ഏകപുത്രനെ, ആരും നിർബ്ബന്ധിക്കാതെ സ്വയമേവ ദൈവത്തിന്റെ പ്രവൃത്തിക്കായി ഇന്ന് എത്ര മാതാപിതാക്കൾ സമർപ്പിക്കും? നമുക്കു സ്വയം മറുപടി നൽകാം. മക്കളെ മാമോനുവേണ്ടിയും, ആഡംബര-സുഖജീവിതത്തിനുവേണ്ടിയും സ്ഥാനമാനങ്ങൾക്കുവേണ്ടിയും സമർപ്പിച്ചിരിക്കുന്നവർക്ക് ഹാ കഷ്ടം! അങ്ങനെയുള്ളവരെ ഒരു നാൾ ഹന്നാ കുറ്റം വിധിക്കും.

**യോനാദാബും മക്കളും:** യിരെമ്യാവിന്റെ 35-ാം അധ്യായത്തിൽ ദൈവഭക്തനായ യോനാദാബിന്റെ കുടുംബത്തെപ്പറ്റി മനോഹരമായി പ്രതിപാദിച്ചിരിക്കുന്നു. തന്റെ സമൂഹത്തിന്റെ ദുഷിപ്പുകളെയും, ദൈവകല്പനകളുടെ അന്തസ്സത്തയെയും നന്നായി ഗ്രഹിച്ച യോനാദാബ് ദൈവികമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ തന്റെ മക്കളെ വളർത്തിക്കൊണ്ടുവരാൻ നിശ്ചയിച്ചുറച്ചു. ആ തലമുറയിൽപ്പെട്ട സകലയിസ്രായേല്യരിൽ നിന്നും ഈയൊരു കുടുംബത്തെ ദൈവം തനിക്കു ബോധിച്ച ഒരു സാമ്പിളായി ഉയർത്തിക്കാട്ടുകയാണ്. "യോനാദാബ് തന്റെ പുത്രന്മാരോട് വീഞ്ഞുകുടിക്കരുതെന്ന് കല്പിച്ചത് അവർ അനുസരിക്കുന്നു; അവർ പിതാവിന്റെ കല്പന പ്രമാണിച്ച് ഇന്നുവരെ കുടിക്കാതെ ഇരിക്കുന്നു" (10)

ജനം ദൈവത്തെയും തന്റെ വചനങ്ങളെയും പാടേ ഉപേക്ഷിച്ചിട്ട് വിഗ്രഹാരാധനയിലും ദുഷ്ടതയിലും പെട്ട് വലിയൊരു ശിക്ഷാവിധിയിലേക്കു പായുന്നതായി യോനാദാബ് ഗ്രഹിച്ചു. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ അദ്ദേഹം തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി ചില നിലപാടുകൾ സ്വീകരിക്കുകയും ചെയ്തു. തനിക്കു ലഭിച്ച ദൈവികദർശനത്തിന്റെയും ബോധ്യങ്ങളുടെയും അടിസ്ഥാനത്തിൽ യോനാദാബ് തന്റെ മക്കൾക്ക് കർശനമായ ചില കല്പനകൾ നൽകി: ''നിങ്ങൾ ചെന്നു പാർക്കുന്ന ദേശത്ത് ദീർഘായുസ്സോടെ ഇരിക്കേണ്ടതിന് നിങ്ങളും നിങ്ങളുടെ മക്കളും ഒരിക്കലും വീഞ്ഞു കുടിക്കരുത്; വീടു പണിയരുത്; വിത്തു വിതെയ്ക്കരുത്; മുന്തിരിത്തോട്ടം ഉണ്ടാക്കരുത്; ഈ വക ഒന്നും നിങ്ങൾക്കുണ്ടാകരുത്. നിങ്ങൾ ജീവപര്യന്തം കൂടാരങ്ങളിൽ പാർക്കേണം". (11)

അബ്രഹാം ചെയ്തതുപോലെ യോനാദാബും ദൈവവഴികളെ മക്കളോട് കല്പിക്കുന്നതായും അവരോട് കൃത്യമായ അനുസരണം ആവശ്യപ്പെടുന്നതായും നാം കാണുന്നു. യിസ്രാ

**(ശേഷം പേജ് 29 ൽ)**

സന്ദേശം

# ആഴമേറിയ ജീവിതത്തിലേക്കുള്ള വഴികൾ

ഏ. ഡബ്ല്യു ടോസർ

പുതിയനിയമത്തിൽ വരച്ചു കാട്ടിയിരിക്കുന്ന ലളിതമായ ജീവിതത്തെയാണ് ആഴമേറിയ ജീവിതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു സാധാരണ ക്രിസ്ത്യാനിക്ക് ഒട്ടും ആഴം ഇല്ലാത്തതുകൊണ്ട് മാത്രമാണ് ഈ പ്രയോഗം തന്നെ ആവശ്യമായി വന്നത്. ചില ആളുകൾ ഉറച്ച തീരുമാനങ്ങൾ എടുക്കുന്നതിനു എതിരാണ്. എന്നാൽ വേദപുസ്തകം പരിശോധിച്ചാൽ എല്ലാ മഹദ്വ്യക്തികളും ദൈവസന്നിധിയിൽ വ്യക്തമായ തീരുമാനങ്ങളും വാഗ്ദാനങ്ങളും പ്രതിജ്ഞകളും എടുത്തിട്ടുള്ളവരായിരുന്നു എന്നു കാണാൻ കഴിയും. ജഡികനായ ഒരു വിശ്വാസി അപ്രകാരമുള്ള സമർപ്പണത്തിനും ശിക്ഷണത്തിനും സന്നദ്ധനാകുകയില്ല. അതെല്ലാം പ്രമാണങ്ങളാണെന്നും അതിൽ നിന്നെല്ലാം താൻ തികച്ചും സ്വതന്ത്രനാണെന്നും അവൻ പറയും. യാതൊന്നിനും കീഴ്പ്പെടാത്ത ഇപ്രകാരമുള്ള ധാരാളം കൂട്ടങ്ങൾ ഇന്നു ലോകത്തിൽ ഉണ്ട്.

എന്നാൽ നമുക്കു തീരുമാനം എടുക്കുവാനും പ്രാവൃത്തികമാക്കുവാനും കഴിയുന്ന അഞ്ചു വസ്തുതകൾ നിങ്ങളുടെ മുമ്പാകെ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. (1) പാപത്തെ യാതൊരു വിട്ടുവീഴ്ചയും കൂടാതെ കൈകാര്യം ചെയ്യുക (2) യാതൊന്നും സ്വന്തമാണെന്ന് ഒരിക്കലും ചിന്തിക്കാതിരിക്കുക. (3) തന്നെത്താൻ നീതികരിക്കുവാൻ ഒരിക്കലും ശ്രമിക്കാതിരിക്കുക (4) മറ്റൊരാൾക്കു മുറിവുണ്ടാക്കുന്ന യാതൊന്നും ചെയ്യാതിരിക്കുക (5) യാതൊരു മഹത്വവും ഒരിക്കലും സ്വീകരിക്കാതിരിക്കുക. ഈ അഞ്ചു തീരുമാനങ്ങൾ ബൈബിളിന്റെ അവസാനത്തെ പേജിൽ എഴുതി വച്ചിട്ട് മറന്നു കളയുവാനുള്ളതല്ല. ഇവ സ്വന്തം രക്തത്തിൽ മുക്കി എഴുതേണ്ട ഉടമ്പടികളത്രേ. തിരുവെഴുത്തിൽ ഇഷ്ടമുള്ള കുറെ ഭാഗങ്ങൾ മാത്രം തെരഞ്ഞെടുക്കുകയും ബാക്കി ഭാഗങ്ങൾ അവഗണിക്കുകയും ചെയ്യാൻ നമുക്കു അനുവാദമില്ല. സമ്പൂർണ്ണ ബൈബിളിനു മാത്രമേ സമ്പൂർണ്ണ ക്രിസ്ത്യാനിയെ വാർത്തെടുക്കാൻ കഴിയൂ.

നിങ്ങളുടെ ചിന്തകൾ ദൈവത്തിന് യഥാർത്ഥ വസ്തുതകളാണ്. നിങ്ങൾ അധിവസിക്കുന്ന മന്ദിരത്തിന്റെ ആന്തരികാലങ്കാരങ്ങളാണ് നിങ്ങളുടെ ചിന്തകൾ. എത്ര കരിപുരണ്ട വസ്ത്രമാണ് ബാഹ്യമായി നിങ്ങൾ ധരിച്ചിരിക്കുന്നതെങ്കിലും ചിന്തകൾ യേശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവയാണെങ്കിൽ നിങ്ങൾ എത്രയും ചന്തമുള്ള അന്തർമന്ദിരത്തിലാണ് വസിക്കുന്നത്. നിങ്ങളുടെ ഹൃദയാന്തർഭാ







**ജീവിതത്തെ ധന്യമാക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ, നിങ്ങളുടെ ചിന്തകളെ നിയന്ത്രണ വിധേയമാക്കിയേ മതിയാവൂ. എല്ലാവിധ വന്യമൃഗങ്ങളും അലഞ്ഞു തിരിയുന്നതും വിവിധ പക്ഷികൾ ചേക്കേറുന്നതുമായ ഒരു വന പ്രദേശമാകാൻ ഹൃദയത്തെ ഒരിക്കലും അനുവദിച്ചുകൂടാ.**

ഗത്തെ അലങ്കരിക്കുന്നതും അതിനുള്ളിലെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതും നിങ്ങളുടെ ചിന്തകളാണ്. ഇക്കാരണത്താലാണ് നിങ്ങളുടെ ചിന്തകളെ നിങ്ങളുടെ തന്നെ ഭാഗമായി ദൈവം കാണുന്നത്. സമാധാനത്തിന്റെ ചിന്തകൾ, മനസ്സലിവിന്റെ ചിന്തകൾ, ദൈവികചിന്തകൾ, ദൈവപുത്രനെക്കുറിച്ചുള്ള ചിന്തകൾ-ഇവയെല്ലാം നല്ലതും വിശുദ്ധവും ഉന്നതവുമായ കാര്യങ്ങളാണ്. ആകയാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ ജീവിതത്തെ ധന്യമാക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ, നിങ്ങളുടെ ചിന്തകളെ നിയന്ത്രണവിധേയമാക്കിയേ മതിയാവൂ. എല്ലാവിധ വന്യമൃഗങ്ങളും അലഞ്ഞു തിരിയുന്നതും വിവിധ പക്ഷികൾ ചേക്കേറുന്നതുമായ ഒരു വനപ്രദേശമാകാൻ ഹൃദയത്തെ ഒരിക്കലും അനുവദിച്ചുകൂടാ.

എന്തുകൊണ്ടാണ് ചില വ്യക്തികൾ മറ്റുള്ളവരേക്കാൾ കൂടുതൽ ദൈവത്തെ അടുത്തറിയുന്നത്? ദൈവത്തിന് മുഖപക്ഷമുള്ളതുകൊണ്ടാണോ? ഒരിക്കലുമല്ല. ആത്മികവിഷയങ്ങളിൽ അത്യന്തം ശ്രദ്ധ പതിപ്പിച്ചവർ മാത്രമാണ് എറ്റവും വലിയ വിശുദ്ധന്മാരായിത്തീർന്നത് എന്നതാണ് സത്യം. സാധാരണ വിശ്വാസികളിൽ നിന്നും വ്യത്യസ്തമായി എപ്പോഴൊക്കെ ആന്തരികദാഹം അനുഭവപ്പെട്ടോ അപ്പോഴൊക്കെ അതിന്റെ ശമനത്തിനായി അവർ എന്തെങ്കിലും ചെയ്തിരുന്നു എന്നതാണ് അവരുടെ പ്രത്യേകത. ജീവിതകാലം മുഴുവൻ ആത്മാവിന്റെ ശബ്ദത്തോട് പ്രതികരിക്കുന്ന ഒരു സ്വഭാവം തന്നെ അവർ രൂപപ്പെടുത്തിയിരുന്നു. ഈ ആത്മീയ ബോധം ഓരോരുത്തരിലും വ്യത്യസ്ത അളവുകളിലാണ് കാണപ്പെടുക. നിരന്തര പരിശീലനത്തിലൂടെ ഇത് വർദ്ധിപ്പിക്കാനും അവഗണനയിലൂടെ ഇല്ലാ

**നിങ്ങളുടെ ചിന്തകൾ ദൈവത്തിന് യഥാർത്ഥ വസ്തുതകളാണ്. നിങ്ങൾ അധിവസിക്കുന്ന മന്ദിരത്തിന്റെ ആന്തരികാലങ്കാരങ്ങളാണ് നിങ്ങളുടെ ചിന്തകൾ. എത്ര കരിപുരണ്ട വസ്ത്രമാണ് ബാഹ്യമായി നിങ്ങൾ ധരിച്ചിരിക്കുന്നതെങ്കിലും ചിന്തകൾ യേശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവയാണെങ്കിൽ നിങ്ങൾ എത്രയും ചന്തമുള്ള അന്തർമന്ദിരത്തിലാണ് വസിക്കുന്നത്. നിങ്ങളുടെ ഹൃദയാന്തർഭാഗത്തെ അലങ്കരിക്കുന്നതും അതിനുള്ളിലെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതും നിങ്ങളുടെ ചിന്തകളാണ്.**

താക്കാനും നമുക്ക് കഴിയും. തടുത്തുനിർത്താൻ കഴിയാത്ത വിധം നമ്മുടെ മേൽ സർവ്വാധികാരത്തോടെ വന്നു പതിച്ച് നമ്മെ കീഴ്പ്പെടുത്തുന്ന ഒരു ശക്തിയല്ല ഇത്. ദൈവത്തിന്റെ ദാനമെങ്കിലും അതീവസൂക്ഷ്മതയോടെ തിരിച്ചറിഞ്ഞ് നമ്മിൽ വളർത്തിയെടുക്കേണ്ട ഒന്നത്രേ ഈ ആത്മികഅവബോധം!

ഈ യാഥാർത്ഥ്യം മനസ്സിലാക്കാഞ്ഞതാണ് ഇന്നത്തെ സുവിശേഷവിഹിതസമൂഹത്തിനു നേരിട്ട ഏറ്റവും വലിയ പരാജയം. ആഴമേറിയ ആത്മീയാനുഭവങ്ങൾക്കു പകരം കേവലം ഉപരിപ്ലവവും നാടകീയവുമായ പ്രതികരണങ്ങളും, മനസ്സിനിണങ്ങിയ യാന്ത്രികമായ സംവിധാനങ്ങളുമാണ് ഇന്ന് ഏവർക്കും പ്രിയങ്കരം. ദൈവവുമായുള്ള ബന്ധത്തിലും ആധുനിക സാങ്കേതിക വിദ്യ പ്രയോഗിക്കാൻ നാം ശ്രമിക്കുന്നു!! ഒരു വചനഭാഗം വായിച്ച് ചെറിയ ഒരു ധ്യാനചിന്ത പങ്കുവച്ച് ഏതാനും നിമിഷം കൊണ്ട് എല്ലാം പൂർത്തിയാക്കി നാം സ്ഥലം വിടുന്നു. ഇപ്രകാരമുള്ള ചടങ്ങുകൾ കൊണ്ട് അത്യുത്ക്കടമായ ആന്തരികതൃഷ്ണയെ തൃപ്തമാക്കാം എന്നു നാം വ്യാമോഹിക്കുന്നു! നമ്മുടെ ആത്മീയ പാപ്പരത്തത്തെ മനസ്സിലാക്കാതെ ഇപ്രകാരം മുന്നോട്ടു പോകുന്നതിന്റെ അനന്തരഫലം എത്ര ഭയാനകമെന്നു നാം ഓർക്കുന്നില്ല. ഇത്തരത്തിലുള്ള പൊള്ളത്തരത്തിൽ നിന്നും കുതറിമാറാനും ബൈബിളിൽ കാണുന്ന മാർഗ്ഗങ്ങളിലൂടെ മുന്നേറാനും കഴിയണമെങ്കിൽ ദൃഢനിശ്ചയമുള്ള ഒരു മനസ്സും അനല്പമായ ധീരതയും നാം സമാർജ്ജിച്ചേ മതിയാവൂ. അതിനായി നാം വളരെ കഷ്ടം സഹിക്കയും കനത്ത വില കൊടുക്കയും ചെയ്യേണ്ടി വരും. ധ്യാനപരവും ആഴമേറിയതുമായ ഒരു ജീവിതം സാധ്യമല്ലാത്തവിധം ആധുനികസംസ്ക്കാരം അത്യന്തം സങ്കീർണ്ണമായിപ്പോയി. ശാസ്ത്രം മനുഷ്യന് ചില ഭൗതികസൗകര്യങ്ങളാകുന്ന അപ്പനുറുക്കകൾ ഇട്ടുകൊടുത്തുകൊണ്ട് അവന്റെ ആത്മാവിനെ നശിപ്പിക്കുന്ന ഒരു മരണക്കെണി തന്നെ അവനു ചുറ്റും ഒരുക്കിയിരിക്കുകയാണ്. സ്വന്തമായി ചിന്തിക്കാൻപോലും അവസരം കൊടുക്കാതെ പരിഷ്കൃത ലോകം മനുഷ്യനെ നശിപ്പിക്കുന്നു. അതിനൂതനവും വ്യാപകവുമായ വാർത്താവിനിമയസംവിധാനങ്ങൾ തന്ത്രപരമായി ഉപയോഗിച്ച് ചുരുക്കം ചില വ്യക്തികൾ ബഹുഭൂരിപക്ഷം വരുന്ന മറ്റുള്ളവരുടെ മേൽ ഏകപക്ഷീയവും മുൻകൂർ തയ്യാറാക്കിയതും അന്യവുമായ ആശയങ്ങൾ അടിച്ചേല്പ്പിക്കുന്നു. ഓരോരുത്തനും സ്വയം ചിന്തിക്കേണ്ട കാര്യങ്ങൾ മറ്റൊരുവൻ ചിന്തിച്ച് പാകപ്പെടുത്തി മുമ്പിൽ വിളമ്പുന്നതിനാൽ തൽക്ഷണം അവൻ അത് കണ്ണുമടച്ച് വെട്ടിവിഴുങ്ങുന്നു!! ഇപ്രകാരമുള്ള മസ്തിഷ്ക്കപ്രക്ഷാളനം ദൈനംദിനപ്രക്രിയയായിത്തീർന്നതിനാൽ ഏകാന്തതയും ശാന്തതയും ധ്യാനവും വിചിന്തനവും ഒക്കെ ആധുനിക മനുഷ്യന് കേവലം മരീചിക മാത്രമായിത്തീർന്നിരിക്കുന്നു!!





**സ്വന്തമായി ചിന്തിക്കാൻപോലും അവസരം കൊടുക്കാതെ പരിഷ്കൃത ലോകം മനുഷ്യനെ നശിപ്പിക്കുന്നു. അതിനൂതനവും വ്യാപകവുമായ വാർത്താ വിനിമയ സംവിധാനങ്ങൾ തന്ത്രപരമായി ഉപയോഗിച്ച് ചുരുക്കം ചില വ്യക്തികൾ ബഹുഭൂരിപക്ഷം വരുന്ന മറ്റുള്ളവരുടെ മേൽ ഏകപക്ഷീയവും മുൻകൂർ തയ്യാറാക്കിയതും അന്യവുമായ ആശയങ്ങൾ അടിച്ചേല്പ്പിക്കുന്നു. ഓരോരുത്തനും സ്വയം ചിന്തിക്കേണ്ട കാര്യങ്ങൾ മറ്റൊരുവൻ ചിന്തിച്ച് പാകപ്പെടുത്തി മുമ്പിൽ വിളമ്പുന്നതിനാൽ തൽക്ഷണം അവൻ അത് കണ്ണുമടച്ച് വെട്ടിവിഴുങ്ങുന്നു!!**

വിശ്വാസം നമ്മിൽ ഉളവാകുന്നതിന് നാം തിരുവചനത്തിൽ സദാ മുങ്ങിയിരിക്കേണ്ടതുണ്ട്. മാത്രമല്ല, വിശ്വാസം പ്രയോജനപ്പെടണമെങ്കിൽ അത് ജീവിതത്തിൽ പ്രയോഗിച്ചേ മതിയാവൂ. ശരീരത്തിലെ പേശികളെപ്പോലെ അഭ്യാസത്തിലൂടെ മാത്രമേ വിശ്വാസവും ശക്തമാകുകയുള്ളൂ. പ്രയോഗത്തിൽ വരുത്താതെ കേവലം ചിന്തയിൽ മാത്രം ഒതുങ്ങുന്ന ആത്മീയ താത്പര്യം കൊണ്ട് യാതൊരു പ്രയോജനവും ഇല്ല. നിശ്ചയ ദാർഢ്യത്തോടെ ജീവിതത്തെ ഒന്നൊന്നായി ക്രമപ്പെടുത്തുക. എത്രത്തോളം വാഞ്ഛിക്കുന്നുവോ അത്രത്തോളം മാത്രമേ വിശുദ്ധനാകാൻ കഴിയൂ. ഈ വാഞ്ഛ തന്നെ, ഒരിക്കലും അടക്കാനാവാത്ത വിധം അതിശക്തമായിരിക്കയും വേണം; ജീവിതത്തിന്റെ കുത്തഴിഞ്ഞ ഭാഗങ്ങളെല്ലാം മുറുക്കിക്കെട്ടുക. കർത്താവിനുവേണ്ടി കൊടുക്കാൻ തുടങ്ങുക. കുടുംബപ്രാർത്ഥന സമാരംഭിക്കുക, കടങ്ങളെല്ലാം കൊടുത്തുതീർക്കുക, കടമകൾ എല്ലാം നിർവ്വഹിക്കുക, പ്രാർത്ഥനയ്ക്കും തിരുവചനധ്യാനത്തിനും പ്രത്യേക സമയം വേർതിരിക്കുക, സമ്പൂർണ്ണമായി ദൈവഹിതത്തിന് ഏല്പിച്ചുകൊടുക്കുക, ക്രിസ്തീയമല്ലാത്ത എല്ലാ സ്വഭാവങ്ങളും ഉപേക്ഷിക്കുക. മറ്റ് ധാരാളം വിശ്വാസികൾ കൂസലില്ലാതെ ചെയ്യുന്നതാണെങ്കിൽ പോലും; "മറ്റുള്ളവർക്കു അതു ആകാം, നിനക്കു മാത്രം പാടില്ല'' എന്നു കർത്താവ് നിന്നോട് പറയുന്ന വാക്കുകൾ നീ എപ്പോഴും ഓർക്കുക. അവരേക്കാൾ അധികം തന്റെ ചാരത്തേക്കു ദൈവം നിന്നെ വിളിക്കുന്നു എന്നു നീ മറക്കരുത്. അപ്പോൾ തന്നെ അവരെ കുറ്റം വിധിക്കയോ വിമർശിക്കയോ ചെയ്യാതെ അവരെക്കാൾ ഉന്നതമായ നിലവാരം പുലർത്താൻ നീ ശ്രമിക്കുക, ക്രിസ്തുവിനെ മാത്രം നിന്റെ ഹൃദയത്തിന്റെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കുകയും അപ്രകാരം എപ്പോഴും തുടരാൻ അനുവദിക്കുകയും ചെയ്യുക. ക്രിസ്തുവിൽ മാത്രമേ നിനക്കു സമ്പൂർണ്ണസംതൃപ്തി ലഭ്യമാകുകയുള്ളൂ എന്നു നീ ഓർക്കുക. നിന്റെ ഹൃദയം പരിശുദ്ധാത്മാവിനായി തുറന്നു കൊടുക്കുകയും നിന്നെ നിരന്തരം നിറയ്ക്കുവാൻ അവനോട് അപേക്ഷിക്കുകയും ചെയ്യുക. അവൻ അതു നിവർത്തിക്കുക തന്നെ ചെയ്യും. നിന്നിൽ അധിവസിക്കുന്ന ദൈവത്തിന്റെ ദാനമായ പരിശുദ്ധാത്മാവിനെ അവഗണിക്കത്തക്കവിധം മറ്റാരുടെയും വചനവ്യാഖ്യാനം നി ചെവിക്കൊള്ളേണ്ടതില്ല. എത്രത്തോളം ആഗ്രഹിക്കുമോ അത്രത്തോളം നിനക്കു പരിശുദ്ധാത്മാവിനാൽ നിറയാൻ കഴിയും. നീ നിന്റെ ഹൃദയത്തെ ശൂന്യമാക്കുന്തോറും അവൻ നിന്നെ നിറച്ചുകൊണ്ടേയിരിക്കും. നിന്നോടുതന്നെ കർക്കശമായും മറ്റുള്ളവരോട് ഉദാരമായും ഇടപെടുക. നിന്റെ കുരിശു നീ നിരന്തരം ചുമക്കുകയും യാതൊരു കുരിശും മറ്റാരുടേയും ചുമലിൽ വയ്ക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ഇപ്രകാരം നിരന്തരം ദൈവസാന്നിധ്യം പരിശീലിച്ച് ആഴമേറിയ ജീവിതത്തിലേക്കു ചുവടു വയ്ക്കാം.

വചനം

കഷ്ടതയ്ക്കുള്ള ശക്തി-2

# കഷ്ടതയിൽനിന്നു വിശ്വാസം

ഡേവിഡ് വിൽക്കേഴ്സൺ

**കഷ്ടത എത്ര വേദനാജനകമായിരുന്നാലും ദൈവം വിലയുള്ളതും നല്ലതുമായ ചിലത് നമുക്കു വേണ്ടി ചെയ്യും**

എനിക്കൊരു ഏറ്റുപറച്ചിൽ നടത്താനുണ്ട്. എനിക്കെതിരായി തിരിഞ്ഞ എന്റെ ചില സുഹൃത്തുക്കൾ എന്റെ ഹൃദയത്തിൽ ഉണ്ടാക്കിയ മുറിവുകളിൽ നിന്നാണ് ഞാൻ എഴുതുന്ന ഈ ലേഖനം. ചില സമയത്ത് നമ്മോട് ഏറ്റവും അടുത്തു നിൽക്കുന്നവരിൽ നിന്നാകും ഏറ്റവും വലിയ കഷ്ടത നേരിടേണ്ടി വരിക. അവർ നമ്മെ അടുത്തറിയുന്നവരാകയാൽ അവരുടെ വാക്കുകളും കുറ്റപ്പെടുത്തലുകളും നമ്മെ ആഴത്തിൽ വ്രണപ്പെടുത്തും.

ഞാൻ വളർത്തിക്കൊണ്ടു വന്ന ഒരു സ്നേഹിതനെക്കുറിച്ച് ഓർക്കുകയാണ്. ഒരിക്കൽ അവൻ വന്ന് ഭയങ്കരമായ രീതിയിൽ എന്റെ നേരേ തെറ്റായ കുറ്റാരോപണം നടത്തി. മുറിപ്പെടുത്തുന്ന വാക്കുകളുടെ കുത്തൊഴുക്കാണ് അവനിൽ നിന്നു വന്നത്. അതെന്നെ ആഴത്തിൽ വ്രണപ്പെടുത്തി. വളരെ തകർന്നവനായിട്ടാണ് ആ കൂടിക്കാഴ്ചയ്ക്കുശേഷം ഞാൻ വീട്ടിലേക്കു പോയത്. ദൈവമുമ്പാകെ നിലംപാടു വീണ് ഞാൻ ദൈവത്തോടു ചോദിച്ചു, "എങ്ങനെയാണ് എന്റെ സ്നേഹിതന് ഇത്ര കഠിനമായ വാക്കുകൾ എന്നോട് പറയുവാൻ കഴിഞ്ഞത്?'' ഇതിനു മുൻപ് ഞാൻ ഇത്രയും വ്രണപ്പെട്ടിട്ടില്ല. ഇതു ശത്രുവിന്റെ ഒരു ആക്രമണമാണ്. എന്റെ ഹൃദയത്തിൽ എനിക്കറിയാം അവൻ പറയുന്ന കാര്യങ്ങളൊന്നും സത്യമല്ലെന്ന്.

എന്നെ വ്രണപ്പെടുത്തിയ എന്റെ സ്നേഹിതനോട് ഞാൻ ക്ഷമിച്ചു. അവനു വേണ്ടി ഞാൻ പ്രാർത്ഥിച്ചു. എന്നാൽ എന്റെ ഉള്ളിൽ എന്തോ എന്നെ കുത്തിക്കൊണ്ടിരുന്നു. ആത്മാവിൽ ഒരു കിരുകിരുപ്പ്. ഞാൻ വീണ്ടും ദൈവസന്നിധിയിൽ ചെന്നു. ഇത്തവണ ഞാൻ ചോദിച്ചു "ദൈവമേ, അങ്ങ് ഈ കാര്യത്തിൽ ഇടപെട്ടിട്ടുണ്ടോ? അങ്ങ് അനുവദിച്ചതാണോ ഈ സാഹചര്യം? ഈ അനുഭവങ്ങളിലൂടെ അവിടുന്ന് എന്നോട് എന്തെങ്കിലും പറയുവാൻ ശ്രമിക്കുകയാണോ?"

എന്റെ ജീവിതത്തിലെ ഒരു പ്രത്യേകമേഖലയിൽ ആവശ്യമായിരുന്ന ഒരു തിരുത്തൽ നൽകിക്കൊണ്ട് ദൈവം എനിക്കു ഉത്തരം നൽകി. എന്റെ സ്നേഹിതന്റെ കുറ്റപ്പെടുത്തലുകളെ കുറിച്ച് എനിക്കുണ്ടായിരുന്ന അസ്വസ്ഥത വാസ്തവത്തിൽ എന്നെ നശിപ്പിക്കുമായിരുന്ന ഒരു വിഷയത്തിലേയ്ക്ക് എന്നെ ഉണർത്തുവാൻ വേണ്ടിയുള്ളതായിരുന്നു. ഒന്നു നിന്നു എന്റെ ഹൃദയത്തിന്റെ ഉള്ളിലേയ്ക്കു നോക്കുവാനും കർത്താവിനു തടസ്സമായി നിൽക്കുന്ന എന്തെങ്കിലും എന്റെ ഉള്ളിലുണ്ടോ എന്നു പ്രാർത്ഥിക്കുവാനും ഈ സാഹചര്യം എനിക്ക് ഇടയാക്കി.

കഷ്ടതയുടെ നടുവിൽ നാം നമ്മെ





ത്തന്നെ താഴ്ത്തിയാൽ തന്റെ കരുണയെക്കുറിച്ചുള്ള മഹത്തായ വെളിപ്പാട് നൽകുവാൻ തക്കവണ്ണം ദൈവം വിശ്വസ്തനാണ്. അവൻ അതാണ് എന്റെ കാര്യത്തിൽ ചെയ്തത്: ദൈവത്തിൽ നിന്നുള്ള സ്നേഹപൂർവ്വമായ തിരുത്തൽ ലഭിച്ചപ്പോൾ പരിശുദ്ധാത്മാവ് എന്നോട് മന്ത്രിച്ചു "നീ എന്റെ വചനത്തിങ്കലേയ്ക്കു ചെന്ന് എന്റെ കരുണയെക്കുറിച്ചും ദയയെക്കുറിച്ചും ദീർഘക്ഷമയെക്കുറിച്ചും അറിയുവാൻ ശ്രമിക്കുക"

അന്ധകാരത്തിലൂടെ കടന്നു പോകുന്ന ഒരു സമയത്തിനുശേഷമാണ് ദൈവം എന്റെ ജീവിതത്തിൽ പ്രധാനപ്പെട്ട പല പ്രവൃത്തികളും ചെയ്തിട്ടുള്ളത്. ഇത് ഒരു സത്യമാണ്. എന്നും നില നിൽക്കേണ്ട ചില പാഠങ്ങൾ ഞാൻ പഠിച്ചത് കടുത്ത വേദനയുടെ സമയത്താണ്. ആ സമയത്ത് ദൈവത്തിന്റെ ദയയാൽ, സ്വയം പ്രശ്നങ്ങളുടെ കാരണം കണ്ടുപിടിക്കുവാൻ ശ്രമിക്കാതെ പകരം അവിടുത്തെ പ്രവൃത്തിക്കായി എന്നെത്തന്നെ വിട്ടുകൊടുത്തു.

ദൈവഭക്തന്മാർ ഇത്തരം സാഹചര്യങ്ങളെ കുറിച്ച് എഴുതിയ അനേകം പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. അതിലൊക്കെ ചില വിശുദ്ധന്മാർ ദിവസങ്ങൾ അല്ലെങ്കിൽ വർഷങ്ങൾ അല്ലെങ്കിൽ ജീവിതകാലം മുഴുവൻ കഷ്ടം അനുഭവിക്കേണ്ടി വരുന്നതിനെ കുറിച്ച് വിശദീകരിക്കുന്നുണ്ട്. പല ഉത്തരങ്ങളും എന്നെ തൃപ്തിപ്പെടുത്തിയില്ല. വളരെ ദൈവഭക്തരായ ചിലർക്കു ദീർഘകാലം വളരെ കഷ്ടതയിലൂടെ കടന്നു പോകേണ്ടി വരുന്നത് എന്തുകൊണ്ടാണെന്ന് വേദശാസ്ത്രപരമായി വിശദീകരിക്കുവാൻ എനിക്കും കഴിയുന്നില്ല.

അതിനു പകരം കഷ്ടതയുടെ നടുവിൽ ഈ താഴ്ചയുള്ള മനുഷ്യർ അനുഭവിക്കുന്ന ദൈവത്തിന്റെ വിശ്വസ്തതയെ കുറിച്ചുള്ള സാക്ഷ്യങ്ങളിൽ നിന്ന് എന്റെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ഞാൻ ചെയ്യുന്നത്. തീവ്രമായ വേദന അനുഭവിച്ചിരുന്ന ഞങ്ങളുടെ സഭയിലെ മൂപ്പൻ സാമിനെ ഞാൻ ഓർക്കുന്നു. ഇദ്ദേഹം പല ശസ്ത്രക്രിയകൾക്കു ശേഷം ഒരു വടിയുടെ സഹായത്താൽ നടക്കുന്നയാളാണ്. ഞാൻ സാമിനെ കാണുന്ന സമയത്തെല്ലാം അദ്ദേഹത്തിന്റെ ചുണ്ടിൽ ദൈവവചനവും മുഖത്ത് ക്രിസ്തുവിന്റെ മാധുര്യവും ആണ് ഉള്ളത്. അദ്ദേഹം എനിക്കും എന്റെ സഹപ്രവർത്തകർക്കും വേണ്ടി ദിവസവും പ്രാർത്ഥിക്കാറുണ്ട്. എന്നെ സംബന്ധിച്ച് ഈ വ്യക്തി എബ്രായ ലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന വിശ്വാസവീരന്മാരുടെ കൂട്ടത്തിൽ ഒരാളാണ്.

ദീർഘനാളായുള്ള എന്റെ സെക്രട്ടറിയുടെ ഭർത്താവ് ജിമ്മിയെ കുറിച്ച് ഞാൻ ഓർക്കുന്നു. ചെറുപ്രായം മുതൽ തന്നെ കടുത്ത മരുന്നുകൾക്കു പോലും ആശ്വാസം നൽകാൻ പറ്റാത്ത കൊടിഞ്ഞി രോഗത്തിന്റെ തലവേദനയാൽ കഷ്ടപ്പെടുന്ന ഒരു വ്യക്തിയാണ് ഇദ്ദേഹം. വർഷങ്ങൾ കൊണ്ട് ഇദ്ദേ

**കഷ്ടതയുടെ നടുവിൽ നാം നമ്മെത്തന്നെ താഴ്ത്തിയാൽ തന്റെ കരുണയെക്കുറിച്ചുള്ള മഹത്തായ വെളിപ്പാട് നൽകുവാൻ തക്കവണ്ണം ദൈവം വിശ്വസ്തനാണ്. അവൻ അതാണ് എന്റെ കാര്യത്തിൽ ചെയ്തത്: ദൈവത്തിൽ നിന്നുള്ള സ്നേഹപൂർവ്വമായ തിരുത്തൽ ലഭിച്ചപ്പോൾ പരിശുദ്ധാത്മാവ് എന്നോട് മന്ത്രിച്ചു "നീ എന്റെ വചനത്തിങ്കലേയ്ക്കു ചെന്ന് എന്റെ കരുണയെക്കുറിച്ചും ദയയെക്കുറിച്ചും ദീർഘക്ഷമയെക്കുറിച്ചും അറിയുവാൻ ശ്രമിക്കുക"**

ഹത്തിന്റെ കാഴ്ചയും കേൾവിയും വളരെ മങ്ങിയിരിക്കുന്നു. എന്നാലും ജിമ്മിയെപ്പോലെ കരുണയും മനസ്സലിവും ഉള്ള അപൂർവ്വം ചിലരെ മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ. കടുത്ത വേദനയിൽ ജീവിക്കുമ്പോഴും എങ്ങനെയിരിക്കുന്നു എന്നു ചോദിച്ചാൽ "വളരെ നന്നായിരിക്കുന്നു" എന്നായിരിക്കും ഇദ്ദേഹത്തിന്റെ ഉത്തരം.

ഒടുവിൽ എന്റെ ഭാര്യ ജെൻ. കാൻസർ മാറ്റുന്നതിന് ഇരുപത്തഞ്ചിലധികം ശസ്ത്രക്രിയകളുടെ വേദന അവൾ സഹിച്ചിട്ടുണ്ട്. അവളുടെ കാഴ്ചശക്തിയും വളരെ കുറഞ്ഞിരിക്കുന്നു. കഴിഞ്ഞ അമ്പതു വർഷത്തിനിടയിൽ ജെൻ വേദന അനുഭവിക്കാത്ത വർഷങ്ങൾ കുറവാണ്. എങ്കിലും അവൾ ഒന്നിലും പരാതിപ്പെട്ടില്ല. അവളേയും സാമിനേയും ജിമ്മിയേയും കാണുമ്പോൾ ദൈവം വിശ്വസ്തനാണ് എന്ന തന്റെ സാക്ഷ്യമാണ് ഞാൻ കാണുന്നത്.

ദാവീദ് പറയുന്നതുപോലെ നീതിമാന്റെ കഷ്ടതകൾ അസംഖ്യമാണ്. എന്നാൽ ദൈവം തന്റെ സമയത്ത് തന്റേതായ വഴികളിൽ നമ്മെ വിടുവിക്കും. അതായിരിക്കും പിശാചിന് തടയാൻ പറ്റാത്ത വണ്ണം നിലനിൽക്കുന്ന വിടുതൽ. എന്തുകൊണ്ടാണിത്? കേവലം കഷ്ടതയിൽ നിന്നു മാത്രമല്ല എല്ലാ ഭയത്തിൽ നിന്നും സംശയത്തിൽ നിന്നും കൂടിയാണ് ദൈവം നമ്മെ ഉയർത്തുന്നത്. ഏതു വേദനയേയും ഏതു പ്രശ്നത്തേയും നേരിടുവാൻ തക്കവണ്ണം നാം പ്രാപ്തരാകുന്നു. കാരണം ഇതിന്റെയെല്ലാം നടുവിൽ ദൈവം നമ്മോടു കൂടെയുണ്ട് എന്നു നാം അറിയുന്നു.

കഷ്ടതയിലുടെ കടന്നുപോകുന്നവർക്കുള്ള ദൈവത്തിന്റെ ചില വാഗ്ദാന വചനങ്ങൾ ഇതാ:

നൊടിനേരത്തേയ്ക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു (2 കൊരിന്ത്യർ 4:17).

യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു. ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നെ. അവൻ എല്ലായ്പ്പോഴും ഭത്സിക്കയില്ല എന്നേക്കും കോപം സംഗ്രഹിക്കയുമില്ല. അവൻ നമ്മുടെ പാപങ്ങൾക്കു ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല നമ്മുടെ അകൃത്യങ്ങൾക്ക് ഒത്തവണ്ണം നമ്മോട് പകരം ചെയ്യുന്നില്ല. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോട് വലുതായിരിക്കുന്നു. ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോട് അകറ്റിയിരിക്കുന്നു. അപ്പനു മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്കു തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു അവൻ നമ്മുടെ പ്രകൃതി അറിയുന്നവല്ലോ. നാം പൊടി എന്ന് അവൻ ഓർക്കുന്നു (സങ്കീ 103:8-14).

**മൊഴിമാറ്റം: സാജു ജോസഫ്** ●



## Just a minute

*Love your enemies, pray for those who mistreat you. For He makes his sun shine on bad and good people alke.* (Mathew 5 :44, 45)

**Pheba Cleetus, Kochi.**





# ഉത്തമമാതൃകകൾ

*പേജ് 21 ൽ നിന്ന്*

യേൽ ജനം തങ്ങളുടെ പാപവഴികൾ നിമിത്തം എത്രയും വേഗം ബാബേലിലേക്ക് പ്രവാസികളായി പോകേണ്ടിവരുമെന്ന പ്രവാചകമുന്നറിയിപ്പുകൾ അദ്ദേഹം വിശ്വസിക്കുകയും കാര്യമായിട്ടെടുക്കുകയും ചെയ്തു; ഇക്കാര്യങ്ങൾ തന്റെ വീട്ടിൽ നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുകയും തന്റെ ചുറ്റുമുള്ള മനുഷ്യർക്ക് വിചിത്രമെന്നു തോന്നിയേക്കാവുന്ന ചില ജീവിത പ്രമാണങ്ങൾ തന്റെ മക്കളെ പഠിപ്പിക്കുകയും ചെയ്തു. എന്നുമാത്രമല്ല, മക്കൾ പിതാവിന്റെ നിലപാടിൽ പൂർണ്ണ വിശ്വാസമർപ്പിക്കുകയും അദ്ദേഹത്തിന്റെ ആജ്ഞകൾ അഭിമാനപൂർവ്വം ഏറ്റെടുത്തുകൊണ്ട് സമൂഹത്തിൽ ഒരു വിചിത്ര നിലപാടിന്റെ ഉടമകളായി നിൽക്കുകയും ചെയ്യുന്നതു കാണുക. ശ്രേഷ്ഠപ്രവാചകനായ യിരെമ്യാവ് യഹോവയുടെ ആലയത്തോടു ചേർന്നുള്ള ഒരു മുറിയിൽ കൂട്ടിവരുത്തിയശേഷം "അവരുടെ മുമ്പിൽ വീഞ്ഞു നിറച്ച കുടങ്ങളും പാനപാത്രങ്ങളും വെച്ചു അവരോട്: വീഞ്ഞു കുടിപ്പിൻ, എന്നു പറഞ്ഞു"(12). എന്നാൽ ഏതു പ്രലോഭനത്തെയും നേരിടത്തക്കവിധം അവരുടെ പിതാവായ യോനാദാബ് ശരിയായി അവരെ പരിശീലിപ്പിച്ചിരുന്നതിനാൽ 'ഞങ്ങൾ വീഞ്ഞു കുടിക്കുകയില്ല' എന്നവർ തീർത്തു പറയുന്നു.

മാതാപിതാക്കൾ ദയവായി ശ്രദ്ധിക്കേണമേ! നാമും ജീവിക്കുന്നത് നിർണ്ണായകമായ ഒരു കാലഘട്ടത്തിലാകുന്നു. മക്കളെ സംബന്ധിച്ചുള്ള നമ്മുടെ കടമകൾ നാം ഗൗരവപൂർവ്വം നിർവ്വഹിക്കേണം. നാം ഈ ലോകത്തിൽ കൂടാരവാസികൾ മാത്രമാകുന്നുവെന്നും എന്തുവില നൽകിയും നാം പവിത്രമായി ജീവിക്കേണമെന്നും നമ്മുടെ മക്കളെ അഭ്യസിപ്പിക്കേണ്ടതാണ്. അല്ലാഞ്ഞാൽ നാം ദൈവമുമ്പാകെ എന്നും കുറ്റക്കാരായിരിക്കും.

ഒടുവിൽ, മക്കളെ ശരിയാംവിധം പരിശീലിപ്പിച്ച യോനാദാബിനെയും പിതാവിന്റെ കല്പനകൾ ശിരസാവഹിച്ച മക്കളെയും ദൈവം പുകഴ്ത്തുകയും അഭിനന്ദിക്കുകയും, കുടുംബത്തിന് അനുഗ്രഹവാഗ്ദാനം നൽകുകയും ചെയ്യുന്നതായി നമുക്കു കാണാം (13). മാതാപിതാക്കളുടെ സനേഹ-അധ്വാനം ഒരിക്കലും പാഴായിപ്പോകുന്നില്ല!

**സെഖര്യാവും എലീശബേത്തും:** സ്നാപകയോഹന്നാന്റെ മാതാപിതാക്കളായിരുന്നു ഇവർ. 'പ്രവാചകനിലും മികച്ചവൻ' എന്നും, 'സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ല' (14) എന്നും നമ്മുടെ കർത്താവുതന്നെ പ്രസ്താവിച്ച് ആദരിച്ച ശ്രേഷ്ഠ പ്രവാചകനായിരുന്നല്ലോ യോഹന്നാൻ. യേശുവിന് പാതയൊരുക്കാനും, 'ഒരുക്കമുള്ള ഒരു ജനത്തെ തനിക്കുവേണ്ടി തയ്യാറാക്കി നിറുത്തുവാനുമായി ഏലീയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടന്ന' (15). യോഹന്നാന്റെ മാതാപിതാക്കളും നമ്മുടെ ശ്രദ്ധയാകർഷിക്കന്നു.

"അവർ ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകലകല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു", (16) എന്നത്രേ പരിശുദ്ധാത്മാവ് അവരെപ്പറ്റി പ്രസ്താവിക്കുന്നത്. തങ്ങളുടെ വാർദ്ധക്യകാലത്ത് ദൈവം അത്ഭുതകരമായി നൽകിയ ആ പൈതലിനെ അവർ തികഞ്ഞ ഉത്തരവാദിത്വത്തോടെ ദൈവത്തിനു വേണ്ടി വളർത്തിയെടുത്തു. അമ്മ

യുടെ ഉദരത്തിൽ വെച്ചുതന്നേ പരിശുദ്ധാത്മാവിൽ നിറഞ്ഞ യോഹന്നാൻ ആ വീട്ടിൽ വളർന്ന് അധികമായി ആത്മാവിൽ ബലപ്പെട്ടുവന്നു.

യഹോവയുടെ ന്യായപ്രമാണവും പ്രവാചകപുസ്തകങ്ങളുമെല്ലാം മാതാപിതാക്കൾ യോഹന്നാനെ നന്നായി അഭ്യസിപ്പിച്ചിട്ടുണ്ടാകും. നീതി, ന്യായം, കരുണ, സത്യസന്ധത, സനേഹം ഇത്യാദികളിൽ അധിഷ്ഠിതമായ, ശിക്ഷണമുള്ള ഒരു ജീവിതമാർഗ്ഗം ആ ഭവനത്തിൽ യോഹന്നാൻ അനുഭവിക്കുകയും പഠിക്കുകയും ചെയ്തുവന്നു. വീഞ്ഞും മദ്യവും ഉപയോഗിക്കാതെയും തലയിൽ ക്ഷൗരക്കത്തി സ്പർശിക്കാതെയും തികഞ്ഞ ഒരു നാസീർവ്രതസ്ഥനായി ജീവിതം നയിക്കാൻ അവരവനെ സഹായിച്ചു. വയസ്സുചെന്ന ആ മാതാപിതാക്കൾ ഇരുവരും 'ദൈവസന്നിധിയിൽ വലിയവൻ ആകാൻ പോകുന്ന' ആ ബാലനെ തികഞ്ഞ ദൈവഭയത്തോടും വളരെ പ്രാർത്ഥനയോടും കൂടെ ദൈവശബ്ദം തിരിച്ചറിയുന്നവനായി വളർത്തിയെടുത്തു; അവർ തങ്ങളുടെ ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റി.

ഉയർന്ന ജീവിതദർശനവും മനോഭാവങ്ങളും ആ ഭവനത്തിൽ നിന്നായിരുന്നു യോഹന്നാൻ ഉൾക്കൊണ്ടത്. "സ്വർഗ്ഗത്തിൽനിന്നും കൊടുത്തിട്ടല്ലാതെ മനുഷ്യന് ഒന്നും ലഭിപ്പാൻ കഴിയുകയില്ല", "അവൻ വളരേണം, ഞാനോ കുറയേണം",(17) എന്നീ കാഴ്ചപ്പാടുകളെല്ലാം ആ മാതാപിതാക്കൾ ചെറുപ്പത്തിലേ അവനു പകർന്നു നൽകിയിരുന്നു.

മേൽപറഞ്ഞ വ്യക്തികളെയെല്ലാം അപേക്ഷിച്ച് ക്രിസ്തീയ മാതാപിതാക്കളായ നമുക്ക് വളരെയേറെ സാധ്യതകളാണ് ഇന്നുള്ളത്. പരിശുദ്ധാത്മനിറവും ശക്തിയും, ക്രിസ്തുവിലൂടെയുള്ള പുതിയ ഉടമ്പടിയുടെ വാഗ്ദാനങ്ങൾ, ദൈവസഭയുടെ കരുതലും സംരക്ഷണവും-ഇവയെല്ലാം നമുക്കിന്ന് ലഭ്യമാണ്. ആകയാൽ നിരാശ വെടിഞ്ഞ് പ്രത്യാശയോടെ നമുക്ക് മുമ്പോട്ടു നോക്കുകയും നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയും ചെയ്യാം. (തുടരും)

1 യോഹ: 17. 6, 12, 16, 19, 2. ആവ: 34. 10–12, 3. പുറ: 6. 20, 4. എബ്രാ: 11.23, 5. എബ്രാ: 11. 27, 6. എഫെ: 5. 16, 7. 1 ശമു: 1. 15, 8. 1 ശമു: 1. 22, 9. 1 ശമു: 1. 27–28, 10. യിരെ: 35. 14, 11. യിരെ: 35. 7, 12. യിരെ: 35.5, 13. യിരെ: 35. 14, 18, 14. ലൂക്കോ: 7. 26–28, 15. ലൂക്കോ: 1. 17, 16. ലൂക്കോ: 1.6, 17. യോഹ: 3. 27, 30.

## എഡിറ്റോറിയൽ തുടർച്ച *പേജ് 4 ൽ നിന്ന്*

പ്രസക്തമാണ്:'നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു. അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ. അവ എനിക്കു സാക്ഷ്യം പറയുന്നു. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല.' (യോഹന്നാൻ 5:39, 40). ഇതാ തിരുവെഴുത്തുകളെ പരിശോധിക്കുന്നതിൽ ശുഷ്ക്കാന്തിയുള്ള ജനം. നിത്യജീവനാണ് അവരുടെ ലക്ഷ്യവും. പക്ഷേ തിരുവെഴുത്തുകളെ ശോധന ചെയ്യുന്ന തിരക്കിൽ സാക്ഷാൽ ജീവദായകനെ അവർ കാണാതെ പോകുന്നു!

യേശു. യേശു മാത്രം.

പള്ളിമതമോ ചട്ടക്കൂടുകളോ ഉപദേശരൂപങ്ങളോ വചനപാണ്ഡിത്യമോ ഒന്നും അവിടുത്തേക്ക് പകരമാകുന്നില്ലെന്ന് നാം ഇന്ന് തിരിച്ചറിയുമോ?



സുവിശേഷം

# വ്യക്തമായ ഒരു സുവിശേഷസന്ദേശം

സാക്പുന്നൻ

**'വീ**ണ്ടും ജനിക്കുക' അല്ലെങ്കിൽ 'രക്ഷപ്പെടുക' എന്നാൽ എന്തെന്ന് വിശദീകരിക്കാം. ഈ അനുഭവം ലഭ്യമാകുന്നതിന്റെ ആദ്യപടി അനുതാപമാണ്. എന്നാൽ പാപത്തെക്കുറിച്ച് അനുതപിക്കണമെങ്കിൽ പാപം എന്താണെന്ന് അറിയണം. പാപത്തെക്കുറിച്ച് തെറ്റായ പലധാരണകൾ ഉള്ളതിനാൽ ക്രിസ്ത്യാനികളുടെ ഇടയിൽ അനുതാപത്തെക്കുറിച്ചും ധാരാളം തെറ്റിദ്ധാരണകൾ ഉണ്ട്. കഴിഞ്ഞ ചില ദശകങ്ങളായി ക്രിസ്തീയതയുടെ നിലവാരം വളരെ താണുപോയിരിക്കുന്നു. ഇന്ന് മിക്ക ക്രിസ്തീയ പ്രസംഗകരും പ്രസംഗിക്കുന്ന 'സുവിശേഷം' യഥാർത്ഥ സത്യത്തിൽ വെള്ളം ചേർത്ത സുവിശേഷമത്രേ. കേൾവിക്കാർ യേശുവിൽ വിശ്വസിച്ചാൽ മാത്രം മതി. എന്നാൽ യഥാർത്ഥ അനുതാപം കൂടാതെ യേശുവിൽ വിശ്വസിക്കമാത്രം ചെയ്താൽ ആരും രക്ഷിക്കപ്പെടുകയില്ല.

'വീണ്ടും ജനന'മാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം. ഈ അടിസ്ഥാനം കൂടാതെ താങ്കൾ ഒരു നല്ല ജീവിതം നയിച്ചാൽ നിങ്ങളുടെ ക്രിസ്തീയ ജീവിതം മറ്റ് മതക്കാരുടെ ജീവിതത്തിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല. ഒരു നല്ല ജീവിതം എല്ലാ മതങ്ങളും പഠിപ്പിക്കുന്നുണ്ട്. ഒരു നല്ല ജീവിതം നിശ്ചയമായും നമുക്കാവശ്യമാണ്. എന്നാൽ അത് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമായ വീണ്ടും ജനനത്തിന്മേൽ പണിയപ്പെടേണ്ട ഒന്നത്രേ. നാം എല്ലാം അവിടെയാണ് തുടങ്ങേണ്ടത്.

യഹൂദമതനേതാവായിരുന്ന നിക്കോദിമോസ് ദൈവഭയമുള്ള, നീതിബോധമുള്ള വ്യക്തിയായിരുന്നു. നിക്കോദിമോസിനോട് സംസാരിക്കുമ്പോൾ യേശു 'വീണ്ടും ജനിക്കു'ന്നതിനെപ്പറ്റി പറഞ്ഞു (യോഹ 3:3). "നീ പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ കഴികയില്ല" എന്ന് യേശു പറഞ്ഞു. നിങ്ങൾ ഒരു നല്ല മനുഷ്യനാണെങ്കിലും ദൈവരാജ്യത്തിൽ കടക്കുവാൻ 'പുതിയ ജനനം' എന്ന ആത്മീയജനനം നിങ്ങൾക്ക് ആവശ്യമാണ്. തുടർന്ന് യേശു നിക്കോദിമോസിനോട് പറഞ്ഞത് "താൻ ഒരു ക്രൂശിൽ ഉയർത്തപ്പെടുകയും മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി മരണം വരിക്കയും ചെയ്യുമെന്നും, തന്നിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ലഭ്യമാകും എന്നുമാണ് (യോഹ. 3:14, 16). മനുഷ്യരുടെ പ്രവൃത്തികൾ ദോഷമുള്ളവയാകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചു എന്നും സത്യസന്ധരായ

**പാപം ബൃഹത്തായ ഒരു കാര്യമാണ്. തുടക്കത്തിൽ അതിന്റെ ചെറിയ ഒരംശം മാത്രമേ നിങ്ങൾക്ക് സ്വന്തജീവിതത്തിൽ കാണാൻ കഴിയൂ. ഒരു വലിയ രാജ്യത്ത് താമസിക്കുന്ന ഒരാൾ ആ രാജ്യത്തിന്റെ ചെറിയ ഒരു ഭാഗം മാത്രം കാണുന്നതുപോലെയാണത്. നിങ്ങൾക്ക് ബോദ്ധ്യമാകുന്ന പാപങ്ങളിൽ നിന്ന് നിങ്ങൾ പിന്തിരിയുമ്പോൾ ക്രമേണ 'ഈ പാപരാജ്യം' കൂടുതലായി നിങ്ങൾ കാണാൻ തുടങ്ങും. നിങ്ങൾ വെളിച്ചത്തിൽ നടക്കുന്തോറും കൂടുതലായി സ്വന്തജീവിതത്തിലെ പാപങ്ങളെ കാണുകയും അവയിൽ നിന്നും ശുദ്ധീകരണം പ്രാപിക്കാൻ ഇടയാകുകയും ചെയ്യും.**

വർ വെളിച്ചത്തിലേക്ക് വന്ന് രക്ഷപ്രാപിക്കും എന്നും യേശു തുടർന്നു പറഞ്ഞു (യോഹ. 3:19, 21). വീണ്ടും ജനിക്കുവാൻ നിങ്ങൾ വെളിച്ചത്തിലേക്കു വരണം. അതിന്റെ അർത്ഥം ദൈവമുമ്പാകെ പരമാർത്ഥതയോടെ പാപങ്ങൾ ഏറ്റുപറയണം എന്നത്രേ. നിങ്ങൾ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും ഓർക്കുക അസാദ്ധ്യമാണ്. എന്നാൽ നിങ്ങൾ ഒരു പാപിയാണെന്ന് അംഗീകരിക്കയും സമൃതിപഥത്തിലുള്ള എല്ലാ പാപങ്ങളും ദൈവത്തോട് ഏറ്റുപറകയും ചെയ്യണം. പാപം ബൃഹത്തായ ഒരു കാര്യമാണ്. തുടക്കത്തിൽ അതിന്റെ ചെറിയ ഒരംശം മാത്രമേ നിങ്ങൾക്ക് സ്വന്തജീവിതത്തിൽ കാണാൻ കഴിയൂ. ഒരു വലിയ രാജ്യത്ത് താമസിക്കുന്ന ഒരാൾ ആ രാജ്യത്തിന്റെ ചെറിയ ഒരു ഭാഗം മാത്രം കാണുന്നതുപോലെയാണത്. നിങ്ങൾക്ക് ബോദ്ധ്യമാകുന്ന പാപങ്ങളിൽ നിന്ന് നിങ്ങൾ പിന്തിരിയുമ്പോൾ ക്രമേണ 'ഈ പാപരാജ്യം' കൂടുതലായി നിങ്ങൾ കാണാൻ തുടങ്ങും. നിങ്ങൾ വെളിച്ചത്തിൽ നടക്കുന്തോറും കൂടുതലായി സ്വന്തജീവിതത്തിലെ പാപങ്ങളെ കാണുകയും അവയിൽ നിന്നും ശുദ്ധീകരണം പ്രാപിക്കാൻ ഇടയാകയും ചെയ്യും. സദാസമയം ദൈവമുമ്പാകെ സത്യസന്ധതയിൽ നടക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

മറ്റൊരു ദൃഷ്ടാന്തം പറഞ്ഞാൽ, പല മുറികളുള്ള ഒരു വീട്ടിൽ നിങ്ങൾ താമസിക്കുന്നു എന്ന് വിചാരിക്കുക. കർത്താവായ യേശു നിങ്ങളുടെ വീട്ടിൽ വന്ന് താമസിക്കണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. വൃത്തിഹീനമായ മുറികളിൽ യേശു താമസിക്കുകയില്ല. ഓരോന്നായി മുറികൾ വൃത്തിയാക്കുവാൻ യേശു നിങ്ങളെ സഹായിക്കുന്നു. അല്പാല്പമായി വീട് മുഴുവൻ വൃത്തിയാകുന്നു. ക്രിസ്തീയ ജീവിതത്തിൽ നാം വിശുദ്ധിയിൽ വളരുന്നത് ഇപ്രകാരമാണ്.

അപ്പൊസ്തലനായ പൗലൊസ് എവിടെയും താൻ പ്രസംഗിച്ചുപോന്ന സന്ദേശത്തെക്കുറിച്ച് ഒരിക്കൽ പറഞ്ഞത് "ദൈവത്തിലേക്കുള്ള മാനസാന്തരവും യേശുക്രിസ്തുവിലുള്ള വിശ്വാസവും" എന്നാണ് (പ്രവൃത്തി 20:21). നിങ്ങളുടെ ജീവിതത്തിൽ നല്ല ഒരു അടിസ്ഥാനം ഇടുവാനും വീണ്ടും ജനിക്കുവാനും ഈ രണ്ട് കാര്യങ്ങൾ അത്യന്താപേക്ഷിതമത്രേ. അനുതാപവും വിശ്വാസവും ദൈവം കൂട്ടിച്ചേർത്തിരിക്കുന്ന കാര്യങ്ങളാണ്. എന്നാൽ മിക്ക ക്രിസ്തീയപ്രസംഗകരും അവയെ വേർപിരിച്ചിരിക്കുന്നു. ഇന്നത്തെ മിക്ക സുവിശേഷപ്രസംഗങ്ങളിൽ നിന്നും അനുതാപത്തെ ഒഴിവാക്കിയിരിക്കുന്നു. വിശ്വസിക്കുന്നതിനെപ്പറ്റി മാത്രമാണ് അവർ പറയുന്നത്.

എന്നാൽ വിശ്വസിക്കുക മാത്രം ചെയ്താൽ നിങ്ങൾക്ക് വീണ്ടും ജനിക്കുവാൻ കഴികയില്ല. ഒരു സ്ത്രീ എത്ര മാത്രം പരിശ്രമിച്ചാലും സ്വയമായി ഒരു ശിശുവിന് ജന്മം കൊടുക്കാൻ കഴിക





യില്ല എന്നു പറയുന്നതുപോലെയാണ് ഈ കാര്യവും. ഒരു ശിശു ജനിക്കുവാൻ സ്ത്രീയും പുരുഷനും ഒത്തുചേരേണ്ടതുണ്ട്. നിങ്ങളുടെ ആത്മാവിൽ ഒരു പുതുജനനം നടക്കണമെങ്കിൽ അനുതാപവും വിശ്വാസവും ഒത്തുചേരേണ്ട ആവശ്യമുണ്ട്. ഇപ്രകാരം നടക്കുന്ന ആത്മീയജനനം ശാരീരിക ജനനം പോലെ തന്നെയാണ്. അത് സാവധാനം നടക്കുന്ന കാര്യമല്ല, ഒരു ക്ഷണത്തിൽ നടക്കുന്ന കാര്യമത്രേ.

ശാരീരിക ജനനത്തിന് ചില മാസങ്ങളുടെ തയ്യാറെടുപ്പ് ആവശ്യമായിരിക്കുന്നതുപോലെ പുതുജനനത്തിനു മുമ്പ് കുറെ മാസങ്ങളുടെ തയ്യാറെടുപ്പ് ഉണ്ടായി എന്നു വരാം. എന്നാൽ പുതുജനനം ഒരു നിമിഷം കൊണ്ട് നടക്കുന്ന കാര്യമാണ്. ചില ക്രിസ്ത്യാനികൾക്ക് അവരുടെ ആത്മീയജന്മദിനം ഏതെന്ന് അറിയില്ല. എന്റെ കാര്യവും അങ്ങനെതന്നെ. ശാരീരികജനനത്തിന്റെ തീയതി ഒരാൾ ഓർക്കാത്തതുപോലെ മാത്രം ഇതിനെ കണ്ടാൽമതി. ഒരാൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം ജന്മദിവസം മറന്നുപോയാൽ അതു ഗൗരവമേറിയ ഒരു കാര്യമേയല്ല! അതുപോലെ നിങ്ങൾ ക്രിസ്തുവിൽ ഇന്ന് ജീവിക്കുന്നു എന്ന് അറിയുകയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

യേശു മാത്രമാണ് ദൈവത്തിങ്കലേക്കുള്ള വഴി എന്ന് പറയുന്നത് സങ്കുചിതമായ ചിന്താഗതിയാണോ? ഒരു ദൃഷ്ടാന്തത്തിലൂടെ ഞാൻ ഈ ചോദ്യത്തിന് മറുപടി പറയാം. എന്റെ പിതാവിനെ ഒരിക്കലും കണ്ടിട്ടില്ലാത്ത (ഒരു ചിത്രം പോലും കാണാത്ത) ഒരാൾക്ക് എന്റെ പിതാവ് എങ്ങനെയിരിക്കുന്ന വ്യക്തിയാണെന്ന് അറിയാൻ കഴികയില്ല. അതുപോലെ ദൈവത്തെ ഒരിക്കലും കണ്ടിട്ടില്ലാത്ത നമുക്ക് ദൈവത്തേക്കുറിച്ചോ ദൈവത്തിങ്കലേക്കുള്ള വഴിയേക്കുറിച്ചോ ഒന്നും അറിയാൻ കഴികയില്ല. എന്നാൽ യേശുക്രിസ്തുവിനു മാത്രമേ ദൈവത്തിങ്കലേക്കുള്ള വഴി നമ്മെ കാണിക്കാൻ കഴിയൂ. "ഞാൻ തന്നെയാണ് വഴി.... എന്നിലൂടെയല്ലാതെ ആരും ദൈവപിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്ന് അതുകൊണ്ടാണ് യേശു പറഞ്ഞത് (യോഹ. 14:6). ദൈവത്തിങ്കലേക്കുള്ള ഏക വഴി താനാണെന്നുള്ള യേശുവിന്റെ അവകാശവാദത്തെപ്പറ്റി നാം ചിന്തിക്കുമ്പോൾ നമുക്ക് താഴെപ്പറയുന്ന രണ്ടു നിഗമനങ്ങളിൽ ഒന്ന് സ്വീകരിച്ചേ മതിയാകൂ. ഒന്നുകിൽ യേശുവിന്റെ അവകാശവാദം സത്യമാണ്; അല്ലെങ്കിൽ അവിടുന്ന് ഭോഷ്കു പറയുന്നവനും ചതിയനുമത്രേ. എന്നാൽ യേശു ഭോഷ്കു പറയുന്നവനും ചതിയനുമെന്ന് പറയാൻ ആരാണ് ധൈര്യപ്പെടുന്നത്? യേശു ഒരു നല്ല മനുഷ്യനോ ഒരു പ്രവാചകനോ ആയിരുന്നു എന്ന് നാം പറഞ്ഞാൽ ശരിയാകയില്ല. ഇല്ല തീർച്ചയായും യേശു കേവലം ഒരു നല്ല മനുഷ്യൻമാത്രമായിരുന്നില്ല, അവിടുന്ന് ദൈവം തന്നെ

**പല മുറികളുള്ള ഒരു വീട്ടിൽ നിങ്ങൾ താമസിക്കുന്നു എന്ന് വിചാരിക്കുക. കർത്താവായ യേശു നിങ്ങളുടെ വീട്ടിൽ വന്ന് താമസിക്കണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. വൃത്തിഹീനമായ മുറികളിൽ യേശു താമസിക്കുകയില്ല. ഓരോന്നായി മുറികൾ വൃത്തിയാക്കുവാൻ യേശു നിങ്ങളെ സഹായിക്കുന്നു. അല്പാല്പമായി വീട് മുഴുവൻ വൃത്തിയാകുന്നു. ക്രിസ്തീയജീവിതത്തിൽ നാം വിശുദ്ധിയിൽ വളരുന്നത് ഇപ്രകാരമാണ്.**

**മനുഷ്യർ എല്ലാവരും പാപികളാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. യേശു പാപികൾക്കുവേണ്ടിയാണ് മരിച്ചത്. ഒരു 'ക്രിസ്ത്യാനിയായി' നിങ്ങൾ യേശുവിന്റെ അടുത്തുവന്നാൽ അവിടുന്ന് നിങ്ങളുടെ പാപം ക്ഷമിക്കയില്ല, കാരണം യേശുക്രിസ്ത്യാനികൾക്കുവേണ്ടിയല്ല, പാപികൾക്കുവേണ്ടിയാണ് മരിച്ചത്. 'കർത്താവേ ഞാൻ ഒരു പാപിയാണ്' എന്ന് സമ്മതിച്ച് യേശുവിന്റെ അടുത്ത് വരുന്നവർക്കു മാത്രമേ പാപക്ഷമ ലഭിക്കുകയുള്ളൂ.**

ആയിരുന്നു. താൻ ഒരു ചതിയനോ ഭോഷ്ക്കു പറയുന്നവനോ ആയിരുന്നെങ്കിൽ യേശുവിന് ഒരു നല്ല മനുഷ്യനായിരിക്കാൻ കഴിയുകയില്ലായിരുന്നു! ആയതിനാൽ യേശു സാക്ഷാൽ ദൈവം മനുഷ്യരൂപത്തിൽ വെളിപ്പെട്ടതാണെന്ന നിഗമനത്തിൽ നാം എത്താൻ നിർബ്ബന്ധിതരാകും.

സത്യം എപ്പോഴും സങ്കുചിതമാണ്! ഗണിതശാസ്ത്രത്തിൽ രണ്ടും രണ്ടും കൂട്ടിയാൽ എപ്പോഴും നാല് എന്നു തന്നെയാകും ഉത്തരം. മൂന്നോ അഞ്ചോ ഉത്തരമായി സ്വീകരിക്കാൻ നാം ഒരിക്കലും വിശാല മനസ്കരാകാറില്ലല്ലോ. നാല് എന്നു ശരി ഉത്തരത്തോട് വളരെ അടുത്തുവരുന്ന ഒരു സംഖ്യപോലും ശരി ഉത്തരമായി നാം സ്വീകരിക്കില്ല. സത്യത്തോട് അല്പമെങ്കിലും നാം വിട്ടുവീഴ്ച കാണിച്ചാൽ നമ്മുടെ ഗണിത ശാസ്ത്രകണക്കുകൂട്ടലെല്ലാം തെറ്റും. അതുപോലെ ഭൂമി സൂര്യനു ചുറ്റും കറങ്ങുന്ന ഗ്രഹമാണെന്ന് നമുക്കറിയാം. എന്നാൽ കുറെക്കൂടെ ഹൃദയവിശാലത ഉള്ളവരായി സൂര്യൻ ഭൂമിയെ വലം വയ്ക്കുന്നു എന്നുള്ള സിദ്ധാന്തം നാം അംഗീകരിച്ചാൽ വാനശാസ്ത്രത്തിലെ കണക്കുകളെല്ലാം തെറ്റും. രസതന്ത്രത്തിൽ വെള്ളം എന്നത് രണ്ടു കണിക ഹൈഡ്രജനും ഒരു കണിക ഓക്സിജനും ചേർന്നതാണ്. കറിയുപ്പും ഇതേ രാസഘടനയാണെന്ന് അംഗീകരിക്കാനുള്ള ഹൃദയവിശാലത ആരും കാണിക്കാറില്ലല്ലോ? സത്യം എന്നുള്ളത് എല്ലാ മേഖലയിലും കേവലവും തികച്ചും സങ്കുചിതവുമാണ് എന്ന് നാം അറിയുന്നു. ദൈവത്തെ സംബന്ധിച്ച സത്യവും അങ്ങനെ തന്നെ. 'വിശാലത' ഗണിതശാസ്ത്രത്തിലും, രസതന്ത്രത്തിലും, വാനശാസ്ത്രത്തിലും മാത്രമല്ല ദൈവികസത്യം അറിയുന്ന കാര്യത്തിലും അപകടകരമാണ് എന്ന് നാം ഗ്രഹിക്കണം.

മനുഷ്യർ എല്ലാവരും പാപികളാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. യേശു പാപികൾക്കുവേണ്ടിയാണ് മരിച്ചത്. ഒരു 'ക്രിസ്ത്യാനിയായി' നിങ്ങൾ യേശുവിന്റെ അടുത്തുവന്നാൽ അവിടുന്ന് നിങ്ങളുടെ പാപം ക്ഷമിക്കയില്ല, കാരണം യേശുക്രിസ്ത്യാനികൾക്കുവേണ്ടിയല്ല, പാപികൾക്കുവേണ്ടിയാണ് മരിച്ചത്. 'കർത്താവേ, ഞാൻ ഒരു പാപിയാണ്' എന്ന് സമ്മതിച്ച് യേശുവിന്റെ അടുത്ത് വരുന്നവർക്കു മാത്രമേ പാപക്ഷമ ലഭിക്കുകയുള്ളൂ. പാപികൾക്കുവേണ്ടി മാത്രം അവിടുന്ന് മരിച്ചതിനാൽ ഏതെങ്കിലും മതക്കാരനായി വന്നാൽ പാപക്ഷമ ലഭിക്കയില്ല. ഒരു പാപിയായി യേശുവിന്റെ അടുത്ത് എത്തുന്ന ഏതൊരു വ്യക്തിക്കും ആ ക്ഷണത്തിൽ ത്തന്നെ പൂർണ്ണമായ പാപക്ഷമ ലഭിക്കുന്നു.

ദൈവം നമുക്ക് ഒരു മനസ്സാക്ഷി തന്നിരിക്കുന്നതിനാൽ നാം പാപികളാണെന്നു ഗ്രഹിക്കാൻ എളുപ്പമാണ്. ഒരു തെറ്റിനെക്കുറിച്ച് വേഗത്തിൽ ബോദ്ധ്യം ലഭിക്കുമാറ് കുട്ടികൾക്ക് സംവേദനക്ഷമമായ മനസ്സാക്ഷിയുണ്ട്. അവർ വളർച്ച പ്രാപിക്കുമ്പോൾ മനസ്സാക്ഷി കഠിനപ്പെടാൻ സാദ്ധ്യതയുണ്ട്. മൂന്നു വയസ്സുള്ള





ഒരു കുട്ടി കള്ളം പറയുമ്പോൾ അവന്റെ മനസ്സാക്ഷിയിൽ കുറ്റബോധം ഉള്ളത് മുഖത്ത് നിഴലിക്കുന്നു. എന്നാൽ പതിനഞ്ചു വർഷങ്ങൾ പിന്നിടുമ്പോൾ മനസ്സാക്ഷിയുടെ ശബ്ദം തുടർച്ചയായി അവഗണിച്ചാൽ അവന്റെ മനസ്സാക്ഷി കഠിനപ്പെടുകയും യാതൊരു സങ്കോചവും കൂടാതെ കള്ളം പറയാൻ കഴിയുകയും ചെയ്യുന്നു. ഒരു തൂവൽ സ്പർശംപോലും തിരിച്ചറിയത്തക്കവണ്ണം ഒരു ശിശുവിന്റെ കാലിന്റെ ഉപ്പൂറ്റി അത്രയ്ക്ക് മൃദുലമാണ്. എന്നാൽ മൊട്ടുസൂചി ആഴത്തിൽ തറച്ചുകയറിയാൽ മാത്രം വേദന തോന്നുന്ന വിധം മുതിർന്നവരുടെ ഉപ്പൂറ്റി തഴമ്പുള്ളതായിത്തീരുന്നു. വളരുമ്പോൾ മനുഷ്യന്റെ മനസ്സാക്ഷിക്കും ഈ വിധം തഴമ്പുണ്ടാകുക സാധാരണയാണ്.

നാം ധാർമികബോധമുള്ളവരാണെന്ന് നമ്മെ ഓർമിപ്പിക്കാൻ ദൈവം നമ്മുടെ ഉള്ളിൽ തന്നിരിക്കുന്ന ശബ്ദമാണ് മനസ്സാക്ഷി. അത് ദൈവത്തിന്റെ അത്ഭുതകരമായ ദാനമത്രേ. യേശു അതിനെ "ഹൃദയത്തിന്റെ കണ്ണ്" എന്നാണ് വിളിച്ചത് (ലൂക്കോ. 11:34). ഈ കണ്ണിനെ നാം ശ്രദ്ധയോടെ പരിപാലിച്ചില്ലെങ്കിൽ താമസിയാതെ നാം ആത്മീയാന്ധരായിത്തീരും. നിങ്ങളുടെ കണ്ണിൽ പറ്റിപ്പിടിക്കുന്ന പൊടിപടലങ്ങളെ അവഗണിക്കുന്നതുപോലെ അപകടകരമാണ് മനസ്സാക്ഷിയുടെ നേരിയ കുത്തലുകളെ അവഗണിക്കുന്നത്. അത് ഒരുവനെ ആത്മീയാന്ധതയിൽ ഒരു ദിവസം എത്തിക്കും.

ശിശുക്കൾക്ക് ജന്മനാ ഒരു മതവും ഇല്ല. രണ്ടുവയസ്സ് പ്രായമായ കുട്ടികൾ എല്ലാവരും ഒരുപോലെയാണ്; സ്വാർത്ഥരും വഴക്കാളികളുമായിരിക്കും എന്നുമാത്രം. എന്നാൽ വർഷങ്ങൾ കടന്നുപോകുമ്പോൾ മാതാപിതാക്കന്മാർ അവരുടെ മതാനുഷ്ഠാനങ്ങൾ കുഞ്ഞുങ്ങളിലേക്ക് പകരുന്നതുകൊണ്ടാണ് പിൽക്കാലത്ത് അവർ വ്യത്യസ്ത മതാനുസാരികളാകുന്നത്. ഏതാണ്ട് 90 ശതമാനം ആളുകളെ സംബന്ധിച്ചും അവരുടെ മാതാപിതാക്കന്മാർ അവർക്കുവേണ്ടി തെരഞ്ഞെടുത്ത മതമായിരിക്കും അവരുടേതും. എന്നാൽ ദൈവം നമ്മെ വിവിധ മതസ്ഥരായിട്ടല്ല കാണുന്നത്. എല്ലാ മനുഷ്യരും ദൈവദൃഷ്ടിയിൽ പാപികളത്രേ. മനുഷ്യവർഗത്തിന്റെ പാപപരിഹാരത്തിനുള്ള മരണം വരിക്കാനാണ് യേശു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്ക് വന്നത്. ദൈവത്തിന്റെ സന്നിധിയിൽ നിൽക്കാൻ യോഗ്യരാണെന്ന് കരുതുന്നവർക്കുവേണ്ടിയല്ല, പാപികളായ തങ്ങൾ ദൈവസന്നിധിയിൽ നിൽക്കാൻ അയോഗ്യരാണെന്ന് കണ്ടെത്തിയവർക്കുവേണ്ടിയാണ് യേശു വന്നത്. നിങ്ങൾ ഒരു പാപിയാണെന്ന് നിങ്ങളുടെ മനസ്സാക്ഷി നിങ്ങളോടു മന്ത്രിക്കുന്നു. അങ്ങനെയെങ്കിൽ യേശുവിന്റെ അടുക്കൽ വന്ന്, "കർത്താവേ, ജീവിതത്തിൽ പല തിന്മകളും പ്രവർത്തിച്ച ഒരു പാപിയാണ് ഞാൻ" എന്ന് പറയാൻ ബുദ്ധിമുട്ട് ഉണ്ടാകേണ്ട കാര്യമെന്ത്?

ചിലരുടെ മനസ്സിൽ ഒരു സംശയം ഉദിക്കാം. "ഒരു പിതാവ് ക്ഷമിക്കുന്നതുപോലെ നല്ലവനായ ദൈവത്തിന് നമ്മുടെ പാപങ്ങളെ ഗണ്യമാക്കാതെ നമ്മോട് ക്ഷമിച്ചു കൂടേ?" ഒരു മകൻ വിലപിടിപ്പുള്ള ഒരു വസ്തു നഷ്ടപ്പെടുത്തുകയോ തറയിൽ വീഴ്ത്തി ഉടച്ചുകളകയോ ചെയ്താൽ, ദുഃഖത്തോടെ ക്ഷമാപണം നടത്തുമ്പോൾ ക്ഷമിക്കാത്ത പിതാക്കന്മാരുണ്ടോ? എന്നാൽ ഇതുപോലെയുള്ള കാര്യങ്ങൾ ധാർമ്മികപ്രശ്നങ്ങളല്ല എന്ന് നാം മനസ്സിലാക്കണം. ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ചുള്ള വീഴ്ചയാണെങ്കിൽ ദൈവം ഉടനടി ക്ഷമിക്കും.

എന്നാൽ പാപം ഒരു ധാർമ്മിക പ്രശ്നമായതിനാൽ ഇതുപോലെ ക്ഷമിക്കുക സാദ്ധ്യമല്ല.

ഒരു മനുഷ്യൻ ഒരു ന്യായാധിപനാണെങ്കിൽ തന്റെ മുമ്പാകെ വിസ്താരത്തിലായിരിക്കുന്ന മകനോട് "ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്നോട് ക്ഷമിക്കുന്നു, നിന്നെ ശിക്ഷിക്കുന്നില്ല," എന്ന് പറയാൻ കഴികയില്ല. അല്പം എങ്കിലും നീതിബോധമുള്ള ഒരു ന്യായാധിപനും അങ്ങനെ പറയുകയില്ല. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട നമ്മിൽ വെളിപ്പെടുന്ന നീതിബോധം സർവ്വശക്തനായ ദൈവത്തിന്റെ സമ്പൂർണ്ണമായ നീതിയുടെ ഒരംശംമാത്രമാണ്. തന്മൂലം നാം ഗുരുതരമായ തെറ്റുചെയ്യുമ്പോൾ ന്യായാധിപനായ ദൈവത്തിന് നമ്മെ അത്യന്തം സ്നേഹിക്കുന്നവനെങ്കിലും നമ്മെ ശിക്ഷിക്കാതെ വിടുക സാധ്യമല്ല. ആ കോടതിയിൽ തന്റെ കുറ്റകൃത്യം ഓർത്ത് മകൻ എത്രമാത്രം അനുതപിച്ചാലും പിതാവ് ന്യായാധിപനാകയാൽ അവനെ ശിക്ഷിക്കാതിരിക്കാൻ കഴിയില്ല. ആ മകൻ ഒരു ബാങ്ക് കൊള്ളയടിച്ചു എന്ന് വിചാരിക്കുക. പിതാവ് നിയമാനുസൃതം ഒരു പത്തുലക്ഷം രൂപാ പിഴയടയ്ക്കാൻ വിധിക്കുന്നു. പിഴയടയ്ക്കാൻ മകന് മാർഗ്ഗമില്ലാത്തതിനാൽ അവൻ ജയിലിൽ പോയേ തീരൂ. എന്നാൽ പിതാവ് ന്യായാസനത്തിൽ നിന്ന് എഴുന്നേറ്റ് ന്യായാധിപന്റെ വേഷം അഴിച്ചുവച്ച് താഴെ ഇറങ്ങി തന്റെ ചെക്കുബുക്കെടുത്ത് തന്റെ ആയുഷ്ക്കാലസമ്പാദ്യമായ പത്തുലക്ഷം രൂപയുടെ ഒരു ചെക്ക് മകന് പിഴ അടയ്ക്കാനായി കൊടുക്കുന്നു. പിതാവിന് മകനോട് സ്നേഹം ഇല്ല എന്ന് പറയാൻ കഴിയുമോ? ഒരിക്കലും കഴിയില്ല. അതുപോലെ ഒരു ന്യായാധിപനല്ല എന്നും പറയാൻ കഴിയില്ല. കാരണം, മകന്റെ കുറ്റകൃത്യത്തിന് തക്കതായ ശിക്ഷയും വിധിച്ചു കഴിഞ്ഞു. ദൈവം നമുക്കുവേണ്ടി ചെയ്തതും ഇതുതന്നെയാണ്. നീതിമാനായ ന്യായാധിപൻ എന്ന നിലയിൽ നാം എവരും പാപത്തിന്റെ ശിക്ഷയായ മരണത്തിന് അർഹരാണെന്ന് അവിടുന്ന് വിധിച്ചെങ്കിലും, താൻ സ്വയം മനുഷ്യനായി ഭൂമിയിൽ വന്ന് ആ ശിക്ഷ ഏറ്റുവാങ്ങി.

ദൈവം ഏകൻ എങ്കിലും, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളത്തങ്ങളിൽ നിലകൊള്ളുന്നു എന്നാണ് ബൈബിൾപഠിപ്പിക്കുന്നത്. ദൈവത്തിൽ ഒരു ആളത്തം മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിൽ യേശു എന്ന പേരിൽ മനുഷ്യജഡം എടുത്ത് സ്വർഗ്ഗസിംഹാസനം ഒഴിച്ചിട്ട് ഭൂമിയിലേക്ക് വരാൻ കഴികയില്ലായിരുന്നു. അങ്ങനെ ചെയ്തിരുന്നെങ്കിൽ പ്രപഞ്ചത്തെ ആ സമയത്തു ആര് നിയന്ത്രിച്ചേനേ? ദൈവത്തിൽ മൂന്ന് ആളത്തങ്ങൾ ഉള്ളതിനാൽ പുത്രന് ഭൂമിയിൽ വന്ന് ന്യായാധിപതിയായ പിതാവിന്റെ മുമ്പാകെ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കാൻ കഴിഞ്ഞു. ദൈവത്തിൽ യേശു എന്ന ഏക ആളത്തമേ ഉള്ളൂ എന്ന് പറഞ്ഞ് ചിലർ 'യേശുവിന്റെ മാത്രം' നാമത്തിൽ സ്നാനം കഴിപ്പിക്കുന്നുണ്ട്. ഇത് ഗുരുതരമായ തെറ്റാണ്. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം 2-ാം അദ്ധ്യായത്തിന്റെ 22-ാം വചനത്തിൽ പിതാവിനെയും പുത്രനെയും നിഷേധിക്കുന്ന ഒരുവൻ എതിർക്രിസ്തുവിന്റെ ആത്മാവുള്ളവനാണെന്ന് പറഞ്ഞിരിക്കുന്നു. പുത്രനായ ദൈവം മനുഷ്യരുപത്തിൽ യേശുക്രിസ്തുവായി വന്ന് തന്റെ മാനുഷികഇച്ഛയെ നിഷേധിച്ച്, സമ്പൂർണ്ണമായി പിതാവിന്റെ ഇഷ്ടം ചെയ്ത് നമ്മുടെ പാപങ്ങളുടെ ശിക്ഷ സ്വയം ഏറ്റെടുത്തു എന്ന തിരുവചന സത്യം അങ്ങനെയുള്ളവർ നിഷേധിക്കുകയാണ് (1 യോഹ. 4:2, 3). **(തുടരും)**

●




# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

24



**റേച്ചൽ മനോഹരമായി പാടി. ജനം അതിലലിഞ്ഞു. "യേശു വിളിക്കും സ്വരം ശ്രവിക്കൂ.... അനുഗമിക്കൂ.... എന്നെ...." തകർന്ന മനസ്സുകളിലും കഠിന മനസ്സുകളിലും ആ പാട്ട് കുളിർമ്മയും മാധുര്യവും പകർന്നു.**

*യേശു പറഞ്ഞു: നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക.*

**അ**ന്നു രാത്രിയിൽ ഹെൻറി മാക്സ്‌വെൽ മുമ്പൊരിക്കലും അഭിമുഖീകരിച്ചിട്ടില്ലാത്ത തരത്തിൽ വ്യത്യസ്തകളുള്ള ഒരു കൂട്ടത്തെയാണ് അഭിസംബോധന ചെയ്തത്. ഒരു സഭയുടെയോ സംഘടനയുടെയോ സ്പർശമേല്ക്കാത്ത പതിതരായ ഒരു വലിയ കൂട്ടം. എന്നാൽ അവരൊക്കെ യേശുവിനെക്കുറിച്ച് ഒരറിവുള്ളവരായിരുന്നു. നിലവിലുള്ള സഭയെയും വ്യവസ്ഥിതിയെയും അവർ വെറുത്തിരുന്നു. "യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു" എന്ന മാക്സ്‌വെല്ലിന്റെ പ്രസംഗത്തെ ജിജ്ഞാസയോടെ അവർ കേട്ടിരുന്നു. അദ്ദേഹവും തന്റെ പ്രതിജ്ഞയെക്കുറിച്ചും

തുടർന്നുള്ള അനുഭവങ്ങളെക്കുറിച്ചുമാണ് സംസാരിച്ചത്. റെയ്മണ്ടിലെ സംഭവവികാസങ്ങൾ വിവരിച്ചശേഷം നിലവിലുള്ള സാമൂഹികപ്രശ്നങ്ങൾക്കു നേരെ അദ്ദേഹം ചോദ്യങ്ങളുതിർക്കാൻ തുടങ്ങി. ശ്രോതാക്കൾ ആദരവോടെ ശ്രദ്ധിച്ചിരുന്നു. യഥാർത്ഥത്തിൽ സമൂഹത്തിന്റെ പ്രശ്നം എന്താണ്? സ്വാർത്ഥതയുടെ ഫലമായുണ്ടാകുന്ന തിക്താനുഭവങ്ങൾ. സ്വാർത്ഥതയെ ജയിക്കാൻ കഴിഞ്ഞ ഒരേ ഒരു വ്യക്തി മാത്രമേ ഭൂമിയിൽ സാമൂഹികജീവിതം നയിച്ചുള്ളു- അതു യേശുവാണ്.

ശ്രോതാക്കൾക്ക് പ്രതികരിക്കുവാനുള്ള അനുവാദം ബിഷോപ്പ് നൽകിയിരുന്നതിനാൽ മാക്സ്വെൽ ഇരുന്നയുടനെ ശ്രോതാക്കളിലൊരാൾ എഴുന്നേറ്റു. റെയ്മണ്ടിലെ സഭയിലെ മാറ്റങ്ങൾക്കു കാരണക്കാരനായിത്തീർന്ന, അപരിചിതനായ, മാക്സ്വെല്ലിന്റെ വീട്ടിൽ വച്ചു മരണമടഞ്ഞ ജാക്ക് മാനിങ്ങിന്റെ ഒരു സുഹൃത്തെന്നു പരിചയപ്പെടുത്തിക്കൊണ്ടാണ് ശ്രോതാവ് സംസാരിച്ചു തുടങ്ങിയത്. ജാക്ക് മാനിംഗിനെപ്പോലെ താനും ആധുനികവൽക്കരണത്തിന്റെ ഒരു 'രക്തസാക്ഷി'യാണെന്നും തന്നെപ്പോലെ അനേകർ ഇപ്രകാരം 'രക്തസാക്ഷി'കളായുണ്ടെന്നും അതു സമൂഹത്തിനുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുമൊക്കെ അയാൾ സംസാരിച്ചു. ഇതിനെ ഒരു മാനുഷിക പ്രശ്നമെന്ന നിലയിൽ കൈകാര്യം ചെയ്യുവാനുള്ള ഉത്തരവാദിത്വവും സഹതാപവും സഭ കാണിച്ചിട്ടില്ല. ധനസമ്പാദനത്തിന്റെ കാര്യത്തിൽ സഭയും ലോകവും ഒരേ മനോഭാവമാണ് കാട്ടുന്നത്. ഇരുകൂട്ടരും ഒരുപോലെ സ്വാർത്ഥമതികളാണ്. അയാൾ തുറന്നടിച്ചു. ''അതേ'' "അങ്ങനെ തന്നെ". "നീ പറഞ്ഞതു തന്നെ ശരി" എന്നൊക്കെയുള്ള ആരവങ്ങൾ കാരണം അയാൾക്കു നിർത്തേണ്ടിവന്നു.

മറ്റൊരാൾ ഒരു ചോദ്യത്തിന് അനുമതി ചോദിച്ചു.

മാക്സ്വെൽ പറഞ്ഞു: "ചോദിക്കുന്നവരുടെ തൃപ്തിയ്ക്കൊത്തവണ്ണം ഉത്തരം പറയാൻ കഴിഞ്ഞെന്നു വരികയില്ല. ചോദ്യം ചോദിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്".

"എനിക്കു കഴിഞ്ഞ രണ്ടു മാസങ്ങളായി പണിയൊന്നുമില്ല. ഭാര്യയും മൂന്നുമക്കളുമുണ്ട്. എത്ര കഠിനമായി അദ്ധ്വാനിക്കാനും ഞാൻ തയ്യാറാണ്. ഞാൻ ഒരു മരപ്പണിക്കാരനാണ്. ദിവസവും 10 മണിക്കൂർ അദ്ധ്വാനിച്ചിരുന്നു. ഇപ്പോൾ ധാരാളം അലഞ്ഞിട്ടും ഒരു ജോലി കിട്ടുന്നില്ല. എന്റെ സ്ഥാനത്ത് യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു? ഭാര്യയും മൂന്നു കുഞ്ഞുങ്ങളുമായി ഞാൻ എങ്ങനെ ജീവിക്കും?"

തന്റെ നേരെ നീളുന്ന കണ്ണുകളുടെ നേരെ നിസ്സാഹയതയോടെ നോക്കി മാക്സ്വെൽ ഇരുന്നു. "ദൈവമേ!" അദ്ദേഹത്തിന്റെ ഹൃദയം പ്രാർത്ഥിച്ചു. ദൈവം മനുഷ്യനുവേണ്ടി വിഭാവനം ചെയ്ത എല്ലാ നന്മകൾക്കും വിരുദ്ധമായുള്ള മനുഷ്യന്റെ നിലപാട് അവനുണ്ടാക്കുന്ന ജീവിത പ്രശ്നങ്ങളുടെ ഒരു നേർക്കാഴ്ചയാണിപ്പോൾ എന്റെ മുമ്പിൽ നിൽക്കുന്നത്. എന്തെങ്കിലും ജോലി ചെയ്തിട്ടല്ലാതെ മറ്റു വരുമാനമാർഗ്ഗമൊന്നുമില്ലാത്ത, ആരോഗ്യമുള്ള, അദ്ധ്വാനിക്കാൻ മനസ്സുള്ള ഒരു വ്യക്തിക്ക് ജോലി ലഭിക്കാതിരിക്കുന്ന സാഹചര്യം എത്ര ഭയാനകമാണ്! അത്തരം ഒരാളുടെ മുമ്പിൽ മൂന്നു വഴികളേയുള്ളു. 'യാചിക്കുക, പട്ടിണി കിടന്നു മരിക്കുക, അല്ലെങ്കിൽ ആത്മഹത്യ ചെയ്യുക. 'യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?' തികച്ചും ന്യായമായ ചോദ്യം. ഒരു





ശിഷ്യനാണെങ്കിൽക്കൂടി ഇതല്ലാതെ മറ്റൊരു ചോദ്യമില്ല. 'മാക്സ്വെൽ ചിന്തിച്ചു. ബിഷോപ്പും ഡോ. ബ്രൂസും ഒക്കെത്തന്നെ ഈ വഴിയിൽ ചിന്തിക്കയായിരുന്നു. ചോദ്യകർത്താവ് അവിടെത്തന്നെ നില്ക്കുന്നുണ്ടായിരുന്നു. ഒടുവിൽ മാക്സ്വെൽ ഇപ്രകാരം പറഞ്ഞു. "ഇത്തരം ഒരു പ്രശ്നത്തെ തരണം ചെയ്ത ഏതെങ്കിലും ഒരു ശിഷ്യൻ ഇവിടെയുണ്ടെങ്കിൽ തന്റെ അനുഭവം ഈ സമയത്തു പങ്കുവയ്ക്കാം."

ഇതു കേട്ടു മുൻ സീറ്റിലിരുന്ന ഒരാൾ വിറച്ചു കൊണ്ടെണീറ്റു.

''യേശു ആയിരുന്നെങ്കിൽ' എന്നൊന്നും ഞാൻ ചിന്തിക്കയോ ചോദിക്കയോ ചെയ്തിട്ടില്ലെങ്കിലും എന്റെ മനസ്സാക്ഷിയിൽ യേശുവിനു നിരക്കാത്തതൊന്നും ചെയ്യാതെ ജീവിക്കുവാൻ ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഞാൻ പല ജോലികളിലും ഏർപ്പെട്ടിട്ടുണ്ട്. മോഷണവും ഇതര കള്ളത്തരങ്ങളും ഒഴികെ എന്തു ജോലിയും സ്വീകരിച്ചിട്ടുണ്ട്. സഹായം ചോദിച്ചിട്ടുണ്ട്. വ്യക്തികളോടും സംഘടനകളോടും യേശുവും ഇങ്ങനെയൊക്കെയാകുമായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. ജോലിയില്ലാതിരിക്കുമ്പോൾ തെറ്റു ചെയ്യാതിരിക്കാൻ ഞാൻ പരമാവധി ശ്രമിച്ചു. യേശുവും ഒരു പക്ഷേ സഹായം ചോദിക്കുമായിരുന്നുവെന്ന ഞാൻ കരുതുന്നു. എനിക്കറിഞ്ഞുകൂടാ."

അപ്പോൾ കനത്ത ശബ്ദമുള്ള ഒരു താടിക്കാരൻ എണീറ്റു നിന്നു. "ഇതെല്ലാം അസംബന്ധമാണ്" ഇടിവെട്ടുന്നതുപോലെ ആ ശബ്ദം മുഴങ്ങി. "അതു സോഷ്യലിസ്റ്റു നേതാവ് കാൾസനാണ്. നിങ്ങൾക്കു പലതും കേൾക്കാം ഇപ്പോൾ". ആരോ മന്ത്രിച്ചു.

"ഈ വ്യവസ്ഥിതിയാണ് പ്രശ്നം. സംസ്കാരത്തിനു തന്നെ പുഴുക്കുത്തുവീണിരിക്കുന്നു. മുതലാളിത്ത സംസ്കാരത്തിന്റെ ദുഷ്പ്രഭുത്വവും ധൂർത്തും സ്ത്രീകളെയും കുഞ്ഞുങ്ങളെയും മരണത്തിലേക്കും കഷ്ടത്തിലേക്കും തള്ളിവിടുന്നു. എനിക്ക് വിവാഹം കഴിക്കാൻ ഇടവരാതെയിരിക്കുന്നതിനാൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ദൈവം അങ്ങനെയൊരാൾ ഉണ്ടോ? ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല". അയാൾ രാഷ്ട്രമീമാംസകനെപ്പോലെ പലതും വിളിച്ചു പറഞ്ഞു. യേശുവിനെയും ക്രൂശിനെയും കൊഞ്ഞനം കുത്തുന്ന സഭയെയും സഭയുടെ അധികാര ദല്ലാൾമാരെയും കുറിച്ചു പറഞ്ഞു. തന്റെ സമയ പരിധി ലംഘിച്ചു കൊണ്ടയാൾ ഘോരമായി പ്രസംഗിച്ചു. ഒടുവിൽ ബിഷോപ്പ് റേച്ചലിനോട് ഒരു ഗാനമാലപിക്കാൻ പറഞ്ഞു. റേച്ചൽ മനോഹരമായി പാടി. ജനം അതിലലിഞ്ഞു. "യേശു വിളിക്കും സ്വരം ശ്രവിക്കൂ.... അനുഗമിക്കു.... എന്നെ....'' തകർന്ന മനസ്സുകളിലും കഠിന മനസ്സുകളിലും ആ പാട്ട് കുളിർമ്മയും മാധുര്യവും പകർന്നു. ഹെൻറി മാക്സ്വെൽ സ്വയം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. മദ്യഷാപ്പുകൾ നല്കുന്ന ആശ്വാസവും സന്തോഷവും നൽകാൻ സഭയ്ക്ക് എന്തുകൊണ്ടു കഴിയുന്നില്ല? അദ്ദേഹം സ്വയം ചോദിച്ചു. 'കർത്താവേ, സഭയെ മുഴുവനായും പരിശുദ്ധാത്മാവിന്റെ പുതുശക്തിയാൽ നിറച്ച് ഒരു പുത്തനുണർവ്വ് അയയ്ക്കണേ" അദ്ദേഹം പ്രാർത്ഥിച്ചു. ക്രിസ്ത്യാനികൾ മുഴുവനും സ്വയം ത്യജിച്ച് ക്രൂശെടുത്ത് യേശുവിനെ അനുഗമിക്കാതെ ഈ സമൂഹത്തിന് പ്രയോജനമാകാനോ മാറ്റം വരാനോ കഴിയില്ല. അതു സാദ്ധ്യമാകുമോ?

ഞായറാഴ്ച റെയ്മണ്ടിലെ സഭയിൽ യോഗത്തിനെത്തണമെന്ന ഉദ്ദേശ്യത്തോടെയാണ് മാക്സ്വെൽ പരി

പാടിയിട്ടിരുന്നതെങ്കിലും ഷിക്കാഗോയിലെ വലിയ ഒരു സഭയിൽ നിന്നു ക്ഷണം കിട്ടിയത് ഒരു പരിശുദ്ധാത്മ നിയോഗമായിക്കരുതി അദ്ദേഹം പരിപാടിയിൽ മാറ്റം വരുത്തി. ഞായറാഴ്ച യോഗത്തിനുവേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി. വലിയ ഒരു കൂട്ടമായിരുന്നു ഞായറാഴ്ച തന്റെ മുമ്പിലിരുന്നത്. റെയ്മണ്ടിലെ പ്രതിജ്ഞയും തുടർന്നുള്ള സംഭവവികാസങ്ങളും പരിണത ഫലവും ഒക്കെ ചുരുക്കമായി അവതരിപ്പിച്ചശേഷം നിത്യജീവനെ അവകാശമാക്കുവാൻ യേശുവിങ്കലേക്കു വന്ന യുവാവിന്റെ സംഭവത്തിലൂടെ സഭയോടു സംസാരിച്ചു. “എല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക. അപ്പോൾ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്ന് അനുഗമിക്കുക”. യേശുവിനെ അനുഗമിക്കുവാൻ താത്പര്യമുണ്ടായിരുന്നെങ്കിലും അതിനു വിലകൊടുക്കുവാൻ തയ്യാറല്ലായിരുന്നു ആ യുവാവ്. ഇതു തന്നെയല്ലേ സഭയുടെയും സ്ഥിതി? നഷ്ടം സഹിക്കാൻ, കഷ്ടം സഹിക്കാൻ, നേട്ടങ്ങൾ വേണ്ടെന്നു വയ്ക്കാൻ ഒന്നും തയ്യാറല്ലാത്ത സഭ. സമൂഹത്തിന്റെ രക്ഷയ്ക്കു ചുക്കാൻ പിടിക്കാൻ സഭയ്ക്കാവില്ല എന്ന ചിന്താഗതി തലേ യോഗത്തിൽ പൊങ്ങിവന്നിരുന്നു. അതിന്റെ കാരണം സുഖലോലുപതയിലും നേട്ടങ്ങളിലും സ്വസ്ഥതയിലും മാത്രം താത്പര്യമുള്ളവരുടെ ഒരു സമൂഹമാണ് സഭയെന്നതാണ്. പുറത്തുള്ള സമൂഹത്തിന് സഭയെക്കുറിച്ച് ഒരു പ്രതീക്ഷയുമില്ല.

സഭ തങ്ങളുടെ ശിഷ്യത്വത്തിലേക്കു മടങ്ങി വരാൻ തയ്യാറാണോ? തങ്ങളുടെ ധനവും ജീവിതവും യേശു എന്തു ചെയ്യുമായിരുന്നു എന്ന അടിസ്ഥാനത്തിൽ ചെലവഴിക്കാൻ തയ്യാറാകുമോ? ഇന്നും യേശു ഉണ്ടായിരുന്നെങ്കിൽ ശിഷ്യത്വത്തിന്റെ പ്രമാണങ്ങൾ അതു തന്നെ ആയിരിക്കുമായിരുന്നില്ലേ? യേശു ആയിരുന്നെങ്കിൽ സഭാംഗങ്ങളിൽ പലരും പിൻതുടരുന്ന പലകാര്യങ്ങളും ചെയ്യുമായിരുന്നോ? മദ്യശാലകൾക്കു തങ്ങളുടെ കെട്ടിടം ഉയർന്ന വാടകയ്ക്ക് നൽകുമായിരുന്നോ? വൃത്തിയോ ശുചിത്വമോ പാലിക്കാൻ കഴിയാത്ത ഇടുങ്ങിയ പാർപ്പിടങ്ങളുണ്ടാക്കി കൂടുതൽ പണമുണ്ടാക്കുമായിരുന്നോ?

തൊഴിലില്ലാത്തവരുടെ കാര്യത്തിൽ യേശു എന്തു ചെയ്യുമായിരുന്നു? ഒരു ജോലിക്കു വേണ്ടി അലഞ്ഞു തിരിഞ്ഞ് സഭയോടും ദൈവത്തോടുമൊക്കെ പ്രതിഷേധവും നിർമ്മമതയും കൊണ്ട് ഉള്ളു മടുത്ത് കടുത്ത് ജീവിതം തന്നെ കയ്പായിത്തീർന്നു. വല്ലപ്പോഴും കിട്ടുന്ന ഒരു പണിയുടെ വരുമാനം കൊണ്ടു വാങ്ങുന്ന ആർക്കും തികയാത്ത ഭക്ഷണം തന്നെ കയ്പായിത്തീരുന്ന, ആശ നശിച്ചവരുടെ കാര്യത്തിൽ യേശു എന്തു ചെയ്യുമായിരുന്നു? ഇതൊന്നും എന്റെ പ്രശ്നമല്ല എന്ന് പറഞ്ഞൊഴിയുമായിരുന്നോ? ഇതൊന്നും ഈ പാപലോകത്തിൽ നിന്നും നീക്കാൻ കഴിയില്ല എന്ന ഒഴികഴിവു പറഞ്ഞു ആശ്വസിക്കുമായിരുന്നോ?

ധനത്തിന്റെ പിന്നാലെ അതിവേഗത്തിൽ പായുന്ന ഈ പുതിയ സംസ്കാരത്തിന്റെ നടുവിൽ യേശു എന്തു ചെയ്യുമായിരുന്നു? തങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ മതിയായ വരുമാനം ലഭിക്കാത്തതു മൂലം ജീവിതാവശ്യങ്ങൾ നിറവേറ്റാൻ നടത്തുന്ന കണക്കുകൂട്ടലുകളിൽ കണക്കു പിഴയ്ക്കുന്ന, ദ്രുതതാളത്തിൽ താളം പിഴയ്ക്കുന്ന പെൺകുട്ടികളുടെ കാര്യത്തിൽ എന്തു ചെയ്യുമായിരുന്നു. ഇന്നത്തെ വ്യവസായ ലോകത്തിൽ യേശു അതിൽ നിന്നു മാറി നടക്കുമാ





യിരുന്നോ?

ഈ സമൂഹത്തിലും ത്യാഗം തന്നെയല്ലേ യേശു ആവശ്യപ്പെടുന്നത്. സഭ അതിന്റെ വരുമാനത്തിന്റെ തുച്ഛമായ ഒരംശം കൊണ്ടു നടത്തുന്ന മിഷനുകൾ ഒരു ത്യാഗമാണോ? കോടീശ്വരന്മാരായ വ്യവസായികൾ, പ്രഭുക്കന്മാർ പതിനായിരങ്ങൾ നൽകുന്നത് ഒരു ത്യാഗമാണോ? ശിഷ്യത്വമാണോ? സ്വാർത്ഥതയെ വെടിയാൻ സഭാംഗങ്ങൾ തയ്യാറാണോ? പാട്ടിലും പ്രസംഗത്തിലും മാത്രമാണ് സഭയുടെ ക്രൂശും ത്യാഗവുമെങ്കിൽ അതിനു ക്രിസ്തുവുമായുള്ള ബന്ധം എന്താണ്? നാം ക്രിസ്തുവിൽ നിന്നും എത്ര കാതം അകലെയാണ്? നമ്മുടെ ഭാരം പേറി കണ്ണുനീരും വിയർപ്പും ചോരയും ഒഴുക്കി കിതപ്പും തേങ്ങലുമായി മനുഷ്യന്റെ വഴിയിലൂടെ നടന്ന യേശുവിന്റെ പാതകളിലൂടെ ആ കാൽച്ചുവടുകളെ അനുഗമിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. “എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?” എന്ന നിലവിളി ഉയർന്നത് ആ ക്രൂശിലാണ്.

നമ്മുടെ ശിഷ്യത്വത്തെ ഒന്നു പുനഃപ്രതിഷ്ഠിക്കാൻ നാം തയ്യാറാവുമോ? നമ്മുടെ നിലവിലുള്ള നിർവ്വചനം ഒന്നു പുനഃപരിശോധിക്കാൻ നാം തയ്യാറാവുമോ? ഒരു ക്രിസ്ത്യാനിയെന്നാൽ യേശുവിനെപ്പോലെയാവുക എന്നാണ്. അവിടുത്തെ വഴികളിൽ നടക്കുകയും അവിടുന്നു ചെയ്തതുപോലെ ചെയ്കയും ചെയ്യുന്നതാണ്.

മാക്സ്വെൽ തന്റെ പ്രസംഗം അവസാനിപ്പിച്ചു ശ്രോതാക്കളുടെ നേരേ നോക്കി. പ്രസംഗകൻ തന്നെ തങ്ങളെ വിളിച്ച് യേശുവിനെ അനുഗമിക്കുവാനുള്ള പന്ഥാവിലേക്കു അയയ്ക്കും എന്നു അവർ പ്രതീക്ഷിച്ചു. അത്തരം കാര്യങ്ങളൊന്നും മാക്സ്വെൽ ചെയ്തില്ല. പ്രസംഗിച്ചിട്ട് പ്രതികരണത്തിനു കാത്തിരിക്കാനായിരുന്നു അദ്ദേഹത്തിനു ലഭിച്ച പ്രേരണ. അദ്ദേഹം പ്രാർത്ഥിച്ചു യോഗം അവസാനിപ്പിച്ചു.

ധാരാളം സ്ത്രീ പുരുഷന്മാർ മുമ്പോട്ടു കടന്നു വന്ന് പ്രതിജ്ഞയെടുക്കാനുള്ള തങ്ങളുടെ താത്പര്യം അറിയിച്ചു. അതു സ്വമേധയായുള്ള തീരുമാനങ്ങളായിരുന്നു. അദ്ദേഹം പ്രാർത്ഥിച്ചതും അതു തന്നെയായിരുന്നു. അങ്ങനെയുള്ളവർ ഒരു പ്രാർത്ഥനാ യോഗത്തിനായി വീണ്ടും സമ്മേളിച്ചു. അവിടെ വലിയ ആത്മപ്പകർച്ചയുണ്ടാവുകയും പരിശുദ്ധാത്മാവിന്റെ ശക്തമായ വ്യാപാരം ഏവർക്കും അനുഭവമായിത്തീരുകയും ചെയ്തു. വളരെ വൈകിയാണ് അദ്ദേഹം യോഗത്തിൽ നിന്നും പോയത്. ആ സഭയുടെയും മാക്സ്വെല്ലിന്റെയും ചരിത്രത്തിൽ അതൊരു നാഴികക്കല്ലായിരുന്നു. അദ്ദേഹം കൂടുതൽ നുറുക്കമുള്ളവനും ക്രൂശ് വഹിക്കുന്നവനുമായിത്തീർന്നു. തിരികെ റെയ്മണ്ടിലെത്തിയ മാക്സ്വെൽ യേശുവിനെപ്പോലെ അധികം ലാളിത്യവും സൗമ്യതയും താഴ്മയുമുള്ളവനായിത്തീർന്നു.

റെയ്ച്ചൽ വിൻസ്ലോയും റോളിൻ പേജും വിവാഹിതരായി. റേച്ചലും റോളിനും വെർജീനിയയും തങ്ങളുടെ സ്നേഹകാരുണ്യസ്പർശം കൊണ്ട് അനേകരെ കർത്താവിലേക്കു നടത്തി. റെയ്ച്ചലിന്റെ ശബ്ദവും വെർജീനിയയുടെയും റോളിന്റെയും സമ്പത്തും തങ്ങളുടെ യജമാനന് ഉപയോഗിക്കാൻ കഴിയുംവണ്ണം അധികം സമർപ്പിതമായി.

തന്റെ അറിവും സ്വാധീനവും കർത്താവിനു നൽകുക വഴി പ്രസിഡന്റ് വാർഷിന് അനേകരെ ഇരുളിന്റെ ആധിപത്യത്തിൽ നിന്നു മോചിപ്പിക്കുവാൻ കഴിഞ്ഞു.

അലക്സാണ്ടർ പവേഴ്സ് തന്റെ കുടുംബബന്ധങ്ങളിൽ വലിയ

വിള്ളലും കയ്പുമുണ്ടായെങ്കിലും തന്റെ ജീവിതം നാഥനു സമർപ്പിക്കുക വഴി തനിക്കുണ്ടായ സ്ഥാന ധനനഷ്ടങ്ങളിലൂടെ കർത്താവിനെ മഹത്വപ്പെടുത്തുന്ന ഒരു ജീവിതത്തിനുടമയായിത്തീർന്നു.

വലിയ തകർച്ചയും പരാജയവും നേരിട്ടെങ്കിലും ഒരു ബിസിനസുകാരൻ എന്ന നിലയിൽ യേശു എന്തു ചെയ്യുമായിരുന്നു എന്ന് മിൽട്ടൺ റൈറ്റ് കാണച്ചു കൊടുത്തു.

എഡ്‌വാർഡ് നോർമൽ വെർജീനിയ നൽകിയ ധനമുപയോഗിച്ചു ഒരു നല്ല പത്രത്തിന് സമൂഹത്തെ എങ്ങനെ നല്ല കാര്യങ്ങൾക്കു വേണ്ടി സ്വാധീനിക്കാൻ കഴിയുമെന്നും രാഷ്ട്രനിർമ്മാണത്തിലും ഭരണ നയങ്ങളിൽ മാറ്റങ്ങളുണ്ടാക്കാനും ഒക്കെ എങ്ങനെ പങ്കാളിത്തവും സ്വാധീനവും ചെലുത്താൻ കഴിയുമെന്നും കാട്ടി.

ജാസ്പർ ചേസ് കർത്താവിനെ തള്ളിപ്പറഞ്ഞ് ദോഷൈകദൃക്കായി തണുത്ത ഹൃദയത്തിനുടമയായിത്തീർന്നു. കുറ്റപ്പെടുത്തുന്ന മനസ്സാക്ഷി അയാളെ അലട്ടിക്കൊണ്ടിരുന്നു.

വലിയ ഒരു ധനികനെ വിവാഹം കഴിക്കാനും അയാളുടെ സമൃദ്ധി അനുഭവിക്കാനുമാഗ്രഹിച്ച റോസ് സ്റ്റെർലിംഗ് തന്നെക്കാൾ വളരെ പ്രായമുള്ള ഒരു ധനികനെ വിവാഹം കഴിച്ചു. പക്ഷേ ജീവിതത്തിന് സ്നേഹമോ ഊഷ്മളതയോ ഇല്ലാതായി.

ഫെലീഷ്യയും സ്റ്റീഫൻ ക്ലൈഡും തമ്മിൽ വിവാഹിതരായി. സൗരഭ്യം നിറഞ്ഞ, ക്ലേശം സഹിക്കുന്ന, ഒന്നിച്ചു നില്ക്കുന്ന, മാധുര്യമുള്ള ഒരു കുടുംബ ജീവിതത്തിനുടമകളായി. അനേകം ജീവിതങ്ങൾക്ക് തങ്ങളുടെ വേദനയിലും കയ്പിലും ആശ്വാസത്തിന്റെ സ്നേഹത്തിന്റെ പ്രത്യാശയുടെ തെളിനീരിറ്റിക്കാൻ പ്രാപ്തരായി.

ഡോ. ബ്രൂസും ബിഷോപ്പും തങ്ങളുടെ പ്രവർത്തനങ്ങളുമായി യേശു ആയിരുന്നെങ്കിൽ എന്ത് എന്ന ചോദ്യവുമായി ധീരമായി മുന്നേറി.

ബേൺസും തന്റെ സുഹൃത്തും അതുപോലെയുള്ള നിരവധി ജീവിതങ്ങളും മോചനത്തിന്റെയും വീണ്ടെടുപ്പിന്റെയും ശക്തിയനുഭവിച്ച് ദൈവകൃപയിൽ തങ്ങളുടെ ജീവിതം അർപ്പിച്ചു മുന്നേറി.

ഇതെല്ലാം ഹെൻറി മാക്സ്‌വെൽ കണ്ടറിഞ്ഞു. റെയ്മണ്ടിലെ ഒരു എളിയ പ്രതിജ്ഞയുടെയും ധീരമായ നിലപാടുകളുടെയും അനന്തരഫലം.

അദ്ദേഹം പ്രാർത്ഥനയ്ക്കായി മുട്ടുകുത്തി. ഒരു ദർശനം അദ്ദേഹത്തിനു മുമ്പിൽ തെളിഞ്ഞു. രാജ്യത്തുടനീളമുള്ള സഭകൾ ശിഷ്യത്വത്തിനുള്ള ആഹ്വാനം ഏറ്റെടുക്കുന്നതും കഷ്ടതയുടെയും നഷ്ടത്തിന്റെയും സ്വയത്യാഗത്തിന്റെയും വഴിയിൽ യുവാക്കൾ സന്തോഷം കണ്ടെത്തുന്നതും അദ്ദേഹം കണ്ടു. ദൂത സംഘം ഗാനാലാപനം ചെയ്യുന്നതും താനും സഹപ്രവർത്തകരും വിളിക്കപ്പെടുന്നതും അദ്ദേഹം കണ്ടു. ഒരു നീണ്ട കോണിപ്പടിയുടെ ഇങ്ങേത്തലയ്ക്കൽ നിന്നുകൊണ്ടു ക്രിസ്തീയ ലോകത്തിന്റെ രൂപാന്തരത്തിനുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു.

സ്വർഗ്ഗീയ ദർശനത്തിന്റെ മുമ്പിൽ നിന്നും ഭക്ത്യാദരവുകളോടെ അദ്ദേഹം എണീറ്റു. യേശുവിനോടൊത്തു ചേർന്നു കൈപിടിച്ചു നടക്കുന്ന ഒരു ശിഷ്യന്റെ വിശ്വാസത്തോടെയും സ്നേഹത്തോടെയും അദ്ദേഹം ഉറങ്ങാൻ കിടന്നു. കറയും ചുളുക്കവും വാട്ടവും മാലിന്യവുമൊന്നുമില്ലാതെയുള്ള സഭ തന്റെ മുമ്പിൽ തെളിഞ്ഞു നിന്നു.

(***അവസാനിച്ചു***)





# ഒറീസയിൽ വീണ്ടും കൂട്ടക്കൊല


ഭുവനേശ്വർ: ഒറീസയിൽ ക്രൈസ്തവർക്കു നേരെ വീണ്ടും വ്യാപകമായ അക്രമം. വിഎച്ച്പി നേതാവ് സ്വാമി ലക്ഷണാനന്ദസരസ്വതിയും നാല് അനുയായികളും മാവോയിസ്റ്റുകളുടെ വെടിയേറ്റു മരിച്ചതിനെത്തുടർന്ന് പൊട്ടിപ്പുറപ്പെട്ട സംഘർഷം ക്രിസ്ത്യാനികൾക്കു നേരെ തിരിയുകയാണുണ്ടായത്. പ്രേഷിത പ്രവർത്തകർക്കും പ്രാർത്ഥ നാലയങ്ങൾക്കും വാഹനങ്ങ ൾക്കും നേരേ അക്രമം അഴിച്ചുവിടുകയായിരുന്നു. ഒറീസയിൽ കഴിഞ്ഞ ഡിസംബറിലേതിനേക്കാൾ ഭീകരമായ സ്ഥിതിയാണെന്നും സ്വാമിയുടെ മരണത്തിന്റെ മറവിൽ നിരപരാധികളായ ക്രിസ്ത്യാനികളെ കൂട്ടക്കൊല ചെയ്യുകയാണുണ്ടായതെന്നും കട്ടക്-ഭുവനേശ്വർ ആർച്ച് ബിഷപ്പ് ഡോ.റാഫേൽ ചീനാത്ത് പ്രസ്താവിച്ചു.



## ആത്മഹത്യ: കേരളം ഒന്നാമത്

തിരുവനന്തപുരം: കേരളം ഇന്ത്യയിലെ 'ആത്മഹത്യാബൽറ്റ്' ആയിത്തുടരുന്നു. ഇന്ത്യയിൽ ഒരു ലക്ഷത്തിൽ 16 പേർ ആത്മഹത്യ ചെയ്യുമ്പോൾ കേരളത്തിൽ അതു 32 പേരാണ്. ഇതിൽ തന്നെ വയനാട്, ഇടുക്കി ജില്ലകളാണു മുമ്പിൽ നില്ക്കുന്നതെന്നു കണക്കുകൾ കാണിക്കുന്നു. മാനസികരോഗവും ചികിത്സിക്കാതിരുന്നാൽ ആത്മഹത്യയിലേക്കു നയിച്ചേക്കുമത്രെ. ലോകാരാഗ്യസംഘടനയുടെ കണക്കനുസരിച്ച് പത്തുപേരിൽ ഒരാൾ ക്കു വീതം ഏതെങ്കിലും മനോരോഗലക്ഷണങ്ങളുണ്ട്. എന്നാൽ ജീവിതസാഹചര്യങ്ങളോട് ഇണങ്ങിക്കഴിയാനും പ്രശ്നങ്ങളെ അതിജീവിക്കാനും സാധിക്കാതെ വരുമ്പോഴാണ് മനോരോഗതീവ്രതയിലേക്ക് ഒരുവൻ എത്തിച്ചേരുന്നത്. ഇത് ആക്രമണസ്വഭാവത്തിലേക്കോ ആത്മഹത്യയിലേക്കോ നയിച്ചേക്കാം. ആത്മഹത്യ, മനോരോഗചികിത്സ എന്നിവയ്ക്കുള്ള വ്യാപകമായ ബോധവൽക്കരണത്തിന്റെ ആവശ്യകതയിലേക്കാണ് ഈ കണക്കുകൾ വിരൽചൂണ്ടുന്നത്.

## രക്ഷാവിമാനം....




*നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു.* (സങ്കീ. 89:14)